·2
2

CMI LIBRARY
NO. ... ... ... ... ... ... ...
ALWAYE-S.A.M-KERALA
CHAVARA CHILDREN'S LIBRARY
ST. ANTONY'S MONASTERY
ALWAYE

CHAVARA CHILDREN'S LIBRARY
ST. ANTONY'S MONASTERY
170
ALWAYE

CARMEL LIBRARY
NO. 1951
ALWAYE-S.A.M.-KERALA

# ഈശ്വരനുണ്ടെങ്കിൽ

# EESWARANUNTENKIL

Dr. Alexis Carrel

Translator
A. Adappur

Published by Jacob Manjuran

DISTRIBUTORS
CURRENT BOOKS, TRICHUR.

1—50

# ഈശ്വരനുണ്ടെങ്കിൽ

CHAVARA CHILDREN'S LIBRARY
237
ST. ANTONY'S MONASTERY
ALWAYE

**ഡോ: അലെക്സിസ് കാരെൽ**

CARMEL LIBRARY
NO. 1951
ALWAYE-S.A.P.-KERALA.

പരിഭാഷകൻ

**എ. അടപ്പൂർ**

ACHARYA PAL... JEEVAN KENDRAM
LIBRARY
237

---

വിതരണക്കാർ

**കറന്റ് ബുക്സ്, തൃശൂർ.**

**1—50**

First Impression

1000 Copies, June 1958

248.2
CAR

Cover: SANKAR BLOCKS CO.

Cover Ptg: ORIENTAL PRINTERS.

(RIGHTS RESERVED)

Printed at: KERALA PRINTERS, TRICHUR.

# ഇതിനുള്ളിൽ

ആരാണ്‌ ഈ ഡോക്ടർ അലെക്സിസ്‌ കാരെൽ

രോഗികളുടെ തീവണ്ടി

ഈശ്വരനുണ്ടെങ്കിൽ

ഉയിർത്തെഴുന്നേല്പ്‌

നിന്നിൽ ഞാൻ വിശ്വസിക്കുന്നു

PALA
LIBR
KENDRAM

# ആരാണു്

# ഈ ഡോക്ടർ അലെക്സിസ് കാരെൽ

നോബൽസ്സമ്മാനവിജയി; "അജ്ഞാതനായ മനുഷ്യൻ" (Man the unknown) എന്ന മഹാഗ്രന്ഥത്തിൻെറ കത്താവ്, വൈദ്യശാസ്ത്രത്തിൽ പല വലിയ കണ്ടുപിടുത്തങ്ങളുടേയും കാരണഭൂതൻ, രണ്ടു ലോകമഹായുദ്ധങ്ങളിൽ ബഹുസഹസ്രം യോദ്ധാക്കളുടെ ജീവൻ രക്ഷിച്ച പ്രശസ്ത ചികിത്സകൻ, ശാസ്ത്രലോകത്തിൽ സവ്വരാലും ആദരിക്കപ്പെട്ടുന്ന ഒരുജ്ജ്വലധിഷണാശാലി —ഇങ്ങനെ നീണ്ടുനീണ്ടുപോകും അലെക്സിസ് കാരെലിൻെറ സവിശേഷതകൾ. "ഉത്തേജകവും അചുംബിതവു"മെന്നാണു് പ്രൊഫസ്സർ ജൂലിയൻ ഹക്സ്ലി "അജ്ഞാതനായ മനുഷ്യ"നെ വിശേഷിപ്പിച്ചതു്. ഇംഗ്ലണ്ടിലും അമേരിക്കയിലും വലിയ വിജയമായിരുന്നു ആ ഗ്രന്ഥം. മൂലകൃതി പുറത്തായിട്ടു് പതിനഞ്ചു കൊല്ലം തികയുന്നതിനുള്ളിൽ ജമ്മൻ, ഫ്രഞ്ചു്, ചെക്കു്, ഇററാലി

*2

യൻ, സ്പാനിഷ്, ഡാനിഷ്, സ്വീഡിഷ്, പോളിഷ്, ഹംഗേറിയൻ തുടങ്ങി പതിനെട്ട് ഭാഷകളിലേക്ക് അതു് തർജ്ജമ ചെയ്യപ്പെട്ടു.

സാഹിത്യകാരന്മാരുടേയും ശാസ്ത്രവിത്തുക്കളുടേയും സാമൂഹ്യപ്രവർത്തകരുടേയും തത്വചിന്തകന്മാരുടേയും — എന്നുവേണ്ട ജീവിതത്തിൻെറ വിവിധമണ്ഡലങ്ങളിൽ വർത്തിക്കുന്ന എല്ലാതരക്കാരുടേയും — പ്രശംസയ്ക്കു് പാത്രമായ ഒരു ഗ്രന്ഥമാണ് "അജ്ഞാതമനുഷ്യൻ." ലോകമാകെയുള്ള ശാസ്ത്രഗവേഷകന്മാരുടെ അനുഭവജ്ഞാനവും ചിന്തകന്മാരുടെ അന്തർവീക്ഷണങ്ങളും ആധുനികശാസ്ത്രത്തിൻെറ വിഭിന്നശാഖകളിൽനിന്നു കാരെലിനു് നേരിട്ടു് ലഭിച്ച അപാരമായ അറിവും ഈ ഗ്രന്ഥത്തിൽ സമ്മേളിക്കുന്നുണ്ട്.

## വെറും ശാസ്ത്രജ്ഞൻ

ശാസ്ത്രപുരോഗതിയുടെ വമ്പിച്ച നേട്ടങ്ങൾ അദ്ദേഹത്തിൻെറ മനസ്സിന്നു സംതൃപ്തിയരുളി. അവയുടെ മനുഷ്യസേവനവ്യാപ്തി വർദ്ധിപ്പിക്കുവാൻ അദ്ദേഹം തൻെറ സകല കഴിവുകളും ഉഴിഞ്ഞുവെച്ചു "അജ്ഞാതനായ മനുഷ്യ"ൻെറ മുഖവുരയിൽ കാരെൽ നല്കുന്ന മനോഹരമായ ആത്മചിത്രണം നോക്കുക: "ഈ ഗ്രന്ഥത്തിൻെറ കർത്താവ് ദാർശിനികനല്ല. വെറുമൊരു ശാസ്ത്രജ്ഞൻമാത്രം. ഒരു പരീക്ഷണശാലയിൽ ജീവവസ്തുക്കളെ പഠിയ്ക്കാനായി മുഖ്യസമയവും അദ്ദേഹം ചിലവഴിയ്ക്കുന്നു. ബാക്കിസമയം മനുഷ്യജീവികളെ നിരീക്ഷിക്കുന്നതിലും അവരെ പഠിക്കുവാനുള്ള ഉദ്യമത്തിലും വ്യയം ചെയ്യപ്പെടുന്നു. ശാസ്ത്രനിരീക്ഷണമണ്ഡലത്തിൻെറ പരിധികൾക്കപ്പുറത്തുള്ള വിഷയങ്ങളെപ്പററി പ്രതിപാദിക്കുവാൻ അദ്ദേഹം ഭാവിയ്ക്കുന്നില്ല. ദേശകാലാന്തരങ്ങളിലെ നിരീക്ഷണങ്ങളുടേയും അനുഭൂതികളുടേയും ആകത്തുകയായി മനുഷ്യനെ അദ്ദേഹം ഗണിക്കുന്നു. ഗ്രന്ഥത്തിൽ വിവരിക്കുന്നതെല്ലാം

അദ്ദേഹം സ്വന്തം കണ്ണുകാംകൊണ്ടു് കണ്ടതോ, സ്വപ്രവർത്തക രിൽനിന്നു നേരിട്ടറിഞ്ഞതോ ആണു്....മിസ്സൂവാറം എല്ലാത്തര ത്തിലുള്ള മനുഷ്യപ്രവർത്തനങ്ങളും അദ്ദേഹം പഠിച്ചിട്ടുണ്ടു്. പാവ ങ്ങാം, കുബേരന്മാർ, രോഗികാം, പണ്ഡിതന്മാർ, പാമരന്മാർ, ദുർബ്ബലമാനസന്മാർ, ഭ്രാന്തന്മാർ, പ്രതിഭാശാലികാം, അക്രമികാം തുടങ്ങി എല്ലാത്തരക്കാരും അദ്ദേഹത്തിന്റെ പരിചയത്തിൽപ്പെ ട്ടം കഷികരേയും തൊഴിലാളികളേയും ഉല്പാദകരേയും രാഷ്ട്രീയ പ്രവർത്തകരേയും രാജ്യതന്ത്രജ്ഞന്മാരേയും പട്ടാളക്കാരേയും വിദ്വാ ന്മാരേയും അദ്ധ്യാപകന്മാരേയും പുരോഹിതന്മാരേയും ഗ്രാമീണ രേയും ഇടത്തരക്കാരേയും പ്രഭുക്കന്മാരേയും അദ്ദേഹത്തിന്നറിയാം. ജീവിതസാഹചര്യങ്ങാം അദ്ദേഹത്തെ തത്വജ്ഞാനികളുടേയും കലാകാരന്മാരുടേയും കവികളുടേയും ശാസ്ത്രജ്ഞന്മാരുടേയും വഴി യിലൂടെ നയിച്ചിട്ടുണ്ടു്. അതുപോലെതന്നെ പ്രതിഭാവിഹീനന്മാ രേയും ധീരോദാത്തരേയും പുണ്യവാളന്മാരേയും അദ്ദേഹം കണ്ടു മുട്ടിയിട്ടുണ്ടു്. അതേസമയം ആവയവികവും മാനസികവുമായ പ്രതിഭാസങ്ങളുടെ പ്രഭവസ്ഥാനമായ പേശി (Tissues) കളുടെ അഗാധതയിലും തലച്ചോറിന്റെ അപാരതയിലും ഒളിഞ്ഞുകിട ക്കുന്ന ജീവയന്ത്രങ്ങളേയും അദ്ദേഹം പഠിച്ചിട്ടുണ്ടു്.

ഇത്തരം ബ്രഹ്മാണ്ഡദൃശ്യങ്ങാം കാണാൻ കഴിഞ്ഞതിന്നു് ആധുനികശാസ്ത്രത്തിന്റെ സാങ്കേതികസാദ്ധ്യതകളോടാന്നു് അ ദ്ദേഹം കടപ്പെട്ടിരിക്കുന്നതു്. ഇവയുടെ സഹായത്താൽ പല വിഷയങ്ങളിലും ഒരേസമയം ശ്രദ്ധ ചെലുത്തുവാൻ അദ്ദേഹത്തി ന്നു് കഴിഞ്ഞു....വൈദ്യശാസ്ത്രഗവേഷണത്തിന്നുള്ള റോക്കു്ഫെല്ലർ ഇൻസ്റ്റിററ്യൂട്ടിൽ അധികസമയം ചെലവഴിക്കുവാനുള്ള ഭാഗ്യവും അദ്ദേഹത്തിന്നുണ്ടായി. സൈമൺ ഫ്ലെക്സ്നർ അവിടെ ക്ഷണി ച്ചുവരുത്തിയ ശാസ്ത്രജ്ഞന്മാരിൽ ഒരാളായിരുന്നു അദ്ദേഹം. നിസ്തു ലധിഷണാശാലികളായ മെൽററ്സർ, ജാക്കുലബ്, നൊഗ്ഗുച്ചി തുടങ്ങിയ വിദഗ്ദ്ധന്മാർ ജീവിതപ്രതിഭാസങ്ങളെ അപഗ്രഥിയ്ക്കു ന്നതു് അദ്ദേഹം കണ്ടിട്ടുണ്ടു്.''

## ശസ്ത്രക്രിയാപാടവം

തടിച്ചുരുണ്ട ശരീരം, വട്ടമുഖം, സമീപസ്ഥരിലേക്ക് ചുഴിഞ്ഞിറങ്ങുന്ന നോട്ടം, എപ്പോഴുമെന്നോണം തലയിലണിഞ്ഞിരിക്കുന്ന തൊപ്പി—തീൻ, കാരെലിൻെറ ബാഹ്യവണ്ണന. ആന്തരീകശക്തിയുടേയും ബുദ്ധികൂമ്മതയുടേയും മികച്ച ആത്മവിശ്വാസത്തിൻേറയും ലക്ഷണങ്ങാം അദ്ദേഹത്തിൻെറ നടപ്പിലും എടുപ്പിലും സവ്വദാ നിഴലിച്ചുകണ്ടു. തൊപ്പി ധരിക്കാത്ത ചുരുക്കം ചില അവസരങ്ങളിൽ ഉയൻ ആ കഷണ്ടിത്തല കൂടെക്കൂടെ തലോടുന്ന പതിവ് ഡോക്ടർ കാരേലിൻെറ ഒരു സവിശേഷതയായി സുഹൃത്തുക്കാം എടുത്തുപറയാറുണ്ട്. കൈവിരലുകാംകൊണ്ട് ഏററവും അത്ഭുതാവഹമായ പ്രവൃത്തികാം ചെയ്യുവാനുള്ള പ്രാവീണ്യം നിരന്തരപരിശ്രമംവഴി അദ്ദേഹം സമ്പാദിച്ചിരുന്നു. ഒരൊററ സിഗരററകടലാസ്സിൽ അഞ്ഞൂറിലധികം കെട്ടുകാം തുന്നിപ്പിടിപ്പിച്ചു കാരെൽ സഹപാഠികളെ അമ്പരപ്പിച്ചിട്ടുണ്ട്. പരീക്ഷണമൃഗങ്ങളുടെമേൽ അദ്ദേഹം ക്ലേശകരങ്ങളായ ശസ്ത്രക്രിയകാം നടത്തുന്നത് കാണുക അവിസ്മരണീയമായ ഒരനുഭവമായിരുന്നുവത്രേ. യൂറോപ്പിലേയും അമേരിക്കയിലേയും പ്രശസ്തഗവേഷണശാലകളിൽ കാരലിനോടുകൂടി ജോലി ചെയ്തിട്ടുള്ള മദാം മേരി ദുനൂയി പറയുന്നതു് കോംക്കുക: “സാഹസികത തുളുമ്പുന്ന ഒരു കുതിരപ്പന്തയമോ വിഷമംപിടിച്ച സക്കസ്സഭ്യാസമോ നോക്കിനില്ക്കുമ്പോാം നമ്മിലുളവാകുന്ന കോരിത്തരിപ്പുണ്ടല്ലോ, അതുതന്നെയാണ് ഡോക്ടർ കാരെലിൻെറ ശസ്ത്രക്രിയകാം പ്രേക്ഷകരിൽ ജനിപ്പിച്ചതു്.”

ആദ്യമായി കണ്ടുമുട്ടുന്ന പലരുമായി അദ്ദേഹം ദീഘനേരം നമ്മസംഭാഷണത്തിൽ ഏപ്പെട്ടിരുന്നു. അവരുടെ അന്തരാത്മാവിലൂടെ കടന്നുപോകുന്ന ചിന്തകളും അഭിലാഷങ്ങളും ആശങ്കകളും എല്ലാം ആ സല്ലാപവേളയിൽ ചച്ചചെയ്യപ്പെടും. പക്ഷേ ഒരാളിൽനിന്നു ആവശ്യമുള്ളതൊക്കെ അറിഞ്ഞുകഴിഞ്ഞാൽ കാ

രെൽ പിന്നെ ആ മനുഷ്യനെപ്പററി ശ്രദ്ധിച്ചിരുന്നില്ല. ചുരുക്കം ചില അനുഗൃഹീതവ്യക്തികൾക്ക മാത്രമേ അദ്ദേഹത്തിൻെറ ശാശ്വതസൌഹൃദം അനുഭവിയ്ക്കാനുള്ള അമൂല്യഭാഗ്യം ലഭിച്ചിട്ടുള്ളു. മററുള്ളവരുമായി പലപ്പോഴും അദ്ദേഹം സ്വീകരിച്ചിരുന്ന നിലപാട്ട് ഒരു ശാസ്ത്രഗവേഷകൻേറതായിരുന്നു. ഇപ്പരമാൎത്ഥം അറിയാത്ത പലരും കാരെൽ തങ്ങളെ മറന്നുകളയുന്നതുകണ്ടു് ആശ്ചൎയ്യവും നിരാശതയും പ്രകടിപ്പിച്ചിട്ടുണ്ടു്. ഏതായാലും അദ്ദേഹവുമായി പരിചയപ്പെടുന്നത് ഒരു മഹാഭാഗ്യമായി എല്ലാവരും കരുതി. അത്രയ്ക്കു് ഹൃദയഹാരിയായിരുന്നു അദ്ദേഹത്തിൻെറ വ്യക്തിവിലാസം.

## വിദ്യാഭ്യാസം

ഫ്രാൻസിലെ ഒരു പ്രമുഖപട്ടുവ്യാപാരിയായിരുന്നു കാറലിൻെറ പിതാവ്. 1877ൽ കുട്ടിയ്ക്കു് നാലുവയസ്സ് പ്രായമായപ്പോൾ അച്ഛൻ മരിച്ചുപോയി പിന്നീടു് അമ്മയുടെ സംരക്ഷണത്തിൽ അലെക്സിസ്, ജോസഫ്, മാർഗരററ് എന്ന മൂന്നു ശിശുക്കൾ വളൎന്നു. ധനസമൃദ്ധിയിൽ കഴിഞ്ഞുകൂടിയ ആ കൊച്ചുകുടുംബത്തിന്നു ജീവിതം ക്ലേശകരമായിരുന്നില്ല. ഒരു ജസ്വിററ് വിദ്യാലയത്തിൽ ചേൎന്നു് പ്രാരംഭപാഠം പൂൎത്തിയാക്കിയ ശേഷം അലെക്സിസ്കാരെൽ ലയൺസ് സൎവ്വകലാശാലയിൽ പ്രവേശിച്ചു, വൈദ്യശാസ്ത്രത്തിൽ ഒരുന്നതബിരുദമെടുക്കാൻ അദ്ധ്യയനത്തിൽ അദ്ദേഹം പ്രകടിപ്പിച്ച ബുദ്ധിസാമൎത്ഥ്യവും നിരീക്ഷണപാടവും അസാധാരണമായിരുന്നു. "കാരെലിൻെറ തലയ്ക്കു് പിന്നിലും കണ്ണുണ്ടു്"' എന്നുപറഞ്ഞു് സുഹൃത്തുക്കൾ അദ്ദേഹത്തിൻെറ അന്യാദൃശനിരീക്ഷണചാതുരിയെ പ്രശംസിച്ചുപോന്നു. അനന്യസുലഭമായ സ്വാതന്ത്ര്യശീലവും കുശാഗ്രബുദ്ധിയും അഭിപ്രായധീരതയുമെല്ലാം ആ യുവവിദ്യാൎത്ഥിയിൽ ഇണങ്ങിച്ചേൎന്നു. ലയൺസ് സൎവ്വകലാശാലയിലെ അന്തേവാസികളിൽവെച്ച് ഏററവും തലയെടുപ്പുള്ള ബുദ്ധിജീവിയായി കാരെൽ പൊതുവെ

അംഗീകരിക്കപ്പെട്ട അദ്ദേഹത്തിന്ന് സർവ്വാധികം പ്രിയംകരമായ ജോലി ഗവേഷണമായിരുന്നു. ഗവേഷണങ്ങളിൽ കാരെലിന്ന് ലഭിച്ച അസാധാരണവിജയം അദ്ധ്യാപകന്മാക്ക് അവിശ്വാസ്യമായിത്തോന്നി. ഒരു യക്ഷികഥ പോലെ ആശ്ചര്യജനകമാണ് അദ്ദേഹത്തിൻെറ ശാസ്ത്രീയനേട്ടങ്ങൾ.

ഭൗതികമാത്രപ്രസക്തമായ ഒരന്തരീക്ഷത്തിലാണ് കാരെലിൻെറ വൈദ്യശാസ്ത്രവിജ്ഞാനം വികസ്വരമായത്. ടൈൻ, റെനാൻ, ബെത്തമോ തുടങ്ങിയ ചിന്തകന്മാരുടെ ഗ്രന്ഥങ്ങളിലൂടെ വെളിച്ചംകണ്ട ഭൗതികവിശ്വവീക്ഷണം അക്കാലത്തെ ബുദ്ധിജീവികളുടെമേൽ വമ്പിച്ച സ്വാധീനം ചെലുത്തിക്കൊണ്ടിരുന്നു. ഷാറംസ് നിക്കോറം, മക്കോം ദൂന്വയി ആദിയായ പ്രശസ്തശാസ്ത്രജ്ഞന്മാർപോലും ഈ പുതിയ ചിന്താഗതിയുടെ വേലിയേററത്തിന് വഴിപ്പെട്ടുകഴിഞ്ഞിരുന്നു. അവരോടൊപ്പം കാരെലും ഒരു തികഞ്ഞ ഭൗതികവാദിയായി മാറി. ദൈവാസ്തിത്വം, മനുഷ്യാത്മാവിൻെറ അനശ്വരത, ജീവിതത്തിലെ സദാചാരമൂല്യങ്ങൾ, ഇവയോടെല്ലാം ബന്ധപ്പെട്ട മതവിശ്വാസം—ഈവക ആശയങ്ങളും ആദർശങ്ങളുമൊന്നും നവീനശാസ്ത്രവിജ്ഞാനത്തിൻെറ വെളിച്ചത്തിൽ വിലപ്പോവുകയില്ല എന്ന നിഗമനത്തിൽ അദ്ദേഹം എത്തിച്ചേന്നു സ്വന്തം മനോമണ്ഡലത്തിൽ സംഭവിച്ച ഈ പരിവത്തനങ്ങളെപ്പററി ഡോക്ടർ കാരെൽ പിൽക്കാലത്ത് ഇങ്ങിനെ എഴുതി: “ശാസ്ത്രീയപഠനത്തിൽ മുഴുകിയ അദ്ദേഹത്തിൻെറ (കാരെലിൻെറ) മനസ്സ് വിമശനാത്മകമായ അപഗ്രഥനം (Critical analysis) എന്ന ജമ്മൻ ചിന്താഗതിയാൽ ആകഷിക്കപ്പെട്ടു. ശാസ്ത്രീയമാഗ്ഗത്തിൻെറ പരിധികൾക്കപ്പുറം യാതൊരു നിശ്ചയാത്മകതയുമില്ലെന്ന ഉറച്ച തീരുമാനത്തിൽ അദ്ദേഹം ക്രമേണ എത്തിച്ചേന്നു വിമർശനാത്മകവിശകലനത്തിൽപ്പെട്ട് അദ്ദേഹത്തിൻെറ മതബോധം അവസാനം പൂണ്ണമായി നശിച്ചുപോയി. മൃദുലമനോഹരമായ ഒരാമനക്കിനാവിൻെറ മോഹന

സ്മൃതിയായി മാത്രം അത് അദ്ദേഹത്തിൽ അവശേഷിച്ചു....ശ്രുതിപ്രാമാണ്യാധിഷ്ഠിതമായ എന്തിനേയും അദ്ദേഹം വെറുത്തു.... പ്രകൃതിയുടെ പ്രതിഭാസങ്ങഠം പഠിയ്ക്കുന്നതിൽ മാത്രമേ അദ്ദേഹത്തിൻെറ ശ്രദ്ധ പതിഞ്ഞിരുന്നുള്ളു. യുക്തിവാദം മനസ്സിനു പൂർണ്ണസംതൃപ്തിയരുളി. എന്നാൽ ഹൃദയത്തിൻെറ അഗാധതലങ്ങളിൽ ഏതോ ഒരു നിഗൂഢവേദന, വളരെ ഇടുങ്ങിയ ഒരന്തരീക്ഷം തന്നെ വീർപ്പുമുട്ടിയ്ക്കുകയാണെന്ന തോന്നൽ, നിശ്ചയാത്മകതയ്ക്കുവേണ്ടിയുള്ള അടങ്ങാത്തൊരു ദാഹം—ഒളിഞ്ഞുകിടന്നു."

## അമ്പരപ്പിച്ച ഒരനുഭവം

ഇപ്രകാരം ഭൗതികശാസ്ത്രത്തിൻെറ സ്വയംപര്യാപ്തതയിൽ പൂർണ്ണമായി വിശ്വസിച്ചുപോന്ന കാരെലിനെ ആകപ്പാടെ ഇളക്കിയ ഒരു സംഭവമുണ്ടായി, ആയിരത്തിതൊള്ളായിരത്തിരണ്ടിൽ. തികച്ചും യാദൃച്ഛികമായിരുന്നു അതു്. ഫ്രാൻസിലെ ഒരു പ്രസിദ്ധ തീർത്ഥാടനകേന്ദ്രമായ ലൂർദ്ദിൽ ഏതോ അമാനുഷികശക്തിയുടെ പ്രേരണയാൽ നിരവധി അത്ഭുതരോഗശാന്തികഠം നടക്കുന്നതായി പലരും അവകാശപ്പെട്ടു. ഈ വാർത്തകഠംക്കു് കത്തോലിക്കാമത പത്രങ്ങഠം വലിയ പ്രാധാന്യം നല്കി. തീർത്ഥാടനകേന്ദ്രത്തിലെ സ്ഥിരതാമസക്കാരനായ ഡോക്ടർ ബുവസറി, ഈ രോഗശമനങ്ങഠം ശാസ്ത്രദൃഷ്ട്യാ വിശദീകരണക്ഷമങ്ങളല്ലെന്നു കാണിച്ചു് ലേഖനങ്ങളും ഗ്രന്ഥങ്ങളും എഴുതി. പോരെങ്കിൽ എമിൽ സോള, ഹെൻറി ലാസ്സേർ, ഡിസറി തുടങ്ങിയ പ്രശസ്തവ്യക്തികളും ലൂർദ്ദ് സംഭവങ്ങളെ ഉപജീവിച്ചുള്ള റിപ്പോർട്ടുകഠം പ്രസിദ്ധപ്പെടുത്തി. പക്ഷേ, ഫ്രാൻസിൽ അന്നുണ്ടായിരുന്ന പ്രമുഖശാസ്ത്രജ്ഞന്മാരിൽ പലരും "അത്ഭുതരോഗശാന്തി" വെറും അസംബന്ധമാണെന്നു ഖണ്ഡിതമായി പറഞ്ഞു. ശാസ്ത്രനിരീക്ഷണങ്ങഠംക്കു വഴിപ്പെടാത്ത ഒരു പ്രകൃത്യതീതശക്തി—ദൈവം—ഉണ്ടെന്നു വാദിക്കുന്നതു് ബാലിശവും അന്ധവിശ്വാസവും പശ്ചാൽഗമനാത്മകവുമാണെ

ന്നു് അവർ പ്രഖ്യാപിച്ചു. ഇതായിരുന്നു പത്തൊൻപതാം നൂററാണ്ടിലെ ഔദ്യോഗിക ശാസ്ത്രീയവീക്ഷണഗതി. അലെക്സിസ്സ് കാരെൽ ഈ നവീനചിന്താരീതിയോടു് പൂർണ്ണമായി യോജിച്ചു നിന്നു. ലൂർദ്ദ്സംഭവങ്ങളെ വെറും കെട്ടുകഥകളായി അദ്ദേഹം വീക്ഷിച്ചു. എങ്കിലും അവിടത്തെ 'രോഗശാന്തികൾ'ക്കു് വൈദ്യശാസ്ത്രവുമായി പരോക്ഷമായ ബന്ധമുണ്ടെന്നു കാരെൽ വിശ്വസിച്ചു. തന്നിമിത്തം ശാസ്ത്രീയമായ ഒരന്വേഷണത്തേയും പഠനത്തേയും ലൂർദ്ദ് അർഹിക്കുന്നുണ്ടെന്നു അദ്ദേഹത്തിനു തോന്നി. അത്തരമൊരു പഠനംവഴി ഏതെങ്കിലും വഞ്ചനയോ തെററോ കണ്ടെത്തുകയാണെങ്കിൽ അക്കാര്യം പരസ്യമാക്കുന്നതു് ഒരു വമ്പിച്ച പൊതുജനസേവനമായിരിക്കുമല്ലോ—കാരെൽ പ്രത്യാശിച്ചു. വ്യക്തമായ തെളിവുകൾ കൂടാതെ "അത്ഭുതങ്ങൾ" സംഭാവ്യമെന്നോ അസംഭാവ്യമെന്നോ പറയുന്നതു് ശാസ്ത്രരീതിയ്ക്കു് നിരക്കുന്നതല്ല. "ഈശ്വരനുണ്ടെങ്കിൽ തീർച്ചയായും അത്ഭുതങ്ങൾ സാദ്ധ്യമാണു്" കാരെൽ പറഞ്ഞു. പക്ഷേ വാസ്തവത്തിൽ ഈശ്വരനുണ്ടോ? മനുഷ്യരുടെ മനോമണ്ഡലത്തിനു പുറത്തു കന്യകാമേരിയ്ക്കു് അസ്തിത്വമുണ്ടോ? ഇതെല്ലാം ഉത്തരംമുട്ടിക്കുന്ന പ്രശ്നങ്ങളായി അദ്ദേഹത്തിന്റെ മുമ്പിൽ അവശേഷിച്ചു.

ഇങ്ങിനെയിരിക്കുമ്പോൾ ഡോക്ടർ കാരെലിനു് ഒരു അഭ്യർത്ഥന കിട്ടി. ഒരു പൂർവ്വസുഹൃത്താണതു് അയച്ചതു്. ലൂർദ്ദിലേയ്ക്കുള്ള ഒരു തീർത്ഥാടകസംഘത്തെ അനുഗമിയ്ക്കാം എന്നേററിരുന്ന അദ്ദേഹത്തിന്നു അപ്രതീക്ഷിതമായ ഏതോ കാരണത്താൽ പ്രതിജ്ഞ പാലിയ്ക്കാൻ കഴിയാതെവന്നു. ആ വിടവു് നികത്തുവാൻ കാരെലിനു സന്മനസ്സുണ്ടാകുമോ എന്നു സുഹൃത്തു് ഉല്ക്കണ്ഠാപൂർവ്വം അന്വേഷിച്ചു. ധർമ്മസങ്കടത്തിൽ വീണ തന്റെ മിത്രത്തെ രക്ഷപ്പെടുത്തുവാൻവേണ്ടി തീർത്ഥാടകരോടൊപ്പം ലൂർദ്ദിലേയ്ക്കു് പോകാമെന്നു് സമ്മതിച്ചു. അങ്ങിനെ 1902ൽ ഡോക്ടർ അലെക്സിസ്സ് കാരെൽ ചരിത്രംസൃഷ്ടിച്ച ആ "ലൂർദ്ദ്‌യാത്ര" നടത്തി.

ജീവിതകാലം മുഴുവനും ക്ഷയരോഗം ബാധിച്ച് ആസന്ന മരണയായിക്കിടക്കുന്ന ഒരു പെൺകിടാവ്—മരി ഫെറാണ്ട്— ലൂർദ്ദിൽവെച്ച് കാരെലിൻെറ സനിഷ്ക്കർഷപരിശോധനയ്ക്കു് വിഷയമായി. അവൾ ജീവനോടെ വീട്ടിൽ തിരിച്ചെത്തിയാൽ അതു തന്നെ ഒരത്ഭുതമായിരിക്കുമെന്ന് അദ്ദേഹത്തിന് തോന്നി അത്രയ്ക്കു ഉല്ക്കടമായിരിക്കുന്നു അവളുടെ രോഗസ്ഥിതി. അവൾ സ്വയംപ്രാപിയ്ക്കുക തികച്ചും അസംഭവ്യമാണെന്ന് അദ്ദേഹം തീർത്തുപറഞ്ഞു. അവളുടെ ക്ഷയം മാറിക്കിട്ടുന്നെങ്കിൽ അതൊരു മഹാത്ഭുതമായിതാൻ എണ്ണുമെന്നും ഭൌതികശാസ്ത്രത്തിൻെറ സകല പിടിവാശങ്ങളേയും അതോടെ താൻ വലിച്ചെറിയുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. അതിന്നൊന്നും ഒരിക്കലും ഇടവരുകയില്ലെന്നു കാരെലിന് ഉറപ്പുണ്ടായിരുന്നു. ഉല്ക്കണ്ഠയും ആവേശവും മുററിയ നിരവധി നിമിഷങ്ങൾ മരി ഫെറാണ്ടിൻെറ രോഗസ്ഥിതി പഠിയ്ക്കുവാൻ അദ്ദേഹം വിനിയോഗിച്ചു. ഒടുവിൽ ലൂർദ്ദ്ഗ്രോട്ടോയുടെ മുമ്പിൽ പ്രാർത്ഥനാനിമഗ്നയായി ശയിച്ച ആ ആസന്നമരണയെ കാരെൽ സാകൂതം, സാനുകമ്പം, നോക്കിനിന്നു—പെട്ടെന്ന് അപ്രതീക്ഷിതമായ, അചിന്ത്യമായ, ചില വ്യതിയാനങ്ങൾ രോഗിണിയിൽ സംഭവിച്ചു. മരണയാതനയനുഭവിച്ചുകൊണ്ടിരുന്ന മരി ഫെറാണ്ട് ഡോക്ടർ കാരെലിൻെറ കൺമുമ്പിൽവെച്ചു പൂർണ്ണാരോഗ്യസ്ഥിതിയിലേയ്ക്കു പുരോഗമിച്ചു. ഒരു ദിവാസ്വപ്നമായിരുന്നില്ല ആ മാററം അനിഷേധ്യമായ ആ പരമാർത്ഥം കാരെലിൻെറ ജീവിതത്തിലെ വിധിനിർണ്ണായകമായ ഒരു സംഭവമായിരുന്നു. ഒരു പുതിയ മനുഷ്യനായിട്ടാണ് അദ്ദേഹം ലയൺസ് സർവ്വകലാശാലയിലേയ്ക്കു തിരിച്ചുപോയത്. ശാസ്ത്രജ്ഞാനത്തിൻെറ പരിമിതിയും നിഗൂഢമായൊരു പ്രകൃത്യതീതശക്തിയുടെ അസ്തിത്വവും കാരെൽ നേരിട്ടുകണ്ടു

ലയൺസ് സർവ്വകലാശാലയിൽ തിരിച്ചെത്തിയ ശേഷം ലൂർദ്ദ് സംഭവത്തെ ആധാരമാക്കി കാരെൽ പ്രബന്ധങ്ങളെഴുതി.

പ്രഫസർമാരുമായി ഈ വിഷയത്തെപ്പററി അദ്ദേഹം ചർച്ചകൾ നടത്തി. ഒരസാധാരണരോഗശാന്തിയുടെ ദൃക്സാക്ഷിയാണ് താനെന്ന പരമാർത്ഥം ആ സത്യാന്വേഷി മറച്ചുവെച്ചില്ല. പക്ഷേ സർവ്വകലാശാലയിലെ വൈദ്യശാസ്ത്രവിദഗ്ദ്ധന്മാർക്ക് കാരെലിൻെറ പെരുമാററം തീരെ ഇഷ്ടമായില്ല. തങ്ങൾ ഔദ്യോഗികമായി പുലർത്തിപ്പോരുന്ന ഭൗതികസിദ്ധാന്തങ്ങളോടുള്ള വെല്ലുവിളിയായി അവരതു വ്യാഖ്യാനിച്ചു. ആശ്ചര്യവും അമ്പരപ്പും കലർന്ന സ്വരത്തിൽ അവർ കാരെലിനോടു പറഞ്ഞു: "ഇതുപോലുള്ള ആശയങ്ങൾ വെച്ചുകൊണ്ടിരിക്കുന്നിടത്തോളംകാലം താങ്കൾക്ക് ഞങ്ങളുടെയിടയിൽ സ്ഥലമില്ല." ശാസ്ത്രഗവേഷണത്തിൽ ആത്മാർത്ഥതയും വസ്തുനിഷ്ഠതയും പാലിക്കുവാനുള്ള വ്യഗ്രതയിൽ ഡോക്ടർ കാരെലിനു സ്വന്തം ഗുരുജനങ്ങളിൽനിന്നു ലഭിച്ച ആദ്യത്തെ അടിയായിരുന്നു അതു്.

വേറൊരനുഭവംകൂടി ഉണ്ടായി അദ്ദേഹത്തിനു്. മുറിഞ്ഞുപോയ രക്തധമനികളെ യോജിപ്പിക്കുവാനുള്ള ഒരു മാർഗ്ഗം അദ്ദേഹം ആയിടയ്ക്കു് കണ്ടുപിടിച്ചു. പഴയ ചികിത്സാരീതി അനുസരിച്ച് മുറിഞ്ഞ ധമനികളിലൂടെ രക്തഗമനം പുനഃസ്ഥാപിയ്ക്കുക അസാദ്ധ്യമായിരുന്നു. നവീനസങ്കേതമുപയോഗിച്ചാൽ ഈ കുറവ് നികത്താമെന്നു കാരെൽ തെളിയിച്ചു. അസാധാരണമായ ഈ കണ്ടുപിടുത്തത്തെപ്പററി തൻെറ പരീക്ഷകരോട്ട് സംസാരിക്കുവാൻ അദ്ദേഹം ധൈര്യപ്പെട്ടു. പക്ഷേ മററുള്ളവരിൽനിന്നു പഠിയ്ക്കുക പണ്ഡിതന്മാർക്ക് അത്ര രുചികരമല്ല. ഉപജ്ഞാതാക്കളേയും മാർഗ്ഗനിർദ്ദേശകരേയും അവർ മിയ്ക്കപ്പോഴും വെറുക്കുന്നു. ശാസ്ത്രലോകത്തിൽ നവീനതാവാദിയായി തലപൊക്കിയ കാരെലിനെ ലയൺസ് സർവ്വകലാശാലയിലെ ആചാര്യന്മാർ പരീക്ഷയിൽ തോല്പിച്ചുകളഞ്ഞു. പക്ഷേ ആ അസാധാരണശിഷ്യൻ പരാജയം സമ്മതിച്ചില്ല.

## അമേരിക്കയിൽ

സ്വന്തം നാട്ടുകാരാൽ തിരസ്കൃതനായ കാരെൽ 1904ൽ പുതിയ "പച്ചപ്പുൽത്തകിടികൾ" തേടി അമേരിക്കയിലേയ്ക്കു തിരിച്ചു. ഐൻസ്റ്റെൻ, ലെഷ്ക്കാം ഭന്നുയി തുടങ്ങിയ അതുല്യധിഷണാശാലികൾക്കു രാഷ്ട്രീയാഭയവും പ്രവൎത്തനസൌകൎയ്യങ്ങളുമരുളിയ ഐക്യനാടുകൾ ഡോക്ടർ കാരെലിനെ തുറന്ന കൈകളോടെ സ്വീകരിച്ചു. വൈദ്യശാസ്ത്രഗവേഷണത്തിനുവേണ്ടി സമാരബ്ധമായ റോക്ഫെല്ലർ ഇൻസ്റ്റിററ്യൂട്ടിൻെറ ഡയാക്ടറായി അദ്ദേഹം നിയമിക്കപ്പെട്ടു. കാരെലിൻെറ സമ്പന്നപ്രതിഭയിൽനിന്നുടലെടുത്ത കണ്ടുപിടുത്തങ്ങൾ ശാസ്ത്രീയലോകത്തെ അമ്പരപ്പിച്ചു. ഒരു പൂച്ചയുടെ മൂത്രാശയം ഉപയോഗിച്ചു വേറൊരു പൂച്ച ജീവിതം തുടൎന്നു. ഒരു നായയുടെ കാലുകൊണ്ടു് വേറൊരു നായക്ക് ഓടിനടക്കാമെന്നായി. പോഷകദ്രാവകം നിറച്ച പരീക്ഷണഭരണിയിൽ ഒരു കോഴിക്കുഞ്ഞിൻെറ ഹൃദയം ജീവനോടെ അദ്ദേഹം എടുത്തുനട്ടു. 1912 മുതൽ 1940 വരെ ഇരുപത്തെട്ടു കൊല്ലത്തോളും ആ ഹൃദയം അതിൻെറ കൃത്രിമശരീരത്തിൽ സ്പന്ദിച്ചുജീവിച്ചു. 'വാൎദ്ധക്യസഹജമായ' അസ്വാസ്ഥ്യങ്ങൾ പിടിപെട്ടു് അവസാനം അതു മരണമടഞ്ഞു. 1912ൽ നോബൽസമ്മാനമായി ലഭിച്ച 40,000 പവൻ കാരെലിൻെറ കണ്ടുപിടുത്തങ്ങൾക്കു് ഔദ്യോഗികാംഗീകാരവും വിശ്വവ്യാപക പ്രശസ്തിയുമരുളി. ഇതുകൂടാതെ നോഡ്ഹോഫ് യംഗ് കാൻസർ സമ്മാനം, ഇല്ലിനോയിസ് സൎവ്വകലാശാലയിലെ ന്യൂമാൻ ഫൌണ്ടേഷൻ അവാർഡ്, റോട്ടറി ക്ലബ്ബ് ഓഫ് ന്യൂയോൎക്ക് സർവീസ് മെഡൽ തുടങ്ങിയ ഇതര പാരിതോഷികങ്ങളും അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ടു്. കൊളംബിയ, ബ്രൌൺ, പ്രിൻസ്റ്റൺ എന്നീ സൎവ്വകലാശാലകളുടെ ബിരുദങ്ങൾ അദ്ദേഹം എടുത്തിരുന്നു. ഒന്നാംലോകമഹായുദ്ധത്തിനുമുമ്പു് കാരെൽ വിവാഹം കഴിച്ചു. സുന്ദരിയും ശാസ്ത്രഗവേഷകയുമായ ഫ്രഞ്ച് വിധവ ആൻ ദ ലമോത്ത് ആണു് അദ്ദേഹത്തിൻെറ ഭാൎയ്യാ

പദം അലങ്കരിച്ചത്. മദാം കാരെൽ ശസ്ത്രക്രിയകളിലും ഗവേഷണങ്ങളിലും ഭർത്താവിനെ സഹായിച്ചുവന്നു.

## യുദ്ധകാലസേവനം

യൂറോപ്പിൽ ഒന്നാം മഹായുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ ഡോക്ടർ കാരെലും പത്നിയും ഫ്രാൻസിൻെറ സഹായത്തിന്ന് ഓടിയെത്തി മുറിവേററ യോദ്ധാക്കളെ രക്ഷിയ്ക്കാൻവേണ്ടി അദ്ദേഹം ഗവേഷണങ്ങൾ തുടന്നു. ഈ അവസരത്തിൽ ലെക്കോം ദുനൂയി കാരെലിനോട്ട് സഹകരിച്ചുപ്രവൎത്തിച്ചു. അക്കാലത്ത് ഉപയോഗത്തിലിരുന്ന അയോഡിൻ രോഗാണുക്കളെ നശിപ്പിച്ചതോടൊപ്പം ശരീരപേശിയ്ക്ക് കേട്ട വരുത്തുകകൂടി ചെയ്തുവെന്ന് ഡോക്ടർ കാരെൽ ആവലാതിപ്പെട്ടു. ഏതദ്വിഷയകമായി അദ്ദേഹവും പഴയ തലമുറക്കാരും തമ്മിൽ വാശിയേറിയ ഒരു വാഗ്വാദംതന്നെ നടന്നു. താമസിയാതെ 'കാരെൽ ദ്രാവകം' എന്ന പേരിൽ ഒരു പുതിയ ഔഷധം പുറത്തുവന്നു. അത് രോഗാണുക്കളെ നശിപ്പിക്കുകയും ശരീരപേശികളുടെ ആരോഗ്യം അഭംഗമായി സംരക്ഷിയ്ക്കുകയും ചെയ്യുമെന്നു തെളിഞ്ഞു. കാരെൽ കണ്ടുപിടിച്ച ഈ മരുന്നും, രക്തധമനികൾ യോജിപ്പിയ്ക്കുവാനുള്ള അദ്ദേഹത്തിൻെറ നൂതനസങ്കേതവും ബഹുസഹസ്രം യോദ്ധാക്കളുടെ ജീവൻ രക്ഷിച്ചു. ഒന്നാം ലോകമഹായുദ്ധകാലത്ത് ഫ്രാൻസിൻെറ അതിൎത്തിയിലുള്ള വനപ്രദേശത്ത് റോക്ക്ഫെല്ലർ ആരംഭിച്ച ആസ്പത്രിയുടെ സ്ഥാപകൻ എന്ന നിലയിൽ ഡോക്ടർ കാരെൽ വൈദ്യശാസ്ത്രവിജ്ഞാനത്തിൻെറ പുരോഗതിയ്ക്കുവേണ്ടി അക്ഷീണം പരിശ്രമിച്ചു.

യുദ്ധാനന്തരം അമേരിക്കയിൽ തിരിച്ചെത്തിയശേഷവും അദ്ദേഹം ഗവേഷണങ്ങൾ തുടന്നു. വമ്പിച്ച നേട്ടങ്ങളുടേയും അടങ്ങാത്ത അന്വേഷണങ്ങളുടേയും കാലമായിരുന്നു അത്. ഇരുപതുകൊല്ലങ്ങൾ അങ്ങനെ കഴിഞ്ഞുപോയി. രണ്ടാം ലോകമഹാ

യുദ്ധത്തിൻെറ കരാളമേഘങ്ങൾ വിശ്വാന്തരീക്ഷത്തെ വീണ്ടും ഭീതിജനകമാക്കി. അപകടങ്ങളും ആശങ്കകളും നിറഞ്ഞ ആ ഉല്ക്കടാവസ്ഥയിൽ ഫ്രാൻസിനു ഡോക്ടർ കാരെലിൻെറ സേവനങ്ങൾ അത്യാവശ്യമായിത്തീന്നു. മാഷൽ പെറേറൻെറ ക്ഷണം സ്വീകരിച്ചു കാരെൽ ഒരിക്കൽ കൂടി സ്വന്തം ജന്മഭൂമിയായ ഫ്രാൻസിൽ എത്തിച്ചേന്നു. 1941-ൽ ഫ്രഞ്ച് ഗവമ്മെൻറ് "മാനുഷികശാസ്ത്രഗവേഷണകേന്ദ്രം" (L'Institut del a science humaine) ആരംഭിച്ചു നടത്തുവാൻ ഡോക്ടർ കാരെലിനെ ഭാരമേല്പിച്ചു യുദ്ധകാലത്തു് അഗതികളും അശരണരുമാക്കപ്പെട്ട ശിശുക്കൾക്കും യുവജനങ്ങൾക്കും വേണ്ടിയാണ് പ്രസ്തുതസ്ഥാപനം പ്രധാനമായും പ്രവത്തിച്ചതു്.

## പരാജയവാദം

നിസ്സീമമായ സ്വരാജ്യസ്നേഹം കാരെലിൻെറ ഒരു സവിശേഷതയായിരുന്നു. യുദ്ധത്തിൽ ഇംഗ്ലണ്ട് പരാജയമടയുമെന്നും ജമ്മനി ഫ്രാൻസിനെ കീഴടക്കി ഭരിക്കുമെന്നും അദ്ദേഹം വിശ്വസിച്ചു ആഭ്യന്തരപ്രശ്നങ്ങളുടെ സമ്മദ്ദംമൂലം യുദ്ധത്തിൽ പങ്കെടുക്കുവാൻ അമേരിക്കയ്ക്കു് സാദ്ധ്യമാവുകയില്ല എന്ന അനുമാനത്തിന്മേലാണ് ബ്രിട്ടൻെറ തോൽവിയെപ്പററിയുള്ള നിഗമനം അദ്ദേഹം ഉറപ്പിച്ചതു്. ജമ്മനിയുമായി സഹകരിച്ച് ഒരു സംഘടിതയൂറോപ്പ് കെട്ടിപ്പടുക്കുന്നതു് ഫ്രഞ്ചുജനതയുടെ ഭാവിഭദ്രതയ്ക്കു് കൂടുതൽ സഹായമായിരിക്കുമെന്ന് കാരെൽ വിഭാവനം ചെയ്തു ഉള്ളഴിഞ്ഞ സ്വരാജ്യസ്നേഹത്തിൽ നിന്നുടലെടുത്ത ഈ അഭിപ്രായഗതി പല ദുരന്തങ്ങൾക്കും കാരണമായി. ഫ്രാൻസിൻെറ മോചനത്തിനുശേഷം ചില കടുത്ത ദേശീയവാദികൾ ഡോക്ടർ കാരെലിനെ സംശയദൃഷ്ട്യാവീക്ഷിച്ചു. ഏതയാളുവും സ്വദേശഭക്തനുമായ ആ വിശ്വശാസ്ത്രജ്ഞനെ ഇതു വല്ലാതെ വേദനിപ്പിച്ചു അദ്ദേഹത്തിൻെറ ആരോഗ്യം ഇതിനകം മിക്കവാറും നശിച്ചിരുന്നു അധി

കനാം തുടൎന്ന് ജീവിയ്ക്കുവാൻ അദ്ദേഹത്തിന്ന് കഴിഞ്ഞില്ല. മനുഷ്യ യാതനകളുടെ ലഘൂകരണത്തിനു വേണ്ടിമാത്രം ജ്വലിച്ചുകൊണ്ടിരുന്ന ആ ജീവിതതാരം 1944 നവംബർ 4-ാംനു- പാരീസിൽവെച്ച് അണഞ്ഞുപോയി

## വ്യക്തിത്വവികാസം

ജന്തുശാസ്ത്രഗവേഷകൻ, ചികിത്സാവിദഗ്ദ്ധൻ എന്നീ നിലകളിൽ കാരെലിന്റെ ജീവിതപുരോഗതി സംക്ഷിപ്തമായി നാം കണ്ടു എന്നാൽ മഹത്തരവും അന്യാദൃശവുമായ ആ ജീവിതത്തിന്റെ ഭാഗികാവിഷ്കരണം മാത്രമേ ഇതുകൊണ്ടു സാധിച്ചിട്ടുള്ളു ശാരീരികവേദനകളുടെ ഉച്ചാടനത്തിനുവേണ്ടി കാരെൽ അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങൾ അവിസ്മരണീയങ്ങൾതന്നെ, സംശയമില്ല. എന്നാൽ ശാസ്ത്രഗവേഷണമണ്ഡലത്തിൽ ലഭിച്ച വൻനേട്ടങ്ങളുടെ ആകത്തുക മാത്രമായിരുന്നില്ല അദ്ദേഹത്തിന്റെ ജീവിതം. മനുഷ്യമനസ്സിനെ എല്ലാക്കാലത്തും അലട്ടിയിട്ടുള്ള ദാർശനിക-ആത്മീയപ്രശ്നങ്ങളുമായി അദ്ദേഹത്തിന്റെ ഉജ്ജ്വലചേതന ഏറ്റുമുട്ടിയിട്ടുണ്ട്. തൽഫലമായി കാരെലിനു ലഭിച്ച ഉൾക്കാഴ്ചകൾ അന്ധകാരാവൃതമായ പല ദുർഘടസമസ്യകളിലേക്കും വെളിച്ചം വീശുന്നവയാണ്. സത്യാന്വേഷിയായ ഒരു ഗവേഷകന്റെ സമീപനമാണ് ആദ്യന്തം അദ്ദേഹം അവലംബിച്ചത്. ജീവിതത്തിനു അർത്ഥവും ലക്ഷ്യവും നല്കുന്ന പരമമായ ഒരു സത്യം ഉണ്ടോ എന്നു കാരെൽ ആരാഞ്ഞു. ഭൗതികമാത്രപ്രസക്തമായ വിശ്വദർശനം തന്റെ അന്തരാത്മാവിനെ വീർപ്പുമുട്ടിക്കുന്നതായി അദ്ദേഹത്തിന്നു തോന്നി മനുഷ്യവ്യക്തിയുടെ പൂർണ്ണവികാസത്തിന്നു ഇടം കൊടുക്കാത്ത ഭൌതികാദർശമണ്ഡലത്തിൽനിന്നു മോചനം നേടി അനവദ്യസുന്ദരവും സത്യഭാസുരവുമായ ഒരു ഭവ്യലോകത്തിലേയ്ക്ക് പറന്നുയരുവാൻ അദ്ദേഹത്തിന്റെ ദീപ്തഹൃദയം വെമ്പൽകൊണ്ടു അടക്കാനാവാത്ത ആ ദാഹം അതിപ്രാചീനങ്ങളും അതേസമയം നിത്യനൂതനങ്ങളുമായ ജീവൽപ്രശ്നങ്ങളിലേക്ക് ചുഴിഞ്ഞിറങ്ങു

വാൻ ഡോക്ടർ കാരെലിനെ മാടിവിളിച്ചു സ്വന്തം വ്യക്തിത്വത്തിന്റെ അന്തസ്സത്തയിൽനിന്നു വിങ്ങിപ്പൊങ്ങിയ ആ ആഹ്വാനം അവഗണിച്ചു് ഭൗതികതയുടെ പുറംപൂച്ചിൽ വ്യാമോഹംകൊള്ളുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല.

നേരത്തെ സൂചിപ്പിച്ചപോലെ, ഭൗതികശാസ്ത്രത്തിന്റെ സ്വയംപര്യാപ്തതയിൽ വിശ്വാസംവെച്ച ഒരു ധൈഷണികാന്തരീക്ഷത്തിലാണു് കാരെലിന്റെ മാനസികപ്രവണതകൾ വികസ്വരമായതു്. മതവിരോധിയും യുക്തിവാദിയുമായ റെനാന്റെ വിശ്വവീക്ഷണം ഉൾച്ചേർന്ന രൂപം പൂണ്ടതായിരുന്നു കാരെലിന്റെ വ്യക്തിത്വം. 'പടീസ്' എന്ന കൃതിയിൽ റെനാൻ എഴുതി: "മരിച്ചുകൊള്ളാമെന്നു് ക്രിസ്തുമതം സഗൌരവം സമ്മതിക്കുകയാണെങ്കിൽ ഏററവും വിലപിടിച്ച സുഗന്ധ ദ്രവ്യങ്ങൾകൊണ്ടു് അതിന്റെ മൃതദേഹം ലേപനംചെയ്യാനും ഞങ്ങളുടെ കണ്ണുനീർ കുപ്പികളെ ആ ശവകുടീരത്തിൽ നിക്ഷേപിയ്ക്കുവാനും ഞങ്ങൾ കൊതിക്കും." ഈപ്രകാരം സംഘടിതമതത്തെ തച്ചുടച്ചു കുഴിച്ചുമൂടിയശേഷം സർവ്വതന്ത്രസ്വതന്ത്രവും ശാസ്ത്രാധിഷ്ഠിതവുമായ ഒരു നവലോകം നിർമ്മിക്കുവാനാണു് പത്തൊമ്പതാം നൂററാണ്ടിലെ യുക്തിവാദം ഉദ്യമിച്ചതു്. ജനതതിയുടെ സുസ്ഥിതിയും ആനന്ദവും പരമാവധി വർദ്ധിപ്പിക്കുവാൻ വേണ്ട എല്ലാ സാദ്ധ്യതകളും ശാസ്ത്രത്തിനുണ്ടെന്ന സിദ്ധാന്തം പലരും അംഗീകരിച്ചു. എന്നാൽ ഇരുപതാംനൂററാണ്ടിന്റെ പ്രഥമാർദ്ധത്തിൽ നടന്ന രണ്ടു് ആഗോളയുദ്ധങ്ങളും ഏകശാസനാവ്യവസ്ഥിതികളുടെ ഫലമായുണ്ടായ ദാരുണദുരിതങ്ങളും ശാസ്ത്രത്തിന്റെ അപര്യാപ്തതയെ വിളിച്ചുപറഞ്ഞു. ആത്മീയസത്യങ്ങളുടേയും ധാർമ്മികമൂല്യങ്ങളുടേയും അവഗണന മനുഷ്യരാശിയെ ഉന്മൂലനാശത്തിന്റെ വക്കുവരെ എത്തിച്ചു. മാനവസുസ്ഥിതിയുടെ ഏകോപാധി എന്ന നിലയിൽ ഭൗതികശാസ്ത്രത്തിനുള്ള അപ്രാപ്തിയും പാപ്പരത്തവും പൂർവ്വാധികവൈശദ്യത്തോടെ ദർശിച്ച പ്രാമാണികന്മാരായ പല ചിന്ത

കന്മാരും അടുത്ത കാലത്തുണ്ടായിട്ടുണ്ട്. അക്കൂട്ടത്തിൽ പ്രമുഖ സ്ഥാനം ഡോക്ടർ കാരെൽ അലങ്കരിക്കുന്നു. ധാമ്മിക്മൂല്യങ്ങളെയും ജീവിതത്തിൻെറ അഭൌമലക്ഷ്യത്തേയും ആദരിക്കാത്ത ശാസ്ത്രവീക്ഷണം മനുഷ്യനെ ഉദ്ധരിക്കുകയില്ല, നശിപ്പിക്കുകയേ ഉള്ളൂ എന്നു് അദ്ദേഹം വ്യക്തമായി കണ്ടു.

ഇതിനും പുറമെ, നിത്യതക്കും സമ്പൂർണ്ണഭദ്രതക്കുംവേണ്ടി ഉഴലുന്ന മനുഷ്യഹൃദയത്തിനു സംതൃപ്തിയരുളുവാൻ നൈമിഷികങ്ങളായ ഐഹികസുഖങ്ങൾക്കു കഴിവില്ല. ചോറുകൊണ്ടു മാത്രമല്ലല്ലോ മനുഷ്യൻ ജീവിക്കുന്നതു്; ജീവിക്കേണ്ടതു്. "സത്യത്തെ, ജീവത്തായ ജീവിതത്തെ, മഹത്തായ ഐകരൂപ്യത്തെ, സാർവ്വത്രിക സന്തുഷ്ടിയെ" കണ്ടെത്തുവാൻ ആത്മാവു് വെമ്പൽകൊള്ളുന്നു. സർവ്വമനുഷ്യസഹജമായ ഈ വ്യഗ്രതയുടെ പരമലക്ഷ്യം എന്താണെന്നു പ്രസിദ്ധറഷ്യൻസാഹിത്യകാരൻ ഡോസ്റ്റോവ്സ്കി ഭംഗിയായി പറയുന്നതു് കേൾക്കുക: "ദൈവത്തെ കൂടാതെ ജീവിക്കുക ദുരിതമാണു്. ആരാധിക്കാതെ ജീവിക്കുവാൻ മനുഷ്യനു് സാധ്യമല്ല. അതു് അവനു് അസഹ്യമായിരിക്കും. ആർക്കും അതിനു കരുത്തുണ്ടാവുകയില്ല. ദൈവത്തെ ഉപേക്ഷിക്കുന്നവൻ മരംകൊണ്ടോ സ്വർണ്ണംകൊണ്ടോ നിർമ്മിച്ച പ്രതിമയുടെ മുമ്പിൽ അല്ലെങ്കിൽ ഭാവനാസൃഷ്ടമായ പ്രതിമയുടെ മുമ്പിൽ മുട്ടുകുത്തുന്നു — അവരെല്ലാം വിഗ്രഹാരാധകരാണു്; നാസ്തികരല്ല. അങ്ങനെയാണു് അവരെ വിളിക്കേണ്ടതു്."

ലോകചരിത്രത്തിലെ മററനേകം പ്രതിഭാശാലികൾക്കെന്നപോലെ ഡോക്ടർ കാരെലിനും ഈശ്വരനെ കണ്ടെത്തൽ സർവ്വപ്രധാനമായ ഒരു നേട്ടമായിരുന്നു. പലതരത്തിലും ശ്രദ്ധാർഹമായ ആ ആത്മീയാനുഭൂതിയുടെ മുദ്രകൾ അദ്ദേഹത്തിൻെറ കൃതികളിൽ സർവ്വത്ര കാണാം.

## കൃതികൾ

ശാസ്ത്രമണ്ഡലത്തിലെ കണ്ടുപിടുത്തങ്ങൾപോലെതന്നെ കാരെലിനു് വിശ്വപ്രശസ്തി സമ്പാദിച്ചുകൊടുത്തിട്ടുണ്ടു് അദ്ദേഹത്തിൻെറ സാഹിത്യകൃതികളും. വാസ്തവത്തിൽ ശാസ്ത്രജ്ഞാനത്തിലൂടെയാണു് കാരെലിൻെറ ഗ്രന്ഥങ്ങൾ രൂപംകൊണ്ടതെന്നു പറയാം. അത്യസ്ഥഗാഢമത്രെ അദ്ദേഹത്തിൻെറ ശാസ്ത്രീയനേട്ടങ്ങളും സാഹിത്യസേവനവും തമ്മിലുള്ള ബന്ധം. "അജ്ഞാതനായ മനുഷ്യൻ," (Man, the unknown, 1935) "പ്രാർത്ഥന" (Prayer, 1944) "ലൂർദ്ദ്‌യാത്ര" (Journey to Lourde 1949) "ജീവിതചിന്തകൾ" (Reflexions on life, 1950) ഇവയാണു് അലെക്സിസ് കാരെലിൻെറ മുഖ്യകൃതികൾ. ഇവയിൽ അവസാനത്തെ രണ്ടും മരണാനന്തരപ്രസിദ്ധീകരണങ്ങളത്രെ. ഏററവും പ്രസിദ്ധമായ "അജ്ഞാതനായ മനുഷ്യ"നിൽ ആധുനികനാഗരീകതയും മനുഷ്യവ്യക്തിയും തമ്മിലുള്ള ബന്ധം ഡോക്ടർ കാരെലിൻെറ സനിഷ്കർഷപഠനത്തിനു വിഷയമാകുന്നു. ഭൗതികശാസ്ത്രത്തോടൊപ്പം മനുഷ്യജീവിതവിജ്ഞാനീയം പുരോഗമിച്ചിട്ടില്ല. അടുത്തകാലത്തു് മനഃശാസ്ത്രം, സാമൂഹ്യശാസ്ത്രം, വൈദ്യശാസ്ത്രം തുടങ്ങിയ ശാഖകൾ ഒട്ടേറെ വികസിച്ചിട്ടുണ്ടെന്നതു ശരിതന്നെ. എങ്കിലും അവയുടെയെല്ലാം സമീപനരീതി ഭാഗികമാണു്. മനുഷ്യനെ ഒരു സമഗ്രസത്തയായി വീക്ഷിച്ചു് വിലയിരുത്തുവാൻ ആധുനികശാസ്ത്രങ്ങൾക്കു കഴിഞ്ഞിട്ടില്ല. പോരെങ്കിൽ മനുഷ്യപ്രകൃതിയിൽ ഒളിഞ്ഞിരിക്കുന്ന കവിയേയോ ധീരോദാത്തനേയോ പുണ്യവാളനേയോ പഠിക്കുവാൻ ശാസ്ത്രസങ്കേതങ്ങൾ അശക്തങ്ങളത്രേ. ജനാവലിയുടെ പ്രവണതകൾ, അഭ്യൂഹങ്ങൾ, ആകാംക്ഷകൾ, ആവേശങ്ങൾ — ഇവയൊന്നും ശാസ്ത്രപരിധികൾക്കുള്ളിൽ ഒതുങ്ങിനില്ക്കുന്നവയല്ല. ചുരുക്കത്തിൽ വിവിധങ്ങളോ വിഭിന്നങ്ങളോ ആയ ഭാഗങ്ങളുടെ സമാഹരമായല്ലാതെ ഒരു സമഗ്രജീവിയായി മനുഷ്യനെ ആധുനികശാസ്ത്രം അറിയുന്നില്ല.

മനുഷ്യൻ ഇന്നും ശാസ്ത്രവിത്തുക്കൾക്ക് മിക്കവാറും അജ്ഞാതനാണ്. ഇതിനു കാരണം മനുഷ്യപ്രകൃതിയുടെ സങ്കീർണ്ണതയും ശാസ്ത്രസങ്കേതങ്ങളുടെ പരിമിതികളുമത്രെ. ഭൗതികശാസ്ത്രത്തിന്റെ വമ്പിച്ച പുരോഗതി ജീവിതത്തെ കൂടുതൽ സമ്പന്നമാക്കിയിട്ടില്ല. നേരെമറിച്ച് മാനുഷികതാല്പര്യങ്ങൾക്ക ഹാനികരമായ മാർഗ്ഗങ്ങളിലൂടെയത്രേ ആധുനികനാഗരികത വികസിച്ചിട്ടുള്ളത്. "നാഗരികതയിൽ ഏററവുമധികം പുരോഗമിച്ച രാഷ്ട്രങ്ങൾ കിരാതത്വത്തിന്റെ വക്കത്ത് എത്തിയിരിക്കുകയാണിപ്പോൾ" വിശാലസംസ്കാരത്തെ ആകമാനം ബാധിക്കുന്ന ഈ അടിയന്തരാവസ്ഥക്ക് കാരണം, കാരെലിന്റെ ഉറച്ച അഭിപ്രായത്തിൽ, മനുഷ്യർ ആദ്ധ്യാത്മിക-ധാർമ്മികമൂല്യങ്ങൾ നിരാകരിച്ചതാണ്. വാസ്തവം പറഞ്ഞാൽ ആധുനികമനുഷ്യൻ പുരോഗമിക്കുകയല്ല, അധഃപതിയ്ക്കുകയാണ് ചെയ്യുന്നത്. ഈ വിപൽസന്ധിയിൽനിന്ന് ലോകത്തെ രക്ഷിയ്ക്കുവാൻ സത്യത്തിനുമാത്രമേ കഴിയുകയുള്ളു—അണുവിനെപ്പററിയുള്ള സത്യത്തിന്നല്ല. മനുഷ്യനെപ്പററിയുള്ള സത്യത്തിന്. നാം നമ്മെത്തന്നെ വേണ്ടവിധത്തിൽ അറിഞ്ഞേ തീരു. എന്നാൽ ഇന്നത്തെ മതേതരവിദ്യാഭ്യാസരീതിയും രാഷ്ട്രീയവ്യവസ്ഥിതിയും മനുഷ്യന് അവനെപ്പററിയുള്ള അപാരമായ അജ്ഞതയെ ദൂരീകരിയ്ക്കാൻ ഉപകരിയ്ക്കുന്നില്ല തന്നിമിത്തം മനുഷ്യസത്തയുടെ എല്ലാ വശങ്ങളേയും—ശാരീരിക-മാനസിക-ധാർമ്മിക ആദ്ധ്യാത്മികാവശ്യങ്ങളെയെല്ലാം—ഒരുമിച്ചാദരിയ്ക്കുന്ന ഒരു ജീവിതദർശനം ഉണ്ടായേ തീരു. "അജ്ഞാതനായ മനുഷ്യനി"ൽ ഡോക്ടർ കാരെൽ ഉന്നയിയ്ക്കുന്ന ഉല്ക്കടജീവിതപ്രശ്നങ്ങളിൽ പ്രധാനപ്പെട്ടവയാണിവ.

## "പ്രാർത്ഥന"

"റീഡേഴ്സ് ഡൈജസ്റ്റ്" എന്ന മാസികക്കുവേണ്ടി 1940 ഡിസംബറിൽ കാരെൽ തയ്യാറാക്കിയ ഒരു പ്രബന്ധത്തിന്റെ വിപുലീകരണമാണീ ഗ്രന്ഥം. ശാസ്ത്രഗവേഷകൻ, ഭിഷഗ്വരൻ

എന്നീ നിലകളിൽ അമേരിക്കയിലും യൂറോപ്പിലുംവെച്ച് ലഭിച്ച ബഹുജനപരിചയത്തിൽനിന്നു പ്രാൎത്ഥനയുടെ സ്വഭാവം, ആന്തരാൎത്ഥം രോഗശമനശക്തി, ഇതരഫലങ്ങൾ, പ്രാൎത്ഥിയ്ക്കേണ്ട വിധം തുടങ്ങിയ വിഷയങ്ങളെപ്പററി പലതും അറിയുവാനദ്ദേഹത്തിന്നിടയായി. ഇങ്ങനെ യാഥാൎത്ഥ്യത്തിൻെറ ഉറച്ച തറയിൽ നിന്നുകൊണ്ടാണ് താൻ പ്രാൎത്ഥനയെ വിശകലനം ചെയ്യുന്നതെന്നു ഗ്രന്ഥകാരൻ മുഖവുരയിൽ അവകാശപ്പെടുന്നു. ഡോക്ടർ കാരെലിൻെറ അഭിപ്രായത്തിൽ, പ്രാൎത്ഥിക്കുകയെന്നതു് മനുഷ്യപ്രകൃതിയുടെ ഏററവും മൌലികമായ ആവശ്യങ്ങളിലൊന്നാണ്. അദ്ദേഹം എഴുതുന്നു: "ജീവിതമാകുന്ന മഹാത്ഭുതം ആരിൽനിന്ന് നിൎഗ്ഗളിയ്ക്കുന്നുവോ ആ ഈശ്വരനോടുള്ള സ്നേഹത്തിൻേറയും ആരാധനയുടേയും പ്രകടനമായി ആത്മാവിനെ അവിടുത്തെ സന്നിധിയിലേയ്ക്ക് ഉയൎത്തുന്നതാണ് പ്രാൎത്ഥന." അഗാധമായ ബുദ്ധികൂൎമ്മയോ അപാരമായ പാണ്ഡിത്യമോ ഒന്നും ആവശ്യമില്ല ഈശ്വരബോധം ലഭിയ്ക്കുവാൻ "സൂൎയ്യൻെറ ചൂടും കുസുമത്തിൻെറ പരിമളവും എങ്ങനെ നാം അറിയുന്നുവോ അതുപോലെ സാധാരണജനങ്ങൾ നിഷ്പ്രയാസം ഈശ്വരനെ അറിയുന്നു." (പേ. 21)

എങ്ങിനെയാണ് ഒരാൾ പ്രാൎത്ഥിക്കേണ്ടതു്? ഒരു പൈതൽ തൻെറ പിതാവിനോടു നടത്തുന്ന സമ്മഭാഷണംപോലെ ആയിരിക്കണം പ്രാൎത്ഥന. വിശ്വസ്തതയോടെ ചെയ്യുന്ന സ്വധൎമ്മനിൎവ്വഹണവും ദൈവേച്ഛ പാലിക്കുവാൻ നടത്തുന്ന ഓരോ ആത്മാൎപ്പണോദ്യമവും കാരെലിൻെറ അഭിപ്രായത്തിൽ പ്രാൎത്ഥനയുടെ വകഭേദങ്ങളത്രേ ഇത്തരം പ്രാൎത്ഥന വഴി മനുഷ്യൻ ഈശ്വരനുമായി സാമീപ്യം പ്രാപിക്കുന്നു എവിടെവെച്ച എപ്പോഴെല്ലാമാണ്, നാം പ്രാൎത്ഥിയ്ക്കേണ്ടതു്? ഈ ചോദ്യത്തിനു ഗ്രന്ഥകാരൻ നല്കുന്ന മറുപടി ശ്രദ്ധാൎഹമത്രേ: "എവിടെവെച്ചു വേണമെങ്കിലും ഒരാൾക്കു പ്രാൎത്ഥിയ്ക്കാം. വഴിനടുവിലോ, കാറിനുള്ളിലോ, തീവണ്ടിയിലോ, കാൎയ്യാലയത്തിലോ, പള്ളിക്കൂടത്തിലോ, വ്യവസാ

യശാലയിലോവെച്ച് പ്രാർത്ഥന നടത്താം. എന്നാൽ നെല്ലാര ങ്ങളും മലയോരങ്ങളും കാനനവിജനതയും സ്വന്തം മുറിയുടെ ഏകാന്തതയും പ്രാർത്ഥനയ്ക്കു് കൂടുതൽ അനുയോജ്യമാണ്. പ്രാർത്ഥനവഴി ശരീരത്തിന്നു സുസ്ഥിതിയും മനസ്സിന്നു ശാന്തിയും കൈവരുമെന്നു് കാരെൽ ഉൽബോധിപ്പിക്കുന്നു. നഗരജീവിതത്തിൻെറ ഒച്ചപ്പാടിൽനിന്നും വിശ്രമരാഹിത്യത്തിൽനിന്നും രക്ഷപ്പെട്ട് അല്പനേരത്തേയ്ക്കെങ്കിലും ആന്തരശാന്തി അനുഭവിക്കുവാൻ ജനങ്ങാം ദേവാലയങ്ങളിൽ പ്രവേശിച്ച് ആത്മാവിനെ ഈശ്വരനിലേയ്ക്കുയർത്തണമെന്നാണ് ഗ്രന്ഥകാരൻെറ സിദ്ധാന്തം. ജനനിബിഡമായ നഗരാന്തർഭാഗത്ത് ഇതിനുവേണ്ടി നല്ലനല്ല പ്രാർത്ഥനാമന്ദിരങ്ങാം—സമാധാനത്തിൻേറയുംഏകാന്തതയുടേയും ശാദ്വലങ്ങാം—നിർമ്മിക്കണമെന്നു ഡോക്ടർ കാരെൽ സമുദായപരിഷ്കർത്താക്കാംക്ക് നിർദ്ദേശം നല്കുന്നു. നിരന്തരമായി നടത്തുന്ന പ്രാർത്ഥന വ്യക്തിത്വത്തെ സമ്പന്നമാക്കുവാൻ പര്യാപ്തമാണ്. പ്രഭാതധ്യാനത്തിൻെറ ചൈതന്യം ദിനകൃത്യങ്ങളിലെല്ലാം സ്വാധീനം ചെലുത്തണം. അങ്ങിനെ പ്രാർത്ഥന ഒരു ജീവിതരീതിയായി മാറണം.

വേണ്ടതരത്തിൽചെയ്യുന്ന പ്രാർത്ഥന എപ്പോഴും ഗുണം നല്കുമെന്നാണ് ഡോക്ടർ കാരെലിൻെറ അനുഭവം. പലരും ഇപ്പരമാർത്ഥം അറിയുന്നില്ല. ചിലരെല്ലാം അതു തീരെ അവഗണിക്കുന്നു. "ഡോക്ടർമാർ തന്നെ അഭിനിവേശവിരളതമൂലം പലപ്പോഴും പ്രാർത്ഥനയിൽനിന്നുളവാകുന്ന പ്രതിഭാസങ്ങാം പഠിയ്ക്കുവാൻ ശ്രദ്ധിക്കാറില്ല. പോരെങ്കിൽ അപ്രതീക്ഷിതങ്ങളായ ഫലങ്ങളുണ്ടാകുമ്പോാം നിരീക്ഷകന്മാർ ആശ്ചര്യസ്തബ്ധരായിപ്പോകുന്നു. ഉദാഹരണമായി ആവയവിക (Organic) രോഗങ്ങാം സുഖമാക്കുവാൻ പ്രാർത്ഥിക്കുന്ന ഒരാാം രോഗിയായിത്തന്നെ തുടർന്നുവെന്നു വരാം. അതേസമയം അഗാധവും അവ്യാഖ്യേയവുമായ ഒരു ധാർമ്മികപരിവർത്തനം അയാളിൽ വന്നുചേരുന്നു." (പേ 38) ശാസ്ത്രദൃഷ്ട്യാ അസാദ്ധ്യമായ രോഗശാന്തികാം പ്രാർത്ഥനവഴി നടന്നിട്ടുണ്ട്,

നടക്കുന്നുമുണ്ട്. ഏതദ്വിഷയകമായി തനിയ്ക്ക് 'നിശ്ചിതജ്ഞാനം' മുണ്ടെന്നു കാരെൽ തുറന്നു പ്രസ്താവിക്കുന്നു: "ഇത് എത്രയേറെ അസാധാരണമായി തോന്നിയാലും, ചോദിക്കുന്നവന്നു ലഭിക്കുന്നുണ്ടെന്നും മുട്ടുന്നവന്നു വാതിൽ തുറന്നുകിട്ടുന്നുണ്ടെന്നുമുള്ളതു് വാസ്തവമായി നാം കരുതണം."

മനുഷ്യപ്രകൃതിയുടെ അഭിന്നഘടകമാണ് ദിവ്യതാബോധം. അതിനെ നിഷേധിയ്ക്കുകയോ അവഗണിയ്ക്കുകയോ ചെയ്യുന്നതു് ആത്മഹത്യാപരമത്രേ. മാംസപേശികളുടെ വികസനത്തെ വ്യായാമാദി സഹായിയ്ക്കാതിരിയ്ക്കുന്നതു മാനവസുസ്ഥിതിയ്ക്കു ഹാനികരമായിത്തീരുന്നതുപോലെ തന്നെ ധാർമ്മികമൂല്യങ്ങളുടേയും ദിവ്യതാബോധത്തിന്റേയും നഷ്ടം രാഷ്ട്രത്തിന്റെ അധഃപതനത്തിനു വഴി തെളിയ്ക്കുന്നു, ഇതിനുദാഹരണമായി പൌരാണിക യവനനാഗരികതയുടെ വീഴ്ച ഡോക്ടർ കാരെൽ എടുത്തു കാട്ടുന്നു. മതബോധവും സദാചാരവും തമ്മിൽ ഏററവും അടുത്ത ബന്ധമുണ്ട്. "ദിവ്യതാബോധം നഷ്ടമായാലുടൻ ധാർമ്മികധാരണയും അപ്രത്യക്ഷമാകുന്നു. സോക്രട്ടീസ് വിഭാവനം ചെയ്തപോലെ മതതത്വങ്ങളെ അവഗണിക്കുന്ന ഒരു സദാചാരവ്യവസ്ഥിതി കെട്ടിപ്പടുക്കാൻ മനുഷ്യനു സാധിച്ചിട്ടില്ല. ഏതൊരു ജനപദത്തിൽ നിന്നു പ്രാർത്ഥനയുടെ ആവശ്യകത തിരോഭവിച്ചിട്ടുണ്ടോ, ആ സമുദായം ധാർമ്മികമായ പാപ്പരത്തത്തിലേയ്ക്കു് കുതികൊള്ളുകയാണ്. തന്നിമിത്തം എല്ലാ പരിഷ്കൃതജനതകളും—ആസ്തികരും നാസ്തികരും—ഏററവും മൌലികമായ മനുഷ്യപ്രവണതകളുടെ പുരോഗതിയെ സംബന്ധിക്കുന്ന ഈ ബൃഹൽപ്രശ്നത്തിൽ ശ്രദ്ധാലുക്കളാകണം." (പേ. 51)

പ്രാർത്ഥന ദുർബ്ബലമാനസർക്കും യാചകർക്കും ഭീരുക്കൾക്കും മാത്രം ചേർന്ന ഒരിടപാടാണ് എന്ന ആക്ഷേപം കാരെൽ നിഷേധിയ്ക്കുന്നു. പ്രാർത്ഥിക്കുന്നത് ലജ്ജാവഹമാണെന്നു ജർമ്മൻചിന്തകനായ നീത്ഷേ എഴുതി. ഈ പ്രസ്താവന ഉദ്ധരിച്ചുകൊണ്ടു്

ഡോക്ടർ കാരെൽ പറയുകയാണ്: "കുടിക്കുകയോ ശ്വസിക്കുകയോ ചെയ്യുന്നതിലധികം ലജ്ജാകരമല്ല പ്രാർത്ഥിക്കുന്നത്. മനുഷ്യനു വെള്ളവും വായുവും ആവശ്യമുള്ളപോലെതന്നെ പ്രാർത്ഥനയും കൂടിയേ തീരൂ. ഉൾക്കാഴ്ച, സദാചാരം, സൌന്ദര്യാവബോധം, ബുദ്ധിപ്രകാശം ഇവയോട് സമ്മേളിക്കുമ്പോൾ ദിവ്യതാബോധം വ്യക്തിത്വത്തെ പരിപൂർണ്ണമായ വികസ്വരാവസ്ഥയിലെത്തിക്കുന്നു. തികഞ്ഞ ജീവിതവിജയത്തിനു നമ്മുടെ ഓരോ പ്രവണതയുടേയും — ശാരീരിക–ധൈഷണിക–വൈകാരിക–ആദ്ധ്യാത്മികപ്രവണതകളുടെയെല്ലാം — സമഗ്രവികസനം അനുപേക്ഷണീയമത്രേ. ഒരേ സമയം വിചാരവും വികാരവുമാണ് ആത്മാവ്. തന്നിമിത്തം നാം ശാസ്ത്രസൌന്ദര്യത്തേയും ഈശ്വരസൌന്ദര്യത്തേയും സ്നേഹിക്കണം." (പേ 56)

## ജീവിതചിന്തകൾ

"അജ്ഞാതനായ മനുഷ്യ"നിൽ ഉന്നയിക്കപ്പെട്ടുന്ന ഉല്ക്കടാവസ്ഥ തരണംചെയ്യാനുള്ള മാർഗ്ഗങ്ങളെപ്പററി ഡോക്ടർ കാരെൽ വിപുലമായ ഗവേഷണങ്ങൾ നടത്തി. ഉന്മൂലനാശത്തിലേക്ക് കുതികൊള്ളുന്ന മാനവസംസ്കാരത്തെ രക്ഷിക്കുവാൻ പ്രാപ്തമായ ഒരു ജീവിതപദ്ധതി ആസൂത്രണം ചെയ്യുകയായിരുന്നു അദ്ദേഹത്തിന്റെ മുഖ്യലക്ഷ്യം. ഇതിനുവേണ്ട പരിശ്രമങ്ങൾ സ്വന്തം നാടായ ഫ്രാൻസിൽവെച്ചുതന്നെ നടത്തണമെന്നു ആ ദേശാഭിമാനി തീരുമാനിച്ചു. ഈ നവീനോദ്യമത്തിൽ മനുഷ്യനെ ഒരു സമഗ്രജീവിയായി വീക്ഷിക്കുവാനും ജീവിതസ്പർശികളായ വിഭിന്നഘടകങ്ങളുടെ സർഗ്ഗാത്മകമായ ഉൽഗ്രഥനം സാധിക്കുവാനും, അങ്ങനെ ഒരുത്തമമാനുഷികവിജ്ഞാനീയത്തിനു രൂപം കൊടുക്കുവാനും അദ്ദേഹം പ്ലാനിട്ടു. ബുദ്ധിശക്തിയിലും ആദർശനിഷ്ഠയിലും നിസ്തുലരായ ഏതാനും വിദഗ്ദ്ധന്മാരുടെ സഹകരണത്തോടുകൂടി ഈ ജോലി നിർവ്വഹിക്കണമെന്നായിരുന്നു കാരെലിന്റെ ആഗ്രഹം.

ഒന്നാംകിട ശാസ്ത്രജ്ഞന്മാരേയും ബുദ്ധിജീവികളേയും ഉൾക്കൊള്ളുന്ന ആ കൊച്ചുസംഘം ശാന്തൈകാന്തമായ അന്തരീക്ഷത്തിൽ ഒരു "സംയുക്തമസ്തിഷ്ക" (Collective Brain) മായി പ്രവത്തിച്ച് തീരുമാനങ്ങൾ എടുക്കണം. ഇതെല്ലാമായിരുന്നു നിരവധി വിഷമങ്ങളെ അഭിമുഖീകരിച്ചുകൊണ്ട് ഡോക്ടർ കാരെൽ ഫ്രാൻസിൽ ആരംഭിച്ച "മാനുഷികപ്രശ്നാദ്ധ്യയനനിലയ"ത്തിൻെറ ലക്ഷ്യങ്ങൾ. അതിമാനുഷമായ ഈ മഹോദ്യമത്തിൽ അദ്ദേഹം പൂർത്തിയടയുകയാണുണ്ടായത്. സ്വയം ഏറെറടുത്ത കത്തവ്യം പൂത്തിയാക്കാൻ വിധി അദ്ദേഹത്തെ അനുവദിച്ചില്ല. എങ്കിലും മാനുഷികപ്രശ്നാദ്ധ്യയനം സംബന്ധിച്ചുള്ള തൻെറ നിർദ്ദേശങ്ങളും നിഗമനങ്ങളും അപ്പപ്പോൾ എഴുതിയിടുന്ന പതിവ് അദ്ദേഹത്തിനുണ്ടായിരുന്നു. വിലയേറിയ ഈ കുറിപ്പുകൾക്ക് അവസാനരൂപം നല്കുവാൻ തൽക്കത്താവിനു കഴിഞ്ഞില്ല. അപൂർണ്ണമായ ആ കൈയെഴുത്തുപ്രതി അച്ചടിക്കണമോ വേണ്ടയോ എന്ന ചോദ്യം അഞ്ചുകൊല്ലത്തേക്ക് മദാം കാരെലിനെ അലട്ടി. അവസാനം അവർ ഒന്നു തീരുമാനിച്ചു: "അദ്ദേഹത്തിൻെറ അന്തിമോപദേശങ്ങൾ എൻെറ വ്യക്തിപരമായ സാന്ത്വനത്തിനുവേണ്ടി പൂഴ്ത്തിവെയ്ക്കാൻ എനിയ്ക്കവകാശമില്ല" അങ്ങനെ ഡോക്ടർ കാരെലിൻെറ "ജീവിതചിന്തകൾ" വിശ്വസാഹിത്യത്തിലെ ഒരു മുതൽക്കൂട്ടായിത്തീൻ.

"ജീവിതചിന്തക"ളിലൂടെ ആവിഷ്കൃതമാകുന്ന പ്രായോഗികതത്വശാസ്ത്രം മൂന്നു നിയമങ്ങളായി സംഗ്രഹിക്കാം. മനുഷ്യപ്രകൃതിയുടെ മൌലികഘടനയെ അടിസ്ഥാനമാക്കി നിമ്മിക്കപ്പെട്ടവയാണവ. തികച്ചും ലളിതങ്ങളായ ഈ നിയമങ്ങൾ യഥാവിധി പാലിക്കുവാൻ നിഷ്കൃഷ്ടമായ ആത്മസംയമനവും ഒരു നവീന വിശ്വദർശനവും കൂടിയേതീരൂ ജീവിതപുരോഗതിയെപൊതുവെ നിയന്ത്രിക്കുന്നതാണ് പ്രഥമനിയമം. ശരീരത്തിൻേറയും മനസ്സിൻെറയും സുസ്ഥിതിയ്ക്കും ആരോഗ്യത്തിനും വേണ്ട മാഗ്ഗങ്ങൾ

അതിൽ നിർദ്ദേശിക്കപ്പെടുന്നു. അച്ചടക്കം, ശുചിത്വം, മിതശീലം തുടങ്ങിയവ പാലിയ്ക്കുക, ആധുനികനാഗരികത അവതരിപ്പിയ്ക്കുന്ന പ്രകൃതിവിരുദ്ധമായ സുഖഭോഗങ്ങളിൽനിന്നു് ഒഴിഞ്ഞു ജീവിക്കുക ആദിയായ കാര്യങ്ങൾ ഒന്നാം നിയമത്തിൻെറ പരിധിയിൽപെടും. രണ്ടാം നിയമം മനുഷ്യരാശിയുടെ വദ്ധനയെ സംബന്ധിച്ചുള്ളതാണ്. വിവാഹമോചനം, സന്താനനിയന്ത്രണം, ഗർഭധാരണം തടയുന്ന ഔഷധങ്ങൾ, കുടുംബശിഥിലീകരണം തുടങ്ങിയ വിപത്തുകൾ ലൈംഗികശക്തിയുടെ യഥാർത്ഥലക്ഷ്യത്തെ പരാജയപ്പെടുത്തുമെന്നാണ് കാരെലിൻെറ അഭിപ്രായം. മൂന്നാമത്തെ ജീവിതനിയമം മനുഷ്യാത്മാവിനെ കേന്ദ്രമാക്കി നിർമ്മിച്ചിട്ടുള്ളതാണു്. ആത്മാവിൻെറ അനശ്വരത, പ്രാർത്ഥനയുടെ ആവശ്യകത, ജഗന്നിയന്താവുമായി ഐക്യംപ്രാപിയ്ക്കാൻ മനുഷ്യനുള്ള ചിരന്തനാഭിലാഷം, ഈശ്വരൻെറ അസ്തിത്വസ്വഭാവാദികൾ—ഇത്തരം ദാർശനികപ്രശ്നങ്ങൾ ഗ്രന്ഥകാരൻെറ സവിസ്തരചച്ചക്കു വിഷയമാകുന്നുണ്ടു്. ഇവയെപ്പററി ശാസ്ത്രം ഔദ്യോഗികമായി ഒന്നും അറിയുന്നില്ല. എങ്കിലും അവയുടെ പ്രതിഭാസങ്ങളെ നിഷേധിക്കുക ശാസ്ത്രത്തിനു് അസാദ്ധ്യമാണ് എന്നു് കാരെൽ തെളിയിക്കുന്നു. അതുപോലെതന്നെ യഥാർത്ഥമതവും ശാസ്ത്രവും തമ്മിൽ വൈരുദ്ധ്യമുള്ളതായി അദ്ദേഹം കരുതുന്നില്ല. നേരെമറിച്ചു മാനുഷികാഭ്യുന്നതിക്കു മതവും ശാസ്ത്രവും കൂടിയേ തീരൂ. മതബോധത്തെ തച്ചുടച്ചു് തൽസ്ഥാനത്തു് ശാസ്ത്രത്തെ വെച്ചുപൂജിക്കുവാനു ചിലയിടങ്ങളിൽ കണ്ടുവരുന്ന പ്രവണതയെ ഡോക്ടർ കാരെൽ ശക്തിയായി അപലപിക്കുന്നു. ശാസ്ത്രവും മതവും ഏകയോഗമായി പ്രവർത്തിച്ചു മനുഷ്യത്വത്തെ മഹത്വപ്പെടുത്തുന്ന ആദർശവ്യവസ്ഥിതിക്കുവേണ്ടിയാണ് അദ്ദേഹം നിലകൊണ്ടതു്. നിർമ്മാണാത്മകമായ ഈ സഹവർത്തിത്വത്തിൻെറ ഫലമായി അന്ധകാരവൃതങ്ങളായ പല ആദ്ധ്യാത്മികസത്യങ്ങളേയും കൂടുതൽ വൈശദ്യത്തോടെ ദർശിക്കുവാൻ ഭാവിതലമുറക്കു കഴിഞ്ഞേക്കുമെന്നു കാരെൽ പ്രത്യാശിക്കുന്നു.

ജീവിതത്തിന്റെ ആന്തരാർത്ഥം അഥവാ പരമലക്ഷ്യം കണ്ടെത്തുവാൻ മനുഷ്യനുള്ള അദമ്യദാഹത്തെപ്പററി അദ്ദേഹം എഴുതുന്നു: "അവ്യാഖ്യേയങ്ങളായ പ്രശ്നങ്ങൾക്കു ഉത്തരം കണ്ടുപിടിയ്ക്കാൻ മനുഷ്യൻ നിരന്തരം യത്നിക്കുന്നു. ജീവിതം ജീവിതത്തിന്നു വേണ്ടിയാണെന്ന ചിന്ത അവനെ തൃപ്തനാക്കുന്നില്ല. പ്രകൃതിനിയമങ്ങളനുസരിച്ചു് ശാരീരികമാനസികപ്രവണതകളെ സമഞ്ജസമായി വികസിപ്പിച്ചാൽ തന്റെ ജീവിതലക്ഷ്യം പ്രാപിയ്ക്കാമെന്ന് അവൻ കരുതുന്നില്ല ജീവിതത്തിന്റെ അർത്ഥമെന്തെന്നു് അവൻ ഊന്നിയൂന്നി ചോദിക്കുന്നു. എന്തിനാണു് നാം ഇഹത്തിൽ ജീവിക്കുന്നതു്? നാം എവിടെനിന്നു വരുന്നു? നാം എന്താണു്? ബുദ്ധിശക്തിയ്ക്കു് ബ്രഹ്മാണ്ഡത്തിലുള്ള സ്ഥാനമെന്തു്? ഇത്രയേറെ യാതനകൾക്കും ഉല്ക്കണ്ഠയ്ക്കും ബുദ്ധിമുട്ടുകൾക്കും കാരണമെന്തായിരിക്കാം? മരണത്തിന്റെ അർത്ഥമെന്തു്? നാം വേഗത്തിൽ ശൂന്യതയിലേയ്ക്കു് പിന്തിരിയാൻ പോവുകയാണെങ്കിൽ നമ്മുടെ മനശ്ശരീരങ്ങളെ നന്മയുടേയും സത്യത്തിന്റെയും ആദർശത്തോടു് രഞ്ജിപ്പിക്കാനുള്ള ശ്രമംകൊണ്ടെന്തു ഫലമാണുള്ളതു്? ഉത്സാഹം, വിശ്വാസം, ധീരോദാത്തത — ഇതൊക്കെ പ്രകൃതിയുടെ വെറും നേരംപോക്കുകൾ അല്ലേ? എങ്ങോട്ടാണു് നാം നീങ്ങുന്നതു്? മരണശേഷം ആത്മാവും ശരീരത്തോടൊപ്പം ചീഞ്ഞളിയുമോ? ആത്മാവു് മരണാനന്തരവും ജീവിക്കുന്നു എന്നു വിശ്വസിക്കുന്നതു് അബദ്ധമാണോ?" (പേ 133)

ഉത്തരം മുട്ടിയ്ക്കുന്ന ചോദ്യങ്ങൾ! എന്നാൽ മനുഷ്യജീവിതത്തിലെ ഏററവും പ്രധാനപ്പെട്ട പ്രശ്നങ്ങളാണിവ അവയ്ക്കുള്ള സമാധാനമെന്തെന്നു കാണാൻ ഡോക്ടർ കാരെലിന്റെ നിശിതചേതന തുടന്നു ശ്രമിയ്ക്കുന്നു:

"എല്ലാ ദേശകാലങ്ങളിലുമെന്നപോലെ ഇന്നും ഐഹികജീവിതത്തെ അപൂർണ്ണമായിക്കരുതുന്ന സ്ത്രീപുരുഷന്മാരുണ്ടു്; അവരെസ്സംബന്ധിച്ചിടത്തോളം ജീവിയ്ക്കുക എന്നതു് സർവ്വാധികം വി

ലപ്പെട്ട ഒരു കാൎയ്യമല്ലതന്നെ. സൌന്ദൎയ്യത്തിന്നും ത്യാഗത്തിന്നും സ്നേഹത്തിന്നും വേണ്ടി അവർ ദാഹിക്കുന്നു. ദൈവത്തിൽ എത്തിച്ചേരുവാൻ അവർ വെമ്പൽകൊള്ളുന്നു.

....അവരുടെ പ്രശ്നങ്ങൾക്കു തത്വശാസ്ത്രംനല്കുന്ന സമാധാനം നിൎജ്ജീവമത്രേ. ജീവിതമഹാരഹസ്യത്തെ അഭിമുഖീകരിക്കുന്ന മനുഷ്യരാശിയുടെ ഉല്ക്കണ്ഠകൾ ശമിപ്പിക്കുവാൻ സോക്രട്ടീസ്സിന്നോ പ്ലാറേറാവിന്നോ കഴിഞ്ഞില്ല.

മതം ഒന്നുമാത്രമാണു് മാനുഷികപ്രശ്നത്തിനുള്ള പൂൎണ്ണസമാധാനം നിൎദ്ദേശിക്കുന്നതു്. സൎവ്വോപരി ക്രിസ്തുമതം മനുഷ്യാത്മാവിന്റെ ആവശ്യങ്ങൾക്കു വ്യക്തമായപരിഹാരം നല്കിയിട്ടുണ്ടു്." (പേ. 133-34)

കഴിഞ്ഞ രണ്ടു നൂററാണ്ടുകളിൽ വിദ്യാലയങ്ങളിൽനിന്നും സാമൂഹ്യജീവിതത്തിൽനിന്നും മതബോധം നീക്കംചെയ്യാനുള്ള ഒരു ശ്രമം നടന്നു. എന്നിട്ടും അതു നിഷ്കാസിതമായില്ല. ഈശ്വരങ്കലേക്കു് പോകുന്നതിനുള്ള മനുഷ്യമനസ്സിന്റെ അമരാഭിനിവേശം ഇന്നും നിലനിന്നുപോരുന്നു. "ദൈവത്തിനുവേണ്ടിയുള്ള ഈ ദാഹം നമ്മുടെ മനോഘടനയുടെ അവശ്യംഭാവിയായ ഗുണമത്രേ....യേശുവിന്റെ വാക്കുകൾ ജീവിതയാഥാൎത്ഥ്യങ്ങളിലേക്കു് തുളഞ്ഞുകയറുന്നവയാണു്. അവ തത്വജ്ഞാനത്തെ അവഗണിക്കുന്നു; സകലവിധ മാമൂലുകളേയും തകൎക്കുന്നു. ഇന്നും മനസ്സിലാക്കാൻ ദുഷ്കരമാംവിധം അത്രക്കു് ആശ്ചൎയ്യജനകമാണവ....യേശു ലോകത്തെ അറിയുന്നുണ്ടു്'.....നമുക്കു് അവിടത്തോടു് സംഭാഷണം നടത്താം, അവിടുന്നു നമ്മുടെ അഭ്യൎത്ഥനകൾ സാധിച്ചുതരുന്നു. നമ്മെപ്പോലൊരു വ്യക്തിയാണവിടുന്നു. എന്നാൽ അവിടുന്നു് സാൎവ്വാതിവൎത്തിയായ (Transcendent) ദൈവമാണു്. നമ്മുടെ മേശത്തടിയിലും ആഹാരവസ്തുവിലും സൂൎയ്യകാന്തിയിലും

ഭൂമിയിലും ആകാശത്തും വായുവിലും ഒരേപോലെ നാം കാണുന്നു. എന്തെന്നാൽ സർവ്വവും സൃഷ്ടിച്ച് സംരക്ഷിക്കുന്നത് അവിടുന്നത്രേ.” (പേ. 146)

“ജീവിതചിന്തകൾ”ളിൽ ചിത്രീകരിക്കപ്പെടുന്ന ത്രിമുഖപരിപാടി അനുസരിച്ച് ജീവിക്കുന്ന മനുഷ്യന് അവാച്യമായ ആനന്ദവായ്പോടെ നിത്യതയിലേയ്ക്ക് പ്രവേശിക്കാൻ കഴിയുമെന്ന് കാരെൽ പ്രസ്താവിക്കുന്നു: “പിത്തരയോട് മാറടപ്പിക്കുന്ന ഓട്ടക്കാരന്, സ്വന്തം ഭാവനാസൃഷ്ടിയെ നോക്കിനില്ക്കുന്ന കലാകാരന്, ആദ്യത്തെ ചോരക്കുഞ്ഞിന്റെ കരച്ചിൽ കേൾക്കുന്ന അമ്മയ്ക്ക്, കണ്ടുപിടുത്തത്തിന്റെ അന്തികത്തെത്തിയ ശാസ്ത്രജ്ഞന്, സ്വന്തം ജനതയെ വിജയത്തിലേക്ക് നയിക്കുന്ന ധീരനേതാവിന്, ദിവ്യനാഥന്റെ സമാധാനത്തിൽ മരണമടയുന്ന പുണ്യവാളന്, ഉണ്ടാകുന്ന ആനന്ദാനുഭൂതിയാണത്.” (പേ. 189)

അനിർവ്വച്യസുന്ദരമായ ഈ മഹാഭാഗ്യം സകല മനുഷ്യർക്കും പ്രാപിക്കാവുന്നതാണ്. എല്ലാവരും—“ദരിദ്രനും ധനവാനും, ബലഹീനനും ശക്തനും, വിശ്വാസിയും അവിശ്വാസിയും”—ഈ വഴിയേ മുമ്പോട്ടു പോകുവാൻ ക്ഷണിക്കപ്പെട്ടിട്ടുണ്ട്. ക്ഷണം സ്വീകരിക്കുന്നവർ അവരുടെ ജീവിതോദ്ദേശം സാധിക്കുന്നു, മഹത്തായ പരിണാമപ്രക്രിയയിൽ പങ്കുകൊള്ളുന്നു, ദൈവരാജ്യത്തിന്റെ ആവിർഭാവം ത്വരിതപ്പെടുത്തുന്നു—ഇതാണ് “ജീവിതചിന്തകളി”ലൂടെ ഗ്രന്ഥകാരൻ നല്കുന്ന സന്ദേശം.

## “ലൂർദ്ദ് യാത്ര”

ലയൺസ് സർവ്വകലാശാലയിൽ വൈദ്യശാസ്ത്രഗവേഷണവിദ്യാർത്ഥിയായിരുന്ന കാലത്തു ലൂർദ്ദിൽവെച്ചു കാരെൽ ദർശിച്ച അത്ഭുതരോഗശമനത്തെ വിവരിച്ച് എഴുതിയതാണ് ഈ ഗ്രന്ഥം.

ശാസ്ത്രജ്ഞന്റെ നിരീക്ഷണചാതുരിയും കലാകാരന്റെ ആവിഷ്ക്കരണമാധുരിയും ഈ കൃതിയിൽ തെളിഞ്ഞു നില്ക്കുന്നുണ്ട്. തന്നിമിത്തം "ലൂർദ്ദ്‌യാത്ര" ശാസ്ത്രസാഹിത്യത്തിലും സഞ്ചാരസാഹിത്യത്തിലും സമുന്നതസ്ഥാനം അർഹിക്കുന്നു. അതിനും പുറമെ, പ്രകൃത്യതീത പ്രതിഭാസങ്ങളുമായി പെട്ടെന്ന് ഏററുമുട്ടുമ്പോൾ (നാസ്തികനും ഭൌതികവാദിയുമായ ഒരു ഗവേഷകനിൽ) ഉണ്ടാകുന്ന കരണപ്രതികരണങ്ങൾ ഇതിലൂടെ വെളിച്ചംകാണുന്നു "ലൂർദ്ദ്‌യാത്ര"യിലെ ഡോക്ടർ "ലെറാക്" കാരെൽ അല്ലാതെ മററാരുമല്ല Carrel എന്നപേർ പിന്മോട്ടുവായിക്കുമ്പോൾകിട്ടുന്ന രൂപമാണ് Lerrac.

## ഡയറിക്കുറിപ്പുകൾ

ഡോക്ടർ കാരെലിന്റെ കൃതികളിൽ നിഴലിക്കുന്ന ആദർശങ്ങളും അദ്ദേഹത്തിന്റെ സ്വകാര്യജീവിതവും തമ്മിൽ പൊരുത്തമുണ്ടായിരുന്നോ? രസാവഹമായ ഒരു ചോദ്യമാണിത്. സ്വാദർശങ്ങളെ ജീവിതത്തിൽ പകർത്താൻ അദ്ദേഹം ഉററു ശ്രമിച്ചുവെന്നതിനു സാക്ഷികളും തെളിവുകളും ധാരാളമുണ്ട്. തികച്ചും ഈശ്വരോന്മുഖമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. കാരെലിന്റെ ആത്മമിത്രവും ആദ്ധ്യാത്മികോപദേഷ്ടാവുമായിരുന്ന സിസ്റ്റേഴ്സ്യൻ വൈദികൻ ഡോൺ അലെക്സിസ് എഴുതി: "പുരോഗമിച്ച ശാസ്ത്രഗവേഷണങ്ങൾ സൃഷ്ടവസ്തുക്കളെപ്പററി ഉത്സാഹാത്മകമായ ഒരാശ്ചര്യഭാവം അദ്ദേഹത്തിലുളവാക്കി. സൃഷ്ടികർത്താവിലേക്ക് ഉന്മുഖമായിരുന്നു ആ ആശ്ചര്യം. അതിഭവ്യമായ ആശയമാണ് ദൈവത്തെപ്പററി അദ്ദേഹത്തിനുണ്ടായിരുന്നത്. ഈശ്വരവിഷയകമായ ചിന്ത, സാന്നിദ്ധ്യബോധം, ആദരവ്, ബഹുമാനം, ആരാധന എന്നിവയാൽ ഇത്രയേറെ പ്രചോദനം പൂണ്ടൊരാത്മാവിനെ വളരെ വിരളമായേ ഞാൻ കണ്ടുമുട്ടിയിട്ടുള്ളു"

ഈ വിശ്വശാസ്ത്രജ്ഞന്റെ ഉള്ളിന്റെ ഉള്ളിലേക്കു നമ്മുടെ ജിജ്ഞാസയെ കടത്തിവിടുന്ന രഹസ്യകവാടമാണ് അദ്ദേഹ

മെഴുതിവന്ന സ്വകാര്യഡയറി. അതിൽനിന്നു കാരെലിൻെറ ഏറ്റവും ആന്തരമായ ചിന്തകളെവെളിപ്പെടുത്തുന്ന ചില ഭാഗങ്ങൾ ചുവടെ ചേക്കുന്നു.

ക്രിസ്തുമസ്—1939: "ഓ എൻെറ ദൈവമേ, ജീവിതമെന്തെന്നു മനസ്സിലാക്കാതിരുന്നതിൽ, ഉപയോഗശൂന്യങ്ങളായ വിഷയങ്ങളെപ്പററി ജ്ഞാനം സമ്പാദിയ്ക്കാനുദ്യമിച്ചതിൽ! ഞാൻ എത്രയധികം ഖേദിയ്ക്കുന്നു.

അറിവു നേടുന്നതിലല്ല ജീവിതം അടങ്ങിയിരിയ്ക്കുന്നത്. പ്രത്യുത, സ്നേഹിയ്ക്കുന്നതിലും സേവിയ്ക്കുന്നതിലും പ്രാത്ഥിയ്ക്കുന്നതിലും പ്രവത്തിയ്ക്കുന്നതിലുമത്രേ.

സംസാരിക്കുക അങ്ങയുടെദൃത്യൻ കേറാക്കുന്നുണ്ട്. ഇപ്പോൾ അവശേഷിക്കുന്നതെല്ലാം അവൻ അങ്ങേയ്ക്കർപ്പിക്കുന്നു ജീവിതം മുഴുവനും ഒരു പ്രാത്ഥനയായി പൂർണ്ണസമ്മതത്തോടെ അങ്ങേക്കു പ്രതിഷ്ഠിക്കുന്നു അവൻെറ ജീവിതത്തിലെ തെററുകളെല്ലാം അങ്ങു ക്ഷമിക്കുക."

ഫെബ്രുവരി 12 (1940) പാരിസ്: നമ്മുടെ നാഗരികതക്കു വന്ന പ്രമാദം എത്ര അപാരമാണ്!

ജൂൺ 10 (1940) ന്യൂയോക്ക്: ഓ എൻെറ ദൈവമേ, അവിടുത്തെ നിയമങ്ങൾ ലംഘിക്കുന്നത് എത്ര ഭയങ്കരമാണ്!....ഒരു ശിശുവായിരുന്നപ്പോൾ ഞാൻ മനസ്സിലാക്കേണ്ടിയിരുന്ന സത്യം ഇപ്പോൾ മാത്രമാണ് എനിക്കു മനസ്സിലാകുന്നത്—സ്നേഹത്തേയും ത്യാഗത്തേയും ഭക്തിയേയും ആത്മാർപ്പണത്തേയുംപററി യേശു ഉൽബോധിപ്പിച്ച മൂല്യങ്ങളുടെ വാസ്തവികാത്ഥം.

ഡിസംബർ 16 (1940): എത്ര അന്ധന്മാരാണ് ബുദ്ധിജീവികൾ! ആധുനികനാഗരികതയുടെ അപാരമായ അബദ്ധം

വൈജ്ഞാനിക–സാമൂഹ്യവികസനത്തിന് കൂടുതൽ പരിഗണനനല്കിയതത്രേ. ജീവിതത്തിൻെറ ആന്തരാത്ഥം നാം മനസ്സിലാക്കണം. ജീവിതമെന്തന്നറിയാതെ, മരണമെന്തെന്നു മനസ്സിലാക്കാതെ, ജീവിക്കുക നമുക്ക് സാദ്ധ്യമല്ല.''

ഡോക്കടർ കാരെലിൻെറ ജീവിതവും കൃതികളും ലോകത്തിൻെറ സവിശേഷശ്രദ്ധ അർഹിക്കുന്നവയാണ്; തീച്ച്. ശാസ്ത്രമണ്ഡലത്തിനപ്പുറത്തുള്ള ആദ്ധ്യാത്മിക–ദൈവികപ്രശ്നങ്ങളെപ്പററി അദ്ദേഹം നടത്തിയ ചില ചച്ചകൾ മതപണ്ഡിതന്മാരുടെ വിമശനത്തിന്നു വിഷയമായിട്ടുണ്ട്. എന്നാൽ കാരെലിൻെറ മുഖ്യനിഗമനങ്ങൾ ആ വിമർശകരും ആദരിക്കുന്നു. ശാസ്ത്രത്തിൻെറ കാഴ്ചപ്പാടിൽനിന്നു നോക്കുമ്പോൾ ഭൌതികവിശ്വദർശനത്തിന്നുള്ള പാപ്പരത്തം, ആദ്ധ്യാത്മിക–മതാത്മകമൂല്യങ്ങളുടെ ദേശകാലാതിവത്തിത്വം–ഇതു രണ്ടുമാണ് കാരെൽസ്സന്ദേശത്തിൻെറ കാതൽ.

☆

CARMEL LIBRARY
No. 1451
ALWAYE-S.A.M.-KERALA.

# രോഗികളുടെ തീവണ്ടി

തീവണ്ടിയുടെ ചൂളംവിളി മുഴങ്ങി. വെള്ളവസ്ത്രങ്ങളം ധരിച്ച സ്ത്രീകളം ജനാലകളിലൂടെ കൈലേസുകളം വീശി. ബലഹീനനും പരിഭ്രമവിവശനുമായ ഒരുാംനാടൻരോഗിയെ കമ്പാർട്ടുമെൻറിൽ കയറാൻ സഹായിച്ചുകൊണ്ടു് ഒരു വൃദ്ധപുരോഹിതൻ നീണ്ട തീവണ്ടിയോടു് ചേൎന്നു പ്ലാററഫോമിലൂടെ വേഗം നടന്നു. ഇദ്ദേഹമാണു് തീൎത്ഥാടകസംഘത്തിൻെറ മേൽനോട്ടം വഹിക്കുന്ന വൈദികൻ. ലൂയിസ് ലെറാക്കു്* അടുത്തുചെന്നു അദ്ദേഹത്തെ അഭിവാദ്യംചെയ്തു. അദ്ദേഹം ഹൃദ്യമായി ഹസ്തദാനം ചെയ്തിട്ടു് 'മാനേജ്മെൻറ്'' എന്നെഴുതിപ്പിടിപ്പിച്ചിരുന്ന പ്രത്യേകതീവണ്ടിമുറിയിലേയ്ക്കു് ലെറാക്കിനെ ക്ഷണിച്ചു.

വണ്ടി സ്റ്റേഷനിൽനിന്നു പുറത്തേക്കു ഇഴഞ്ഞുനീങ്ങി. തീൎത്ഥാടകസംഘത്തിൻെറ മാനേജർ ഡോക്ടർ ലെറാക്കിനെ ഒരു മെത്രാ

* ഡോക്ടർ കാരെൽ തന്നെയാണു് ഈ ലെറാക്കു്. Carrel എന്ന പേർ പിറകോട്ടു വായിക്കുമ്പോൾ കിട്ടുന്ന രൂപമത്രേ Lerrac

നമായി പരിചയപ്പെടുത്തി. മെത്രാൻ വിട്ടരതയിലേക്കൊന്നോർ ണം ഒരു പുഞ്ചിരി പൊഴിച്ചു. കട്ടിനാം ആർച്ച്ബിഷപ്പിൻെറ പ്രതിനിധിയായി തീർത്ഥാടകരോടൊപ്പം ലൂർദ്ദിലേക്ക് പോകു വാൻ നിയമിതനായ വികാരി ജനറൽ ആയിരുന്നു അദ്ദേഹം. അവരെല്ലാം ഒരു കമ്പർട്ടുമെൻറിൽ തന്നെയാണിരുന്നത്.

കഫൈൻ, മോർഫൈൻ, ഈതർ എന്നീ ഔഷധങ്ങളും ഒരു സിറിഞ്ചും അടക്കംചെയ്ത മരുന്നുപെട്ടി ലെറാക്ക് ഭദ്രമായി സൂക്ഷിച്ചുവെച്ചു യാത്രക്കുവേണ്ടി അദ്ദേഹം എടുത്ത സജ്ജീകര ണങ്ങളായിരുന്നു അവ

ആ രണ്ടാംക്ലാസ് കമ്പാർട്ടുമെൻറിൽ നാലുപേരുണ്ടായിരു ന്നു—തീർത്ഥാടകസംഘത്തിൻെറ മാനേജർ, വികാരിജനറൽ, ല റാക്ക്, പട്ടുടുപ്പണിഞ്ഞ കുന്തംപോലെ ഇരുപ്പുറപ്പിച്ച മദ്ധ്യവയ സ്കയായ ഒരു സ്ത്രീ. പണക്കാരോടും ഭക്തജനങ്ങളോടും പുരോ ഹിതന്മാർ സാധാരണ കാണിക്കാറുള്ള സവിശേഷാദരവ് ആ സ്ത്രീയുമായുള്ളഅവരുടെ സംഭാഷണത്തിൽതെളിഞ്ഞുനിന്നു. മദാം ദേ ആർ എന്നായിരുന്നു ആ വനിതയുടെ പേർ. അവരുടെ തല ക്കമീതെ പലകപ്പുറത്ത് പലതരം വിശിഷ്ടവസ്ത്രങ്ങൾ കെട്ടുകെട്ടാ യി അടുക്കിവെച്ചിരുന്നു. ആ സ്ത്രീക്കു നാല്പത്തഞ്ചുവയസ്സോടടുത്തു പ്രായം വരും. നിറപ്പകിട്ടുള്ള ആ പ്രസന്നവദനത്തിൽ അന്തസ്സും ആഭിജാത്യവും ഓളം വെട്ടി അവരുടെ കൊഴുത്തുരുണ്ട വിരലു കൾ നിറയെ മോതിരങ്ങൾ കാണപ്പെട്ടു. അവർ ഏതെങ്കിലുമൊരു ജീവകാരുണ്യപ്രവർത്തക സംഘടനാദ്ധ്യക്ഷൻെറ പത്നിയായിരി ക്കണം, അഥവാ ഫ്രഞ്ചു ദേശീയപ്രസ്ഥാനത്തിലെ ഒരു പ്രമുഖാം ഗമായിരിക്കാം—ലെറാക്ക് ആത്മഗതം ചെയ്തു

വികാരിജനറൽ കറുത്ത പട്ടുകൊണ്ടുണ്ടാക്കിയ കൈപ്പത്തി യുറകൾ എടുത്തണിഞ്ഞു ചുകന്നതും മനോഹരമായലങ്കരിച്ചതു മായ പട്ടുംകൂടിത്തൊപ്പി തലയിലും ധരിച്ചു

നമ്മുടെ സാധാരണ പ്രതീക്ഷകൾക്ക വിപരീതമായി ലൂർദ്ദ് സംഭവങ്ങൾ വാസ്തവികങ്ങളാണെന്നു വന്നാലോ? എന്നാൽ സർവ്വാധികം രസകരമായ ഒരു കാര്യം കണ്ടെത്തുന്നതിനുള്ള അപൂർവ്വാവസരമായിരിക്കും അത്. ഏററവും ഗൌരവാവഹമായ ഏതാനും അനുമാനങ്ങളിലേയ്ക്കുള്ള വഴി അങ്ങനെ തുറന്നുകിട്ടുകയും ചെയ്യും.

ഈ വക ചിന്തകൾ അയവിറക്കിക്കൊണ്ട് ലൂർദ്ദിലേയ്ക്കുള്ള തീർത്ഥാടകസംഘത്തെ അനുഗമിക്കാനുള്ള അവസരം ലെറാക്ക് സസന്തോഷം സ്വാഗതംചെയ്തു. തീർത്ഥാടനത്തിൻെറ ഭാരവാഹിത്വം ഏററിരുന്ന മെഡിക്കൽ സംഘടനയിലെ ഒരു ഡോക്ടർ തൻെറ സ്ഥാനത്തു യാത്രയിൽ പങ്കുകൊള്ളുവാൻ ലെറാക്കിനെ ക്ഷണിക്കുകയാണുണ്ടായത്. ഇവരിരുവരും നേരത്തെതന്നെ പരിചയക്കാരായിരുന്നു. തീർത്ഥാടകർ നിറഞ്ഞ വണ്ടിയിൽ ചെയ്യുന്നത് അരോചകമായി തോന്നിയെങ്കിലും പുറപ്പെടാനു തന്നെ ലെറാക്ക് തീരുമാനിച്ചു. ഒരു ക്യാമറ, എണ്ണച്ചായങ്ങളും കൊള്ളുന്ന ഒരു പെട്ടി, കാണുന്നതൊക്കെ കുറിച്ചിടാനുള്ള നോട്ട് ബുക്ക്—ഇവയാണ് അദ്ദേഹം കൂടെ കൊണ്ടുവന്നിരുന്ന വസ്തുക്കൾ. ഈ രോഗികളെ പഠിക്കുക എത്ര ക്ലേശകരമാണെന്നു യാത്രയ്ക്കു മുമ്പു അവരെ പരിശോധിക്കുക എത്ര അസാദ്ധ്യപ്രായമാണെന്നു നേരത്തെ അറിഞ്ഞിരുന്നെങ്കിൽ അദ്ദേഹം മിയ്ക്കവാറും ഈ ഉദ്യമത്തിൽനിന്നു വിരമിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ അതിനുള്ള സമയം അതിക്രമിച്ചിരിക്കുന്നു*

* ലൂർദ്ദിലേയ്ക്കു പുറപ്പെടുന്നതിനുമുമ്പ് പല രോഗികളേയും അവധാനപൂർവ്വം പരിശോധിക്കാൻ കഴിയാത്തതിലുള്ള ലെറാക്കിൻെറ അതൃപ്തിയാണ് ഇവിടെ നിഴലിപ്പിയ്ക്കുന്നത്. എങ്കിലും മരീഫെറാണ്ടിൻെറ ദീനസ്ഥിതി തീവണ്ടിയിൽവെച്ചും ലൂർദ്ദിലെ ആസ്പത്രിയിൽവെച്ചും അദ്ദേഹം പൂർണ്ണമായി പരിശോധിച്ചുവെന്ന വസ്തുത മാന്യവായനക്കാരൻ ശ്രദ്ധിക്കണം. ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യമായ പെൺകുട്ടിയാണ് മരീഫെറാണ്ട്.

(മൂലത്തിലെ പ്രസാധകക്കുറിപ്പ്)

വികാരി ജനറൽ ഉണൎന്നു. അസഹ്യമായ ഉഷ്ണം. പുറമെ ഈച്ചകളുടെ മൂളിപ്പാട്ടും.

"നമുക്കു് ജപമാല ചൊല്ലാം." വികാരി ജനറൽ നിൎദ്ദേശം നല്കി: "മദാം ദേ ആർ നമുക്കുവേണ്ടി ഉറക്കെ ചൊല്ലും."

ഈ ബഹുമതിയിൽ അല്പം പരവശഭാവം പൂണ്ട മദാം ദേ ആർ ഒഴിഞ്ഞുമാറാൻ ശ്രമിച്ചു. പക്ഷെ ഒടുവിൽ വികാരി ജനറലിന്റെ നിബ്ബന്ധത്തിന്നു വഴിപ്പെട്ടു് അവർ പ്രാൎത്ഥന തുടങ്ങി.

ഫാദർ ബി. തടിച്ചു മുരടിച്ച വിരലുകൾകൊണ്ടു് ക്ഷീണഭാവത്തിൽ വലിയ കൊന്തക്കുരുക്കൾ ഉരുട്ടിക്കൊണ്ടിരുന്നു. ഡോക്ടർ ലെറാക്കു് തലയിൽനിന്നു തൊപ്പി മാററിയിട്ടു് അവരുടെ നേരെ സൂക്ഷിച്ചുനോക്കി.

മദാം ദേ ആറിന്റെ പ്രാൎത്ഥനകളും അവയ്ക്കുള്ള പ്രത്യുത്തരങ്ങളും ഒരു മുരളലിന്റെ പ്രതീതി ഉണ്ടാക്കിക്കൊണ്ടു് ഒന്നിനു പിമ്പേ ഒന്നായി ഇഴഞ്ഞുകൊണ്ടിരുന്നു. അവരുടെ കോളറിനു പിമ്പിൽ ഒരു മുഴ (Goitre) പൊന്തി നില്ക്കുന്നതു് സൂക്ഷിച്ചാൽ കാണാമായിരുന്നു. അവരും ആ അൎബുദം അപ്രത്യക്ഷമാകുമെന്ന പ്രതീക്ഷയോടെ ലൂൎദ്ദിലേക്കു് പോകുന്ന ഒരു രോഗിണിതന്നെ.

വികാരി ജനറൽ കുപ്പായത്തിന്റെ കൈകൾക്കുള്ളിലേയ്ക്കു് സ്വന്തംകൈകൾ കുത്തിക്കയററി. അദ്ദേഹത്തിന്റെ വിളറി ഞൊറിവീണ മുഖം ചിന്താധീനമായി. അധരങ്ങൾ വിറച്ചു. ആ വായ് മനോഹരവും പുരികങ്ങൾ കറുത്തുയൎന്നവയുമായിരുന്നു. അൎദ്ധനിമീലിതങ്ങളായ കണ്പോളകൾ ഇടയ്ക്കിടയ്ക്കു വിടൎന്നു. എല്ലാം നോക്കിക്കൊണ്ടിരുന്ന ആ നയനങ്ങളിൽ ബുദ്ധിവൈഭവം ഓളംവെട്ടി.

"പിതാവിന്റേയും പുത്രന്റേയും പരിശുദ്ധ ആത്മാവിന്റേയും നാമത്തിൽ ആമ്മേൻ." മദാംദേആർ ഒടുക്കം പറഞ്ഞു. റയിൽവേ ഭക്ഷണമുറിയിലെ വിഭവങ്ങൾ എങ്ങിനെയിരിക്കുമെന്നു വി

കാരി ജനറൽ അന്വേഷിച്ചു. ഉച്ചഭക്ഷണത്തിനു സൗകര്യങ്ങൾ എവിടെക്കിട്ടും? ലൂർദ്ദിലെ വിവിധഹോട്ടലുകളുടെ സ്ഥിതി എന്താണു്? തികച്ചും അസുഖകരമായ ഒരു കർത്തവ്യം കഴിയുന്നതും സുഖപ്രദമാക്കാൻ ശ്രമിക്കുന്ന മട്ടിലാണു് അദ്ദേഹം ഇതൊക്കെ ചോദിച്ചതു്.

ഫാദർ ബി.യുടെ ഉൽക്കണ്ഠ മുഴുവനും രോഗികളെപ്പററി ആയിരുന്നു.

"ഞാൻ ലൂർദ്ദിലേക്കു നയിക്കുന്ന ഇരുപത്തഞ്ചാമത്തെ തീർത്ഥാടനമാണിതു്." അദ്ദേഹം പറഞ്ഞു: "പരിശുദ്ധ കന്യക എപ്പോഴും വലിയ അനുഗ്രഹങ്ങൾ ഞങ്ങൾക്കു നല്കിയിട്ടുണ്ടു്. മൂന്നൂറു രോഗികളിൽ അറുപതു പേർക്കെങ്കിലും തിരിച്ചുപോകുമ്പോൾ രോഗം കുറഞ്ഞതായോ സുഖപ്പെട്ടതായോ തോന്നും."

"അപ്പോൾ രോഗശാന്തി പ്രതീക്ഷിച്ചു് ഈ ദീർഘയാത്രയുടെ ദുരിതങ്ങളെല്ലാം അനുഭവിക്കുന്ന മററുള്ളവരുടെ കാര്യമോ?" ലെറാക്കു് ചോദിച്ചു: "അവരുടെ ആശകൾ തകരുമ്പോൾ ക്ഷീണവും നൈരാശ്യവുംകൊണ്ടു് അവർ മരിച്ചുപോകേണ്ടതല്ലേ?"

"വിശ്വാസം ഒഴിച്ചുനിർത്തിക്കൊണ്ടാണു് താങ്കൾ ചിന്തിക്കുന്നതു്, പ്രിയ ഡോക്ടർ." ഫാദർ ബി. മറുപടി പറഞ്ഞു: "സുഖംപ്രാപിക്കാത്തവർ സംതൃപ്തരായാണു് തിരിച്ചുപോകുന്നതു്. മരണത്തെപ്പോലും അവർ സന്തോഷപൂർവ്വം സ്വാഗതംചെയ്യും!"

അവർ രണ്ടുപേരും വരാന്തയിലാണു് നിന്നിരുന്നതു്. വണ്ടി അതിവേഗം ഓടിക്കൊണ്ടിരുന്നു. മഴക്കാറുകളിലൂടെ ചോർന്നു വീണ സൂര്യപ്രകാശം ഭൂമിയിലെങ്ങും വെൺചാർ പൂശി. വസന്തകാലജലം നിറഞ്ഞ നദി ഇരമ്പിപ്പാഞ്ഞു. ഇരുവശത്തുമുള്ള താഴ്ന്ന തീരങ്ങളിൽ വള്ളിച്ചെടികളും പോപ്ലാർമരങ്ങളും തഴച്ചു വളരുന്നുണ്ടായിരുന്നു. ഊക്കുള്ള തെക്കൻകാററിന്റെ മുമ്പിൽ മര

S.A.M. KERALA … LIBRARY No.

ങ്ങറം ചാഞ്ഞുനിന്ന കാഴ്ച മനോഹരമായിരുന്നു. വള്ളിച്ചെടികളുടെ ഇലകളിലൂടെ രജതരേഖകറം മിന്നിത്തിളങ്ങി.

ഈ ഭൂഭാഗഭംഗികറംക്കപ്പുറത്ത് ചക്രവാളപ്പുരപ്പിലെ മൂടൽമഞ്ഞിൻെറ അവ്യക്തതയിൽ കൃഷിസ്ഥലങ്ങളെ ചുററുന്ന മതിലുകറംപോലെ സൈപ്രസ്വൃക്ഷങ്ങറം നിന്നിരുന്നു. മേയ്മാസവണ്ണോജ്ജ്വലതയുടെ മദ്ധ്യേ വീണ കറുത്ത പാടുകളാണോ എന്നു തോന്നും അവ കണ്ടാൽ. എല്ലായിടത്തും പ്രകൃതിയുടെ ഉല്ക്കടജീവിതത്തിളപ്പ് പതച്ചുപൊങ്ങി. വസന്തം വികസിച്ചുനിന്ന ഗ്രാമപ്രദേശത്തിലൂടെ ഓടിക്കൊണ്ടിരുന്ന ആ തീവണ്ടിയിലെ യാത്രക്കാർ കൈവിട്ടുപോകുന്ന ജീവിതത്തെ എത്തിപ്പിടിയ്ക്കാനുള്ള അന്തിമശ്രമം സ്വയം അറിയാതെ നടത്തുകയായിരുന്നു.

സ്വന്തം മുറിയിലെ വീർപ്പുമുട്ടിയ്ക്കുന്ന അന്തരീക്ഷത്തിൽനിന്നു രക്ഷപ്പെടുവാനായി രാവിലെ ആറുമണിയ്ക്ക് ലെറാക്ക് വരാന്തയിലേയ്ക്കു വന്നു. അപ്പോഴും കേറംക്കാമായിരുന്നു ആ മുറിയ്ക്കുള്ളിൽ ഒരേ ഈണത്തിലുള്ള കൊന്തയെത്തിയ്ക്കൽ. അവസാനത്തെ കമ്പാർട്ടുമെൻറിൽ നാലു് വൈദികവിദ്യാർത്ഥികളും ഒരു വെളുത്ത പെൺകുട്ടിയുമിരുന്നു ചിരിക്കുകയും ഭക്തഗാനങ്ങറം ആലപിക്കുകയും ചെയ്തു.

ഇടത്തരക്കാരായ രണ്ടു ദമ്പതിമാർ ആ ഒന്നാംക്ലാസ് മുറി മുഴുവൻ തങ്ങളുടേതാക്കാൻവേണ്ടി അനവധി വലിയ മഞ്ഞത്തുകൽ ബാഗുകറം സവ്വത്ര നിരത്തിവെച്ചിരുന്നു. അടുത്തുള്ള വാതിലിനൽ നിർവൃതവദനയായ ഒരു കന്യാസ്ത്രീ ഇരിക്കുന്നുണ്ടു്. അതിന്നപ്പുറത്തെ മുറിയിൽ കാഴ്ച നഷ്ടപ്പെട്ട ഒരു കുട്ടിയുറംപ്പെട്ട ഒരു കുടുംബവും, തീർത്ഥാടകസംഘത്തിൻെറ ഉപനേതാവ് ഫാദർ പിയും തിങ്ങി കൂടിയിരിക്കുകയാണു്. ഈ വൈദികനും ഫാദർ ബി. യും മ്ലാനതാസാന്ദ്രമായ ആ തീവണ്ടിയിലെ രോഗികളുടെ യാത്ര

നകളിൽ ശ്രദ്ധാലുക്കളായിരുന്നു. രോഗികളെപ്പററിയുള്ള ആകുലത ഫാദർ ബി.യുടെ മുഖഭാവം വിളിച്ചുപറഞ്ഞു.

അദ്ദേഹം ലെറാക്കിനോട്ട് ചോദിച്ചു: "ഞങ്ങളുടെ രണ്ട് രോഗികഠം വല്ലാതെ വേദനയനുഭവിക്കുകയാണ്. അവക്ക് മോർഫൈൻ ഇഞ്ചെക്ഷൻ കൊടുത്തുനോക്കിയാലോ?"

രോഗികഠം ഇടതിങ്ങിക്കിടന്ന മുറികഠംക്കു വരാന്തയില്ലാതിരുന്നതിനാൽ വൈദികനും ലെറാക്കും അടുത്ത സ്റ്റേഷനിൽവെച്ച് പുറത്തിറങ്ങി മൂന്നാം ക്ലാസ്സിലേക്കു പോയി.

അതിലൊരു മുറിയിൽ നിരാശാജനകമായ രോഗം പിടിപെട്ട് എട്ടുമാസം കിടപ്പിലായിരുന്ന ഒരു പെൺകുട്ടിയുണ്ടായിരുന്നു—മരീഫെറാണ്ട്. വൈദികൻ ലെറാക്കിനെ അവളുടെ കമ്പാർട്ടുമെണ്ടിലേക്കു നയിച്ചു.

ഈ യാത്രക്കു ഏതാനും ദിവസംമുമ്പ് സെൻറ് ജോസഫ് ആശുപത്രിയിലെ ഒരു ഡോക്ടർ രോഗത്തിൻെറ അനിശ്ചിതാവസ്ഥ നിമിത്തം അവളുടെ മേൽ ശസ്ത്രക്രിയ നടത്താൻ ധൈര്യപ്പെട്ടില്ല. ലൂർദ്ദിലേക്കു പോകണമെന്നായിരുന്നു അവളുടെ ഉറച്ച തീരുമാനം.

"ഇവളെ പ്രത്യേകം നോക്കണമെന്നു എനിക്കു് നിർദ്ദേശമുണ്ട്." ഫാദർ ബി. ലെറാക്കിനോട്ട് പറഞ്ഞു. "നിങ്ങഠം ഇവളുടെ മേൽനോട്ടം ഏറെറടുക്കുകയാണെങ്കിൽ അതെനിയ്ക്ക് വലിയൊരാശ്വാസമാകും. അവളുടെ നില ആപല്ക്കരമാണ്. എന്ത് അത്യാഹിതവും സംഭവിക്കാൻ ഇടയുണ്ട്. അതാണെൻെറ പേടി.

അതിനുശേഷം അദ്ദേഹം ആ പ്രദേശത്തെ ഒരു യാഥാസ്ഥിതികപത്രം നിവത്തി വായനയിൽ മുഴുകി. വായനയിൽ നിന്നു

ടലെടുത്ത ചിന്തകളെപ്പററി അദ്ദേഹം ഇടയ്ക്കിടയ്ക്കു പ്രശാന്തമായ സ്വരത്തിൽ സഹയാത്രികരുമായി ചച്ച്ചെയ്തു. അടുത്തിരുന്ന മാനേജരുടെ മുഖത്തുനിന്നു വിയർപ്പുകണികകൾ ഒഴുകിക്കൊണ്ടിരുന്നു. സമയത്തു് സ്ഥലത്തെത്താൻ സൌകൎയ്യപ്പെടായ്കയാൽ പിമ്പിൽ ഉപേക്ഷിക്കേണ്ടിവന്ന രണ്ടു തീർത്ഥാടകരെപ്പററി വ്യസനിക്കുകയായിരുന്നു അദ്ദേഹം.

ഒരു താപസൻെറ മുഖഭാവമാണു് ആ വൃദ്ധവൈദികനുണ്ടായിരുന്നതു്. മൂക്കിനിരുവശത്തുമായി കാലം ആഴമുള്ള ചാലുകൾ ഉഴുതുവീഴ്ത്തിയിരുന്നു. അവ വായുടെ രണ്ടററവും വലിച്ചുതാഴ്ത്തുന്ന പ്രതീതിയുണ്ടാക്കി. മുഖത്തിൻെറ മദ്ധ്യത്തിൽക്കൂടി കത്തികൊണ്ടു വെട്ടിയുണ്ടാക്കിയ ഒരു നേരിയ വരപോലിരുന്നു അദ്ദേഹത്തിൻെറ വായ്. ഉയൎന്നു വളഞ്ഞ ആ പുരികങ്ങൾക്കു താഴെ വശ്യത നിറഞ്ഞ രണ്ടു നീലക്കണ്ണുകളിൽ ഒരു വിശ്വസ്തശുനകൻെറ നയനങ്ങളിലെന്നപോലെ, ആത്മാർത്ഥത മുററിനിന്നു. അവ അദ്ദേഹത്തിൻെറ പരുപരുത്ത മുഖത്തേയ്ക്കു് ശാന്തമധുരമായ ഒരു വെളിച്ചം വീശുന്നതായി തോന്നി. ആത്യന്തികമായ അത്തരം മുഗ്ദ്ധത ശിശുക്കളുടെ കണ്ണുകളിലോ ഏതാനും ചില സന്യാസിവൈദികരിലോ അനവധിവഷം വല്ല സന്യാസാശ്രമത്തിൻേറയും വാതിൽ കാവൽക്കാരനായി സേവനമനുഷ്ഠിച്ച ഒരു തുണസ്സഹോദരനിലോ അല്ലാതെ മററിടത്തു് വളരെ വിരളമായി മാത്രമേ കാണാറുള്ളു. ഒരു പുണ്യവാളൻെറ മുഖഭാവമാണതു്. തികച്ചും സാധാരണവും മിക്കവാറും മൂഢസഹജവുമായ അദ്ദേഹത്തിൻെറ ബാഹ്യരൂപത്തെ ആകപ്പാടെ ആകഷ്കമാക്കാൻ ആ സവിശേഷമുഖഭാവത്തിന്നു കഴിഞ്ഞു. അദ്ദേഹത്തിൻെറ പച്ചനിറത്തിലുള്ള കുപ്പായത്തിൻെറ തോളുകൾ പൊടി പുരണ്ടവയായിരുന്നു. അദ്ദേഹം വളരെ വിനയത്തോടെയാണു് വികാരിജനറലിനോടു് സംസാരിച്ചതു്. മദാം ദേ ആറിനോടൊപ്പം അദ്ദേഹവും വികാരി ജനറലിനെ സംബോധന ചെയ്തിരുന്നതു് "തിരുമേനി" എന്നായിരുന്നു.

തീവണ്ടി തെക്കോട്ടു് വായുവേഗത്തിൽ പായുകയാണു്. ചൂടു് കൂടിയ ആ ദിവസം ആകാശപ്പരപ്പിലൂടെ ഓടിപ്പോയ വെള്ളമേഘങ്ങളിൽനിന്നു കണ്ണഞ്ചിക്കുന്ന പ്രകാശം നാലുപാടും പരന്നു. മേയ്മാസാവസാനത്തെ സായാഹ്നങ്ങൾ ജൂലായിലെ ഏററവും ചൂടുള്ള ദിവസംപോലെ അസഹ്യമായിരുന്നു. ഒരു തടിച്ച ഞരമ്പു് ഫാദർ ബി.യുടെ നെററിത്തടത്തിൽക്കിടന്നു് ശക്തിയായി പിടച്ചു. കൈലേസ്സെടുത്തു് അദ്ദേഹം മുഖം തുടച്ചു.

വികാരിജനറൽ കൈ മാറോട്ചേർത്ത് അടക്കിപ്പിടിച്ച് കണ്ണടച്ചിരുന്നു. തീർത്ഥാടനം തുടങ്ങുന്നതിന്നുമുമ്പുതന്നെ ശേഖരിച്ചിരുന്ന രോഗവിവരണങ്ങൾ തരംതിരിച്ച് വെച്ചശേഷം മററു രോഗികളുടെ അതീതചരിത്രക്കുറിപ്പുകൾ വായിച്ചുനോക്കുന്ന ജോലിയിൽ റലൊക്കു് വ്യാപൃതനായി. ഫാദർ ബി. നല്കിയ ഈ രേഖകളിലധികവും രോഗികളെ നേരത്തെ ചികിത്സിച്ച ഡോക്ടർമാരുടെ സാക്ഷ്യപത്രങ്ങളായിരുന്നു. അവയൊന്നുംതന്നെ വ്യക്തമായ വിശദാംശങ്ങൾ ഉൾക്കൊണ്ടിരുന്നില്ല. അവയിൽനിന്നു വലിയ പ്രയോജനമൊന്നും അദ്ദേഹത്തിനു കിട്ടിയില്ല.

ലൂർദ്ദിലെ അത്ഭുതരോഗശാന്തിയെപ്പററിയുള്ള വിവരണങ്ങൾ ശരിയോ തെററോ എന്നറിയാൻവേണ്ടി രോഗികളെ പരിശോധിയ്ക്കുവാനായിരുന്നു ലൂയിസ് ലെറാക്കു് ഈ യാത്രയിൽ പങ്കുകൊണ്ടതു്.

ലയൺ സർവ്വകലാശാല വക മെഡിയ്ക്കൽസ്ക്കൂളിലെ പണ്ഡിതസമൂഹത്തിലെ ഒരംഗമെന്ന നിലയിൽ ശരീരഘടനാവിഷയകമായ ക്ലാസ്സുകൾക്കുവേണ്ടിയും പരീക്ഷണശാസ്ത്രത്തിലും അദ്ദേഹം വിശേഷവൈദഗ്ദ്ധ്യം നേടിയിരുന്നു. മനോരോഗവിജ്ഞാനീയത്തോടു് ബന്ധപ്പെട്ട പ്രശ്നങ്ങളിലും അദ്ദേഹത്തിനു പ്രത്യേകമായ അഭിരുചിയുണ്ടായിരുന്നു. ലൂർദ്ദിലെ രോഗശാന്തിയെപ്പററിയുള്ള കഥകൾ അദ്ദേഹത്തിൻെറ ശ്രദ്ധയെ നേരത്തെ ആകർഷിച്ചതാണു്. അവിടത്തെ വൈദ്യശാസ്ത്ര വിദഗ്ദ്ധസമിതിയുടെ

അധിപനായ ഡോക്ടർ ബുവസറിയുടെ രണ്ടു് ഗ്രന്ഥങ്ങളും, കത്തോലിക്കപത്രങ്ങൾ പ്രസിദ്ധീകരിച്ച അന്തംവിട്ട അവകാശവാദങ്ങളും ഉണ്ടായിരുന്നിട്ടും, ലൂർദ്ദ്സംഭവങ്ങൾ ശാസ്ത്രീയമായ ഒരു പഠനം അർഹിക്കുന്നവയാണെന്നു ലെറാക്കിനു ബോദ്ധ്യപ്പെട്ടിരുന്നു. എന്തൊക്കെയായാലും കത്തോലിക്കസഭയോടു് അനുഭാവമുള്ളവനെന്നു ഒരുതരത്തിലും സംശയിക്കപ്പെടാൻ പാടില്ലാത്ത എമിൽസോളപോലും അത്ഭുതാവഹങ്ങളായ ഈ സംഭവങ്ങൾ കാണുകയും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്.

ലൂർദ്ദിലെ രോഗശാന്തികളെ അധികരിച്ചു ശാസ്ത്രീയമായ ഒരു പഠനം ഒരിക്കലും ഉണ്ടായിട്ടില്ല. ആ വഴിക്കു് ഒരുദ്യമം നടത്തുവാൻതന്നെ ലെറാക്ക് തീരുമാനിച്ചു. രോഗശാന്തികൾ വെറും കാല്പനികങ്ങളാണെന്നു തെളിയുന്നുവെങ്കിൽ സമയം പാഴാക്കുകയല്ല താൻ ചെയ്യുന്നതു്. നേരെമറിച്ചു് അവ തികച്ചും വാസ്തവികങ്ങളാണെന്നുവന്നാൽ—കാരണം എന്തെങ്കിലുമായിക്കൊള്ളട്ടെ—ഈ വസ്തുത ശാസ്ത്രീയമായി സ്ഥിരീകരിക്കപ്പെടുന്നതു് വളരെ രസകരമായിരിക്കും.

ജീവശാസ്ത്രപരമായി പറഞ്ഞാൽ ഇത്തരം പ്രതിഭാസങ്ങളെ സംബന്ധിച്ചിടത്തോളം യാതൊന്നുംതന്നെ അറിയപ്പെട്ടിരുന്നില്ല. ഇനിയും പൂർണ്ണമായി മനസ്സിലാവാത്ത നിയമങ്ങളെ അടിസ്ഥാനമാക്കി എന്തിനെയെങ്കിലും നിഷേധിക്കുന്നതു് അബദ്ധമാണു്. ലൂർദ്ദിൽ അസാധാരണരോഗശാന്തികൾ നടക്കുന്നതായി മതപത്രങ്ങൾ അവകാശപ്പെടുന്ന നിലയ്ക്കു് ആ സംഭവങ്ങളെ വസ്തുനിഷ്ഠമായി പരിശോധിക്കുക ഉചിതമാണല്ലൊ. ഒരു രോഗിയെ ആസ്പത്രിയിൽവെച്ചു പരിശോധിക്കുന്നപോലെ അഥവാ ഗവേഷണശാലയിൽ നടത്തുന്ന ഒരു പരീക്ഷണംപോലെ ഇതു് ചെയ്യാൻ കഴിയും. പരിശോധനവഴി എന്തെങ്കിലും വഞ്ചനയോ തെറേറാ ലൂർദ്ദിൽ കണ്ടെത്തുകയാണെങ്കിൽ അക്കാര്യം പരസ്യമാക്കുകയും ചെയ്യാം.

ആ കമ്പാർട്ടുമെൻറിൻെറ വാതിൽ തുറന്നാണ് കിടന്നത്. ബഞ്ചുകരംക്കമീതെ വിരിച്ചിരുന്ന ഒരു കിടയ്ക്ക ഉള്ളിലേക്കുള്ള വഴി അടച്ചിരുന്നു. ആ കിടക്കയിൽ ശയിച്ചിരുന്ന പെൺകുട്ടിയുടെ മുഖം വലിഞ്ഞു ചാരനിറം പൂണ്ടതും അധരങ്ങരം വിളറിയവയു മായിരുന്നു.

അവരം പറഞ്ഞു: "ഞാൻ വളരെയേറെ കഷ്ടപ്പെടുന്നുണ്ട്. എങ്കിലും വന്നതിൽ എനിയ്ക്ക് സന്തോഷമേയുള്ളു. ഞാൻ വര രുതെന്നായിരുന്നു കന്യാസ്ത്രീകളുടെ ആഗ്രഹം."

"ഈ രാത്രി നിന്നെ കാണാൻ വീണ്ടും ഞാൻ വരാം." ലെ റാക്ക് പറഞ്ഞു: "അതിനിടയ്ക്ക് വേദന കൂടുകയാണെങ്കിൽ നേ ഴ്സ് വന്നു എന്നെ വിളിയ്ക്കട്ടെ. ആശ്വാസം കിട്ടാൻവേണ്ടി അപ്പോരം ഒരിഞ്ചക്ഷൻ തരാം."

ഫാദർ ബി.യോടുകൂടി പുറത്തേക്കിറങ്ങിയപ്പോരം ലെറാക്ക് അഭിപ്രായപ്പെട്ടു: "നിങ്ങളുടെ രോഗിണിയുടെ സ്ഥിതി അത്ര ആശാജനകമല്ല. യാത്രയ്ക്കിടയ്ക്ക് ഒരാരം മരിച്ചാൽ നിങ്ങരം എ ന്തുചെയ്യും?"

"അതൊരിക്കലും ഉണ്ടാകാറില്ല." ഫാദർ പ്രതിവചിച്ചു. "അഥവാ അങ്ങനെ സംഭവിക്കുകയാണെങ്കിൽ അടുത്ത സ്റ്റേഷ നിൽ എത്തുമ്പോരം മൃതദേഹം എടുത്തുമാററും. അത്രയേ ഉള്ളു."

എല്ലാ മുറികളിൽനിന്നും നേഴ്സ്മാർ പ്ലാററ്ഫോമിലേക്കു ഇറങ്ങിക്കൊണ്ടിരുന്നു. വിളറി ശോഷിച്ച വദനങ്ങരം ജനാലക ളിലൂടെ പുറത്തേയ്ക്ക് നോക്കി. ഗ്രാമീണവൈദികരുടെ ആനന്ദ ഭാവം തുളുമ്പുന്ന മുഖങ്ങളോടുകൂടിയ ഏതാനും കഷകരേയും അവി ടെ കാണാൻ കഴിഞ്ഞു. ഒട്ടധികം പെൺകുട്ടികരം പ്ലാററഫോ മിലൂടെ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നുണ്ട്. ഏററവും അനുയോ ജ്യമായ വെള്ളവസ്ത്രങ്ങളാണ് പരിചാരികമാർ ധരിച്ചിരുന്നത്.

ARA CHILDREN'S LIBRA
ST. ANTONY'S MONASTERY
ALWAYE
237

ഓരോ വണ്ടിയിലേക്കും പൂർണ്ണപരിശീലനം കിട്ടിയ ഒരു പരിചാരികയും ഏതാനും നേഴ്സിങ്ങ് വിദ്യാർത്ഥിനികളും നിയോഗിയ്ക്കപ്പെട്ടിരുന്നു. വെയിലേററു വാടിയ അവരുടെ മുഖങ്ങളിൽ ആശ്ചര്യഭാവം നിഴലിച്ചിരുന്നു. ചിലരെല്ലാം ഒഴിഞ്ഞ കുപ്പികളും പലതരം കെട്ടുകളും കൊണ്ടുവന്നിട്ടുണ്ടു്. കവിഞ്ഞൊഴുകുന്ന ആഹ്ളാദം എവിടേയും കാണായി.

ഈ തീർത്ഥാടനത്തിനു ഒരുല്ലാസയാത്രയോടു് പല സാദൃശ്യങ്ങളുമുണ്ടായിരുന്നു. പക്ഷേ താഴ്ന്നതരം നേരമ്പോക്കുകളും അശ്ലീലങ്ങളായ ഗാനാലാപങ്ങളുമൊന്നും അവിടെ കേട്ടില്ലെന്നു മാത്രം.

വെയിലേററു് നിറംമങ്ങിയ ആ ഗ്രാമീണപുരോഹിതൻ ഒരു മുറിയിൽനിന്നു മറെറാന്നിലേയ്ക്കു് സദാ ഓടിക്കൊണ്ടിരുന്നു. മലമ്പ്രദേശങ്ങളിൽനിന്നു വന്ന ഒരു കർഷകസംഘത്തിൻെറ നേതാവായിരുന്നു അദ്ദേഹം. അപ്പവും അടയും വീഞ്ഞുമെല്ലാം അവരോടൊരുമിച്ചു് അദ്ദേഹം എടുത്തുകഴിച്ചു.

വികാരിജനറൽ പ്ലാററ്ഫോംകടന്നു റെയിൽവേ ഭക്ഷണമുറിയിലേയ്ക്കു പോയി. തീർത്ഥാടകസംഘത്തിൻെറ വിനീതനായ മാനേജർ മൂന്നാം ക്ലാസ്സ്മുറിയിലേയ്ക്കാണു് ഉണ്ണാൻ പോയതു്. അതിനുള്ളിൽ പെട്ടികളും കൊട്ടകളും രോഗികൾക്കുള്ള വിഭവങ്ങളുമെല്ലാം കുന്നുകൂട്ടിയിട്ടിരുന്നു.

രാത്രി പത്തുമണിയോടടുത്തു. ചുകന്ന പട്ടം മുടിത്തൊപ്പിയുമണിഞ്ഞു വികാരിജനറൽ ഉറങ്ങാൻ കിടന്നു. വെളിച്ചം മങ്ങുവാൻവേണ്ടി ഒരു നീലത്തിരശ്ശീല വലിച്ചിട്ടു. പ്രശാന്തമായ അന്തസ്സോടുകൂടിയാണു് മദാം ദേ ആർ നിദ്രയാരംഭിച്ചതു്.

പുറത്തു നീലാകാശത്തിൽ ചന്ദ്രൻ തിളങ്ങിക്കൊണ്ടിരുന്നു. വിദൂരതയിലുള്ള കടല്ക്കരയിലെ മണൽപ്പരപ്പിലേയ്ക്കു തൂവെള്ളത്തി

രമാലകഠ ഡിന്നിലച്ചു. വേറൊരു കൊച്ചുസ്റ്റേഷനിൽ വിണ്ടി പെട്ടെന്നു നിന്നു. എവിടെയും ഇരുട്ട്. ലെറാക്ക് വാതിൽ പ്പടിയിൽ നില്ക്കുകയാണ്. ആരോ സംസാരിച്ചതുപോലെ അദ്ദേ ഹത്തിനു തോന്നി.

"ഡോക്ടർ, ഡോക്ടർ"—ഒരു സ്ത്രീയുടെ ശബ്ദമായിരുന്നു അ ത്. "ദയവായി വേഗം വരൂ. എന്തുചെയ്യണമെന്നു ഞങ്ങഠ ക്കറിഞ്ഞുകൂടാ."

ലെറാക്ക് നേഴ്സിൻെറ വെള്ളരൂപത്തെ അനുധാവനം ചെയ്തു നിരവധി വണ്ടികഠ കടന്ന് ഒരു മൂന്നാംക്ലാസ്സ് മുറിയി ലെത്തി.

പലകപ്പുറത്തു വിരിച്ച ലോലമായ കിടക്കയിൽ രോഗിണി ശയിച്ചിരുന്നു. അവളുടെ വീർത്ത ശരീരം കഠിനവേദന പൂണ്ട് ഇരുവശത്തേക്കും തിരിയുകയും മറിയുകയുമാണ്. സഹയാത്രക്കാർ നിസ്സഹായരായി അവളെ നോക്കികൊണ്ടിരുന്നു.

"എനിയ്ക്കു സഹിച്ചുകൂടാ. ഞാൻ മരിയ്ക്കാൻ പോവുകയാ ണ്" ആ യുവതി ഞരങ്ങി. "രണ്ടു മണിക്കൂറായി തുടങ്ങിയിട്ട്. ഡോക്ടർ, എന്നെ ഒന്നു സഹായിയ്ക്കേണേ!"

ലെറാക്ക് അവഠക്കു മോർഫ്യൻ ഇഞ്ചെക്ഷൻ കൊടുത്തു. വേദന പെട്ടെന്നു കുറഞ്ഞു.

"എനിയ്ക്കു ഏതുദ്യോഗമുണ്ട്" അവഠ പറഞ്ഞു: "ദേഹം മുഴ വനും നീരു വന്നിരിയ്ക്കുകയാണ്. അല്പംമുമ്പ് അവരെനിയ്ക്കു പ ഴങ്ങിയ രണ്ടു മുട്ടതന്നു. ഒരു പക്ഷേ ദഹനക്കേടായിരിയ്ക്കാം."

കഴിവുള്ളതൊക്കെ ലെറാക്ക് ചെയ്തു. എന്നാൽ വണ്ടി വീണ്ടും നില്ക്കുന്നതുവരെ അദ്ദേഹത്തിന് അവിടെതന്നെ തങ്ങേണ്ടി

വന്നു ആ മുറിയ്ക്കുള്ളിൽ നാല് സ്ത്രീകളും ഒരു ഗ്രാമീണനും ഒരു യുവാവുമാണുണ്ടായിരുന്നത്. ഈ യുവാവ് — എ. ബി — തന്റെ ഒരു പഴയ സതീൎത്ഥ്യനാണെന്നറിഞ്ഞപ്പോൾ ലെറാക്കിനു വലിയ ആശ്ചര്യമുണ്ടായി.

രാത്രി വളരെ ദീൎഘമായി തോന്നി. പകൽ രാത്രിയെ അടിച്ചോടിക്കാൻ വരുന്നതിന്ന് അല്പം മുമ്പുള്ള യാമം നിർഭാഗ്യരായ എല്ലാ മനുഷ്യൎക്കും — വിറയ്ക്കുകയും വേദനിയ്ക്കുകയും ചെയ്യുന്ന രോഗികൾക്കും അവരുടെ ശുശ്രൂഷകൎക്കുമെല്ലാം — ഭീതിയുടേയും യാതനയുടേയും നിരാശതയുടേയും സമയമാണ്.

അടുത്ത സ്റ്റേഷനിൽ വണ്ടിനിന്നു രാത്രി മുഴുവൻ മരീഫെറാണ്ടിനെ ശുശ്രൂഷിച്ച നേഴ്സ് രോഗിണി ബോധം കെടുന്നത് കണ്ട് പേടിച്ച് അതിവേഗം ലെറാക്കിനെ വിളിച്ചു.

മരീഫെറാണ്ട് മെത്തമേൽ കിടക്കുകയാണ്. അവളുടെ ശരീരം മുഴുവൻ വസ്ത്രംകൊണ്ട് മൂടിയിരുന്നില്ല. മുഖം പച്ചനിറം പൂണ്ടിരുന്നു. ഇതിനകം അവൾക്കു ബോധംവീണു. കമ്പാൎട്ടുമെൻറിൽ മങ്ങിയ വെളിച്ചം മാത്രമേ ഉണ്ടായിരുന്നുള്ളു. സഹിക്കവയ്യാത്ത ഉഷ്ണം. ലെറാക്ക് ജനാലയുടെ വാതിൽ താഴ്ത്തി. ഉള്ളിലേയ്ക്ക് ഓടിക്കയറിയ കൊച്ചിളംകാററ് അവളെ പൂൎണ്ണ ബോധാവസ്ഥയിലെത്തിച്ചു.

"ഞാൻ ലൂർദ്ദ്‌വരെ ചെന്നെത്തുകയില്ല. തീൎച്ച." വ്യഥാധീനയായി അവൾ വിതുമ്പി.

വണ്ടി നില്ക്കുമ്പോഴെല്ലാം യാത്രക്കാർ തമ്മിൽ കൂട്ടിയടിച്ചു. ആവൎത്തിച്ചാവൎത്തിച്ചുള്ള ഈ ഇളക്കങ്ങൾ രോഗികൾക്ക് അചിന്ത്യമായ വേദനയുളവാക്കി.

"വണ്ടി നിന്നപ്പോഴൊക്കെ അവൾ പ്രാണയാതനയനുഭവി

യ്ക്കുകയാണെന്നു തോന്നിപ്പോയി" നേഴ്സ് പറഞ്ഞു: "അവ ൾക്കു ബോധക്ഷയമുണ്ടായേക്കുമെന്ന് അപ്പോഴെല്ലാം ഞാൻ ഭയ പ്പെട്ടു. എന്തു ചെയ്യണമെന്ന് എനിയ്ക്കറിഞ്ഞുകൂടായിരുന്നു."

"എന്തായാലും അവൾക്ക് ഒരിഞ്ചെക്ഷൻ കൊടുക്കുക."— ലെറാക്ക്

മരീഫെറാണ്ടിൻെറ ശോഷിച്ച കയ്യിലെ വസ്ത്രം നേഴ്സ് വലിച്ചുകയററി. ലെറാക്ക് മോർഫൈൻകൊണ്ടു് സിറിഞ്ച് നിറച്ച് സ്പിരിററ്ലാമ്പിൻെറ അഭാവത്തിൽ കത്തുന്ന തീപ്പെട്ടി ക്കൊള്ളിയ്ക്കു മീതെ പിടിച്ച് സൂചി ചൂടാക്കി. പിന്നീട് അദ്ദേ ഹമതു് ആ വെള്ളത്തൊലിയ്ക്കുള്ളിലേയ്ക്കു് കുത്തിക്കയററി. പുക പുരണ്ട സൂചി അവിടെ ഒരു കറുത്ത പാടു് നിക്ഷേപിച്ചു.

"അഞ്ചുമിനിട്ടിനുള്ളിൽ വേദന നില്ക്കും. അതിനിടക്ക് നിൻെറ വയറൊന്നു നോക്കി അതിന്മേൽ കുറെ "ലാഡനം" (Lamdanum) പുരട്ടട്ടെ"

നേഴ്സ് കൗശലപൂർവ്വം മരീഫെറാണ്ടിൻെറ വീത്ത വയറ് നഗ്നമാക്കി. മിനുമിനുത്ത ചർമ്മം വലിഞ്ഞുനിന്നു. ഇരുവശങ്ങ ളിലേയ്ക്കുമായി വാരിയെല്ലുകൾ ഉന്തിയിരുന്നു. വയറുവീർപ്പിൻ കാരണം ഉള്ളിലുള്ള ഘനവസ്തുക്കളൊണെന്ന് തെളിഞ്ഞു. നാഭി ക്കുഴിയ്ക്കു താഴെ ഏതോ ദ്രാവകം കെട്ടിക്കിടന്നു. ക്ഷയംസംബ ന്ധിച്ച പെരിറെറാണിററിസിൻെറ (Tuberoular peritonitis) ഒരു തനി മാതൃകയായിരുന്നു അത്! വിരലുകളുടെ പിൻഭാഗം കൊണ്ട് ലെറാക്ക് ആ വയറൊന്നു തൊട്ടു നോക്കി. പനിയു ണ്ടായിരുന്നു കാലുകളും നീരു കൊണ്ട് വിങ്ങിയിട്ടുണ്ട്. ചങ്കി ടിപ്പും ശ്വാസോച്ഛ്വാസവും സാധാരണയിലധികം വേഗത്തി ലാണ്.

"നിൻെറ അച്ഛനമ്മയും ജീവിച്ചിരിപ്പുണ്ടോ?" ലെറാക്ക് രോഗിണിയോടു് ചോദിച്ചു.

"ഇല്ല, ഡോക്ടർ; അവർ മരിച്ചിട്ട് വർഷങ്ങൾ പലതു് കഴിഞ്ഞു."

"അവരുടെ മരണത്തിൻ കാരണമെന്തായിരുന്നു?"

"എൻെറ അച്ഛൻ ചോര തുപ്പി. അമ്മ വളരെക്കാലം രോഗിണിയായിക്കഴിഞ്ഞശേഷം 'ബ്രൊങ്കൈററിസ്' പിടിപെട്ട് മരിച്ചു."

മരീഫെറാണ്ടിനെ തീവണ്ടിയിലേയ്ക്കു് നയിച്ച കന്യാസ്ത്രീ ലെറാക്കിനോട് പറഞ്ഞു: "അവൾ ജീവിതകാലം മുഴുവനും രോഗിണിയായിരുന്നു."

ഏഴാം വയസ്സിൽ അവൾക്കു വരണ്ട ചുമ തുടങ്ങി തുടർന്ന് ചോര തുപ്പലും. എട്ടാമത്തെ വയസ്സിൽ പ്ലൂരസി പിടിപെട്ടു. അര ഗ്യാലനിലധികം ദ്രാവകം അവളുടെ ഇടത്തെ ശ്വാസകോശത്തിൽനിന്നു് എടുത്തുകളഞ്ഞതാണ്. അതിൽപ്പിന്നെ ആരോഗ്യസ്ഥിതി കുറെ മെച്ചപ്പെട്ടുവെങ്കിലും പൂർണ്ണസുഖം ഒരിയ്ക്കലും കിട്ടിയില്ല. കുറെക്കഴിഞ്ഞ് അവൾ ആസ്പത്രിയിൽ പ്രവേശിച്ചു. അവിടെവെച്ച് വയറുവേദന തുടങ്ങി. പനിയും കലശലായി. രോഗം ക്ഷയം സംബന്ധിച്ച പെരിറ്റോണിററിസ് ആണെന്ന് ഡോക്ടർ കണ്ടുപിടിച്ചു. കുറെ മാസങ്ങൾക്കുശേഷം ശസ്ത്രക്രിയയ്ക്കായി സെൻറ് ജോസഫ്സ് ആസ്പത്രിയിലേയ്ക്കു് അദ്ദേഹം അവളെ അയച്ചു. എന്നാൽ അവിടത്തെ മുഖ്യശസ്ത്രക്രിയാവിദഗ്ധൻ അവളുടെ ആരോഗ്യം പൊതുവേ ഏററവും മോശമെന്നു വിധിച്ചു. രോഗിണിയുടെ മരണം ഭയന്ന് ഓപ്പറേഷൻ നടത്താൻ അദ്ദേഹം ധൈര്യപ്പെട്ടില്ല. അവളുടെ നില ആശാരഹിതമാണെന്നു കുടുംബത്തെ അറിയിച്ചശേഷം ആദ്യത്തെ ആസ്പത്രിയിലേയ്ക്കു് അവളെ തിരിച്ചയച്ചു. ലൂർദ്ദിലേക്കു പോകണമെന്ന തീരുമാനത്തിൽ അവൾ ഉറച്ചു നിന്നു തന്നിമിത്തം ഒടുവിൽ അതിനുള്ള അനുമതി അവൾക്കു കിട്ടി

ഈ വിവരങ്ങളും ലെറാക്കിൻെറ നിരീക്ഷണങ്ങളും തമ്മിൽ പൂർണ്ണമായ യോജിപ്പുണ്ടായിരുന്നു. അദ്ദേഹം രോഗിണിയുടെ ഉദരം നോക്കിനിന്നു. കോക്കെയിൻ കൊടുത്തു ബോധം കെടുത്തിയ ശേഷം അവളുടെ നാഭിയ്ക്കു മുകളിൽ രണ്ടിഞ്ചളവിൽ ഒരു മുറിവുണ്ടാക്കാമെന്ന ചിന്ത അദ്ദേഹത്തിന്നപ്പോഴുണ്ടായി. അവൾ ലൂർദ്ദിൽനിന്നു ജീവനോടെ തിരിച്ചുപോരുന്നെങ്കിൽ ആ നിർദ്ദേശമുന്നയിയ്ക്കണമെന്ന് അദ്ദേഹം മനസ്സിലുറച്ചു.

മോർഫേയ്ൻ ഫലം കാണിച്ചുതുടങ്ങി.

"എനിക്കു സുഖം തോന്നുന്നുണ്ട്" അവൾ പിറുപിറുത്തു."

വീണ്ടും വണ്ടി നില്ക്കുന്നതുവരെ സ്വന്തം മുറിയിലേക്ക് തിരിച്ചുപോകുവാൻ സൌകര്യപ്പെടായ്കയാൽ ലെറാക്ക് അവിടെത്തന്നെ ഒരു ബെഞ്ചിൽ ഇരിപ്പുറപ്പിച്ചു.

സൂര്യൻ ഉദിക്കാറായി. ഏററവും തെളിഞ്ഞ നിർമ്മലാകാശത്തിൽ രാത്രിയുടെ ശീതളനീലിമ തങ്ങിനിന്നു. കൃഷിനിലങ്ങളിലെ മധുരപരിമളം എല്ലായിടത്തും വ്യാപിച്ചു. കട്ടി കുറഞ്ഞ ഒരു മൂടൽമഞ്ഞ് ചക്രവാളച്ചെരിവിലെ കുന്നുകളുടെ നിഴലണിഞ്ഞ പരിസരങ്ങളെ മറച്ചു.

പക്ഷേ രോഗികൾ വീർപ്പുമുട്ടി വിഷമിക്കുന്ന ആ അടഞ്ഞ മുറികളിലെ വൃത്തികെട്ട അന്തരീക്ഷത്തിലേക്കു പുലരിയിലെ തൈത്തെന്നൽ കടന്നുചെന്നില്ല.

മരീഫെറാണ്ട് മലർന്നുകിടന്ന് ആ അശുദ്ധവായു ശ്വസിക്കുകയായിരുന്നു. അവളുടെ നീലക്കണ്ണോളുകൾ അടഞ്ഞിരുന്നു, മോർഫേയ്ൻ അവളെ ഉറക്കിയപോലെ തോന്നി. ശാന്തതയിൽ ശയിക്കുന്ന ആ പെൺകുട്ടിയെ പ്രകടമായ ആശ്വാസവായ്പോടെ പരിചാരിക നോക്കിനിന്നു.

തീച്ച്യയാശ്യം യുവതിയായ ഈ നേഴ്സ് രോഗികളെ ശുശ്രൂഷിക്കുന്നത് വിശ്വാസത്തിൽനിന്നു പ്രചോദനം പൂണ്ടുകൊണ്ടാണ്. ഉല്ലൂണ്ടു മുററിയ അനവധി നിമിഷങ്ങഠം അവഠം തരണം ചെയ്തിട്ടുണ്ട്. കരുത്തുററവയെങ്കിലും മൃദുലമനോഹരങ്ങളായ അവളുടെ കൈവിരലുകഠം മാത്രമേ ലെറാക്ക് കണ്ടുള്ളു ഉടുപ്പിൻെറ കൈകഠം ബാക്കി ഭാഗം മുഴുവൻ മൂടിയിരുന്നു അവഠം ഒരു നേഴ്സിൻെറ പൂർണ്ണവേഷമാണണിഞ്ഞിരുന്നതെന്ന് അദ്ദേഹം കണ്ടു. തിളങ്ങുന്ന നയനങ്ങഠം അവളുടെ മുഖത്തെ ആകർഷകമാക്കി കറുത്ത പുരികങ്ങഠംക്കിടയിലുള്ള ആ കണ്ണുകളിൽ വെളിച്ചം വീശിയപ്പോഠം സുവർണ്ണബിന്ദുക്കഠം വെട്ടിത്തിളങ്ങി.

തീർത്ഥാടനത്തെപ്പററിയും ലൂർദ്ദിനെപ്പററിയും ലെറാക്ക് അവളോടു സംസാരിച്ചു.

മുറിയുടെ മറേറ അററത്ത് രണ്ടു സാധുസ്ത്രീകഠം ഇരിപ്പുണ്ട്. അവരിൽ ഒരുത്തിയോടൊപ്പം കാൽമുട്ടിൽ നീരുവന്നു വീർത്ത ഒരു ആൺകുട്ടിയെ കാണാം. മററവളോടുകൂടി പൂർണ്ണവളച്ച്യയെത്തിയ, സ്വബുദ്ധിയില്ലാത്ത (Idiot) മകളുണ്ട്. അവഠം നാക്കു പുറത്തുകാട്ടിക്കൊണ്ട് അവിടെ നിവർന്നിരുന്ന് മൃഗത്തെപോലെ മുരളുകയാണ്

കുന്നിൻനിരകളുടെ ഉച്ചിയിലേക്കു മെല്ലെ മെല്ലെക്കയറി വ്പോകുന്ന ബാലാക്കൻെറ പനിനീർപ്പൂനിറം പൂണ്ട കിരണങ്ങഠം വണ്ടിയുടെ വാതിലിന്മേലും രോഗിണിയുടെ മുഖത്തും വന്നുവീണു കൊണ്ടിരുന്നു.

പക്ഷികഠം പാടുവാൻ തുടങ്ങിക്കഴിഞ്ഞു. ചുററുമുള്ള നിലങ്ങളിൽനിന്ന് വൈക്കോലിൻെറ മോഹനപരിമളം ഉയന്നു.

ഭൂഭാഗഭംഗികളുടെ വിശദാംശങ്ങഠം പുലരിത്തുടുപ്പണിഞ്ഞു കൂടുതൽ കൂടുതൽ വ്യക്തങ്ങളായി കാണപ്പെട്ടു. ഈ സ്വർഗ്ഗീയസൌ

ദയ്യത്തിൻെറ പശ്ചാത്തലത്തിൽ വിജയശ്രീലാളിതമായ നാട്ടിൻ പുറത്തിലൂടെ ഓടുന്ന വണ്ടിക്കുള്ളിലെ രോഗികളുടെ ഭീകരയാതനക്കൂട്ടം ജീവിതത്തിലെ ഉല്ക്കടവൈരുദ്ധ്യത്തിൻെറ നിദശ്നമല്ലേ? ലെറാക്ക് വിചാരിച്ചു.

പ്രകൃതിയുടെ ഈ നിസ്തോഭപ്രശാന്തതയുമായി തട്ടിച്ചുനോക്കുമ്പോഠം യൗവ്വനത്തിൻെറ പടിവാതില്ക്കൽവെച്ചുതന്നെ മരണവുമായേററമുട്ടുവാൻ പോകുന്ന ആ കൊച്ചുപെൺകിടാവിൻെറ —മരീഫെറാണ്ടിൻെറ—വാടിയ മുഖം എത്ര ദയനീയതരമാണ്!

ഈ ദുർഭഗമനുഷ്യജീവികളിൽ ആരുംതന്നെ ജീവിതത്തെ പൂണ്ണസമ്മതത്തോടെ ത്യജിക്കുകയില്ല. ജീവിക്കാനുള്ള ഉഗ്രാഭിലാഷം, അസന്ദിഗ്ദ്ധമായ ഒരാവശ്യം, ഓരോരുത്തക്കും അനുഭവപ്പെടുന്നുണ്ടു്. സവ്വോന്നതമായ ഒരു ചിച്ഛക്തി തങ്ങളുടെ ശരീരഘടനയുടെ പ്രവത്തനങ്ങളെ സംരക്ഷിക്കുന്നുണ്ടെന്നും യാതൊരു അന്ധശക്തിയുടെ പ്രേരണയാലും അവയൊന്നും തകന്നുപോവുകയില്ലെന്നും വിശ്വസിക്കുന്നവർ എത്ര ഭാഗ്യവാന്മാർ!

ഉച്ചകഴിഞ്ഞു് മണി രണ്ടായി. വണ്ടി പ്രധാനസ്ഥാനത്തെത്താൻപോവുകയാണ്; ദീർഘവും കൈപ്പുററതുമായ ഈ യാത്രയുടെ ലക്ഷ്യം, ആ പാവനഭൂമി, അത്ഭുതനഗരം—ലൂർദ്ദ്—വസന്തകാലസൂയ്യൻെറ പ്രഭാപ്രചുരിമയിൽ മുഴുകി ഉടനെ അവക്ക് പ്രത്യക്ഷമാകും. പിരനിസ് പവ്വതനിരകളുടെ അടിവാരത്തിലുള്ള മൊട്ടക്കുന്നുകഠംക്ക് മുകളിൽ തടിച്ച വെണ്മേഘമാലകഠം അനക്കമില്ലാതെ തൂങ്ങിനില്ക്കുന്നു. നിശ്ചലവും ചൂടുററതുമായ അന്തരീക്ഷം. തിളങ്ങുന്ന വിഠല്ലാ വൃക്ഷനിരകളുടെ അങ്ങേ അററത്തുകൂടി ലൂർദ്ദിലെ കാട്ടുകല്ലോലിനി ഒഴുകിപ്പോകുന്നു. വിദൂരതയിലെ മൂടൽമഞ്ഞിന്നിടയിലൂടെ ലോലവും നിമ്മലവുമായ ഒരു ദേവാലയസ്തൂപം കൺമുമ്പിലേക്ക് പാഞ്ഞെത്തുന്നു.

*8

സ്റ്റേഷനിൽ എത്തുന്നതിനുമുമ്പുതന്നെ വണ്ടി നിന്നു. ഓരോ ജാലകത്തിലൂടേയും പുറത്തേക്കുനോക്കിയ രോഗികളുടെ വിളറിയ മുഖങ്ങൾ ആനന്ദവും ആവേശവുംകൊണ്ടു് തുടിച്ചു. തങ്ങളുടെ ദുരിതങ്ങൾ, കാററടിയേററ ധൂമപടലങ്ങൾപോലെ എവിടെവെച്ചു അപ്രത്യക്ഷമാകാൻ പോകുന്നുവോ ആ വിശിഷ്ടഭൂമിയെ അഭിവാദ്യംചെയ്യാൻ അവർ വെമ്പൽകൊണ്ടു.

ഉരുകിയ്ക്കുന്ന തീവ്രാഭിലാഷങ്ങളിൽ നിന്നും നൊമ്പരങ്ങളിൽനിന്നും സ്നേഹപാരമ്യങ്ങളിൽനിന്നുമുയന്ന വമ്പിച്ച പ്രതൃാശയുടെ നിശ്വാസങ്ങൾ എവിടേയും കേൾക്കാമായിരുന്നു.

വികാരി ജനറൽ ഇതിനകം ഉണന്നുകഴിഞ്ഞു. മദാം ദേആർ അലങ്കരിച്ച തുണിസ്സഞ്ചികളിലൊന്നിൽ തലയിണ എടുത്തുവെച്ചു് കെട്ടുകയാണു്. മഞ്ഞമരത്താൽപ്പെട്ടികളും വഹിച്ചുകൊണ്ടു് മധ്യവർഗ്ഗത്തിൽപെട്ട ആ ദമ്പതിമാർ വരാന്തയിലേക്കു് പാഞ്ഞെത്തിക്കഴിഞ്ഞു. ആരും മിണ്ടിയില്ല. ഓരോ രഹസ്യപ്രാർത്ഥനയും അത്ഭുതകരമായി സാധിച്ചുകിട്ടാൻപോകുന്ന പട്ടക്കുററൻ ദേവാലയത്തിലേയ്ക്കു് എല്ലാ കണ്ണുകളും തിരിഞ്ഞു.

ഒരു ശബ്ദം തീവണ്ടിയുടെ പിൻഭാഗത്തുനിന്നു ഭക്തിയുടേതായ ഗാനം ആലപിക്കാൻ തുടങ്ങി.

"ആവേ, മാരിസ്' സ്റ്റെല്ല.
ദേയി മാത്തെർ ആത്മ."

("കടൽത്താരമേ, ദൈവമാതാവേ, വന്ദനം.")

എല്ലാ വണ്ടികളിൽനിന്നും എല്ലാ കണ്ണങ്ങളിൽനിന്നും ആ പ്രാർത്ഥനാഗാനം മുഴങ്ങി. ആ ശബ്ദധോരണിയിൽ കൊച്ചുകുട്ടികളുടെ കിലുങ്ങുന്ന ഒച്ച തിരിച്ചറിയാമായിരുന്നു. അതുപോലെ തന്നെ വൈദികരുടെ ഉറച്ച പരുഷമായ സ്വരവും സ്ത്രീകളുടെ മധുരശബ്ദവും തിരിച്ചുകേൾക്കാൻ കഴിഞ്ഞു.

ഗായകസംഘാംഗങ്ങളായ പെൺകിടാങ്ങൾ പള്ളിപ്രാർത്ഥനകളിൽ എല്ലാ ദിവസവും പാടാറുള്ള ഗാനമായിരുന്നില്ല; പിന്നയോ ജീവിതമാകുന്ന അപ്പത്തിനു വേണ്ടി വിശക്കുന്ന ഏഴകളുടെ പ്രാർത്ഥനയായിരുന്നു അത്.

ലെറാക്കിൻെറ മുറിയിലുണ്ടായിരുന്ന ജനങ്ങൾ പെട്ടെന്ന് ആ ഗാനം ഏററുപാടാൻ തുടങ്ങി.

ക്ഷയരോഗിയായ പുരോഹിതൻെറ പരുക്കൻശബ്ദത്തേയും മദാം ദേ ആറിൻെറ പതറിയ ഒച്ചയേയും താങ്ങിക്കൊണ്ട് വികാരിജനറാളിൻെറ സ്പന്ദിയ്ക്കുന്ന സ്വരം ഒഴുകി. ഫാദർ പിയും തൻെറ കമ്പാർട്ടുമെൻറിലിരുന്ന 'ആവേമാരിസ് സ്റ്റെല്ല' ആലപിച്ചു. വണ്ടിയുടെ അങ്ങേ ഭാഗത്തുനിന്നു നിസ്തേജോവദനയും അരുണാക്ഷിയുമായ പെൺകുട്ടിയുടെ വളച്ചുചെന്ന സ്വരം കേൾക്കാമായിരുന്നു. വൈദികവിദ്യാർത്ഥികളും ചേർന്നുപാടി.

ഓരോ മുറിയിലേയും അന്തരീക്ഷം തുടിയ്ക്കുന്ന പോലെ തോന്നി. ആനന്ദത്തിൻേറയും പ്രത്യാശയുടേയും സ്തോത്രഗീതം അങ്ങനെ അലയടിയ്ക്കവേ സാവധാനം മുന്നേറുന്ന തീവണ്ടി ലൂർദ്ദ് സ്റ്റേഷനിലേയ്ക്കു പ്രവേശിയ്ക്കുകയാണ്.

★

# ഈശ്വരൻ ഉണ്ടെങ്കിൽ....!

സമയം ഉച്ചയോടടുത്തു. ലെറാക്ക് ഭക്ഷണമുറിയ്ക്കു് പുറത്തിറങ്ങി ഹോട്ടലിന്റെ തൺത്തിരുണ്ട ഉപശാല കടന്നുപോയി. മദ്ധ്യാഹ്നസൂര്യന്റെ കണ്ണഞ്ചിയ്ക്കുന്ന ഉജ്ജ്വലപ്രഭ നോക്കിക്കൊണ്ടു് അദ്ദേഹം വാതില്ക്കൽ അല്പനേരം നിന്നു. പിന്നീടു് ഒരു സിഗററിനു തീകൊളുത്തിയിട്ടു് നടകടന്നു തെരുവിലേയ്ക്കിറങ്ങി.

വിജനമായ ആ പെരുവഴിയുടെ മുകളിലുള്ള നീലാകാശം ഉച്ചവെയിലിന്റെ ആളിക്കത്തലിൽ തിളങ്ങിക്കൊണ്ടിരുന്നു. വീടുകൾ നീളംകുറഞ്ഞ കരിനിഴൽപ്പാടുകളെ പാതയിലേയ്ക്കെറിഞ്ഞു. ധവളാഭമായ ധൂളിപടലത്തിന്റെ തീക്ഷ്ണപ്രഭാപൂരത്തിൽ കണ്ണുകൾ വേദനിയ്ക്കുകയും അടഞ്ഞുപോവുകയുംചെയ്തു. പൊടി പറിപ്പിച്ചുകൊണ്ടു് ഒരു ചുടുകാററു് ഓടിപ്പോയി. മൂളുന്ന ഈച്ചകളാൽ ആകാശം നിറഞ്ഞിരുന്നു.

ഹോട്ടലിൽനിന്നു ഏതാണ്ടു് നൂറവാര അകലെ സ്ഥിതിചെയ്ത 'സപ്തശോകാംബിക' (Our lady of seven sorrows) എന്ന പടുക്കുററൻ ആസ്പത്രിക്കെട്ടിടത്തിലേയ്ക്കു ലെറാക്ക' മെല്ലെ നടന്നുപോയി. ഇവിടെയാണു് ലൂർദ്ദിലേയ്ക്കുള്ള തീർത്ഥാടനവണ്ടിയിൽവന്ന രോഗികളെ കിടത്തിയിരുന്നതു്.

വണ്ടിയിൽ വന്ന രോഗികളിൽ ചിലർ ലെറാക്കിൻെറ സവിശേഷശ്രദ്ധ ആകർഷിച്ചിരുന്നു. അവരെ സായാഹ്നസ്നാനത്തിന്നായി ഗ്രോട്ടോവിലേയ്ക്കു കൊണ്ടുപോകുന്നതിനുമുമ്പ് പൂർണ്ണമായി പരിശോധിയ്ക്കുവാൻവേണ്ടി അദ്ദേഹം ആസ്പത്രിയിലേയ്ക്കു് പുറപ്പെട്ടു.

''സപ്തശോകാംബിക''യെ പെരുനിരത്തിൽനിന്നു് വേർതിരിച്ചു നിലകൊണ്ട ഉയരമുള്ള പടിവാതില്ക്കൽ അദ്ദേഹം വേഗം ചെന്നെത്തി. പ്രവേശനദ്വാരത്തിനു് അപ്പുറത്തായി സൂര്യോഷ്ണത്തിൽ മരുഭൂമിപോലെ മിന്നുന്ന അതിവിശാലമായ ഒരു മുററമുണ്ടായിരുന്നു. ആസ്പത്രിക്കെട്ടിടത്തിൻെറയും കപ്പേളയുടേയും മുൻവശത്തു് ഭംഗിയിൽ ചെത്തിവളർത്തിയ കരുത്ത വേലിച്ചെടിനിരകൾക്കുള്ളിലായി പച്ചപ്പുല്ലണിപ്പുരപ്പുകൾ നീണ്ടുകിടന്നു.

രോഗികളെ എളുപ്പത്തിൽ നീക്കം ചെയ്യുന്നതിനുവേണ്ടി മുററത്തേയ്ക്കു രണ്ടു പാതകൾ വെട്ടിയിട്ടുണ്ടു്. ചുവന്നതും വെളുത്തതുമായ തിരശ്ശീലകൾകൊണ്ടലങ്കരിച്ച ഒരു നെടുനീളൻ കാർ ആ വഴിയിൽ കിടക്കുന്നതുകാണാം. ആശുപത്രിവകയായ ആ വാഹനത്തിൽ ലൂർദ്ദ്മാതാവിൻെറ ഒരു സന്നദ്ധഭടൻ ഇരുന്നു് ഉറക്കംതൂങ്ങുകയാണു്. മഞ്ചൽച്ചുമട്ടുകാരുടെ മഞ്ഞത്തോൽവാർ അയാൾ കഴുത്തിൽ ധരിച്ചിട്ടുണ്ടു്. പുകവലിയ്ക്കാനുള്ള ഒരു പൈപ്പ് വായിൽ വെച്ചുകൊണ്ടാണു് അയാളുടെ ഇരിപ്പു്. തൊപ്പിയുടെ കീഴ്ഭാഗം വളരെയേറെ വലിച്ചുതാഴ്ത്തിയിരുന്നതുകൊണ്ടു് അയാളുടെ പട്ടാളക്കൊമ്പൻമീശ മാത്രമേ പുറത്തുകാണാൻ കഴിഞ്ഞുള്ളു.

വേറെ രണ്ടു സന്നദ്ധഭടന്മാർകൂടി ആസ്പത്രിയിൽനിന്നു പുറത്തു വന്നു. ഒരുപക്ഷെ ഏതെങ്കിലും കത്തോലിക്കപ്രവർത്തനസംഘടനയുടെ അംഗങ്ങളായ തൊഴിലാളികളായിരിയ്ക്കാം അവർ.

സമുദായത്തിൻെറ എല്ലാ തുറകളിൽനിന്നും വരുന്ന സന്നദ്ധഭടന്മാരാണ് ലൂർദ്ദിൽ രോഗികളെ ശുശ്രൂഷിയ്ക്കുന്നത്. രോഗികളെ അങ്ങോട്ടുമിങ്ങോട്ടും ചുമന്നുകൊണ്ടു പോകുക, കുളങ്ങളിലിറക്കി കുളിപ്പിക്കുക, ഗ്രോട്ടോവിലും ആസ്പത്രിയിലും ക്രമംപാലിക്കുക — ഇതിനെല്ലാംവേണ്ടി ഏതാനും ആഴ്ചകൾ ചെലവഴിയ്ക്കാൻ അവർ ആണ്ടുതോറും അവിടെ വരാറുണ്ട്. വമ്പിച്ച തീർത്ഥാടനങ്ങൾ നടക്കുമ്പോൾ അവരുടെ ജോലികൾ വളരെ ക്ലേശകരമാണ്. എന്നാൽ ഏററവും വലിയ നിഷ്ഠയോടെ അവരത് നിർവ്വഹിക്കും. ഇവർ രോഗികളോട്ട് കാണിക്കുന്ന കരുണ നിസ്സീമമായിരുന്നു. തന്നിമിത്തം തൻെറ ജോലിയുടെ ഭാരം കുറയുന്നത് ലെറാക്ക് കണ്ടു

സന്നദ്ധഭടന്മാരുടെ നേതാവ് എസ്. എം. ആസ്പത്രിയുടെ വാതുക്കൽ നില്ക്കുകയാണ്. ചുററും കൂടിയിരുന്ന മഞ്ചൽവാഹകരോട് ഇഴയുന്ന നാടൻമട്ടിൽ അയാൾ സംഭാഷണം തുടങ്ങി. വിരിമാറിലാടിക്കൊണ്ടിരുന്ന നീണ്ട തൂവെള്ളത്താടിയും പച്ച നിറമാർന്ന ബഹുമതിമുദ്രകളും വെള്ളിക്കുരിശുകളുമെല്ലാം ഒരു പ്രമുഖവ്യക്തിയാണയാൾ എന്ന ബോധം കാഴ്ചക്കാരിലുളവാക്കി. സവിശേഷമനോഹരമായ ആ തോൽവാറു പൊപ്പിൽനിന്നു കിട്ടിയ സമുന്നതബഹുമതിചിഹ്നമായ ബട്ടൺദ്വാരത്തിലണിഞ്ഞിരുന്ന ചെമ്പിത്തയും അയാളുടെ വിശ്വസ്തസേവനത്തിന്നു സാക്ഷ്യം വഹിച്ചു ആകർഷകമായ പട്ടുതൊപ്പിയ്ക്കു താഴെ അയാളുടെ തടിച്ചു ചുവന്ന മുഖമാകെ വിയർപ്പു പൊടിച്ചുനിന്നു. ഒരാക്രമണത്തിന്നൊരുങ്ങുന്ന സേനാനായകനെപ്പോലെ ആവേശവും ഉല്ക്കണ്ഠയും പൂണ്ട് പരമോത്സാഹഭരിതനായി അയാൾ ആളുകൾക്ക് നിർദ്ദേശങ്ങൾ നല്കിക്കൊണ്ടിരുന്നു

ലെറാക്ക് അയാളെ അഭിവാദ്യംചെയ്തശേഷം തന്നിക്ക് സന്തോഷപൂർവ്വം സലാംപറഞ്ഞ ഒരു മഞ്ചൽച്ചുമട്ടുകാരനോട് സംസാരിക്കാൻ പോയി. തീവണ്ടിയിൽ വെച്ചുകണ്ട പൂർവ്വസഹപാഠി ഏ. ബി. ആയിരുന്നു അത്.

ഏ. ബി.യും തോൽവാറുകൾ ധരിച്ചിട്ടുണ്ട്. തീവണ്ടികളിലെ രോഗികളെ വഹിക്കുക, സ്റ്റേഷനിലെത്തുമ്പോൾ അവരെ പുറത്തിറക്കുക, ഉന്തുവണ്ടിയിൽ അവരെ ആശുപത്രിയിലേക്ക് കൊണ്ടുപോവുക, അവരുടെ വസ്ത്രങ്ങൾ മാററുക, അവരെ കുളത്തിൽ മുക്കുക ഇതെല്ലാമായിരുന്നു കഴിഞ്ഞ രണ്ടുദിവസമായി അയാൾ ചെയ്തുകൊണ്ടിരുന്ന വേലകൾ. കൃമികൾ പൊതിഞ്ഞ കീററത്തുണികളോ, ചലം മുററിയ വ്രണങ്ങളോ, രക്തപങ്കിലങ്ങളായ അർബ്ബുദങ്ങളോ ചീഞ്ഞളിഞ്ഞ ശരീരങ്ങളിൽനിന്നുയന്ന ബീഭത്സദുർഗ്ഗന്ധമോ ഒന്നുംതന്നെ അയാളിൽ വെറുപ്പിന്റെ ലാഞ്ഛനപോലും ഉളവാക്കിയില്ല എന്നാൽ പാരീസിലായിരുന്നപ്പോൾ ഏ. ബി. ഈ രോഗികളിൽ ഏററവും ശുചിത്വമുള്ളവനെ ഒരു വടിയുടെ അററം കൊണ്ടുപോലും തൊട്ടുമായിരുന്നില്ല.

ലൂർദ്ദിലെ അന്തരീക്ഷം ലെറാക്കിന്റെ ഉള്ളിൽ ഗാഢമായി പ്പതിഞ്ഞു

"എത്ര മണിക്കാണ് നിങ്ങൾ രോഗികളെ കുളങ്ങളിലേക്ക് കൊണ്ടുപോകുന്നത്?" അദ്ദേഹം ചോദിച്ചു

"ഒന്നരയ്ക്ക് " ഏ. ബി. മറുപടി കൊടുത്തു

"ശരി, നേരം ഇപ്പോഴും പന്ത്രണ്ടുമണിയായിട്ടില്ല." ലെറാക്ക് പറഞ്ഞു: "ധാരാളം സമയമുണ്ട്. നമുക്കല്പം നടക്കാം."

വിജനവും വെയിൽ പരന്നതുമായ ആ തെരുവിലൂടെ അവർ രണ്ടുപേരും നഗരമദ്ധ്യത്തിലേക്ക് നടന്നു. അലങ്കരിച്ച മേൽത്ത

ട്ടുകൾക്കു താഴെ കന്യകാമേരിയുടേയും ബർണ്ണദെത്തിൻേറയും ശബ ളാഭങ്ങളായ പ്രതിമകൾ പ്രദർശനത്തിന്നുവെച്ചിട്ടുള്ള കടകൾ വരി വരിയായി അവിടെ കണ്ടു. നിരനിരയായി നിന്ന വെള്ളവീട്ട കളുടെ നീലശീതളച്ഛായകൾ തെരുവിലേക്കു പതിച്ചുകൊണ്ടിരി ന്നു. അവിടെ ഉയൻറ കരിങ്കൽഭിത്തിക്കെതിരായി തണലിൽ ഒരു കൊച്ചുകാപ്പിക്കട ഉണ്ടായിരുന്നു.

ആ സ്ഥലത്തിൻെറ പ്രശാന്തതയാൽ പ്രലോഭിതരായ അവർ രണ്ടുപേരും അവിടെയുള്ള ചെറുകസേരകളിൽ ഇരുന്നശേഷം കാപ്പിയ്ക്കു് ആവശ്യപ്പെട്ടു. ഏ. ബി. മഷിയും കടലാസ്സും വരുത്തി, പാരീസ്സിൽ തനിച്ചു വസിക്കുന്ന യുവതിയായ പ്രിയത മയ്ക്കു് ഒരു കത്തെഴുതാൻ തുടങ്ങി.

ലെറാക്കു് ചുമരിലേക്കു ചാഞ്ഞിരുന്നു് തൻെറ സിഗററിൽ നിന്നു പുറപ്പെട്ട പുകച്ചുരുളുകൾ പ്രശാന്തമായ അന്തരീക്ഷത്തി ലേക്കു നേരെ ഉയരുന്നതു സൂക്ഷിച്ചു. ഉച്ചവെയിലത്തു് ആ കൊ ച്ചുതെരുവിലൂടെ ജനങ്ങൾ പോകുന്നതു് അദ്ദേഹം കണ്ടു. തൊ പ്പിയുടെ തഴെയായി ഏ. ബി. യുടെ നിറം മങ്ങിയ മുഖവും ലെറാക്കിനെറ ശ്രദ്ധയിൽപ്പെട്ടു. വാസ്തവത്തിൽ ഏ. ബി.യെ പ്പോലുള്ള ഒരു മനുഷ്യൻ ജുഗുപ്സാവഹരും നിസ്സഹായരുമായ രോഗികളോടൊപ്പം തേഡ്ക്ലാസ്സിൽ യാത്രചെയ്യതും അവരെ ശുശ്രൂഷിയ്ക്കാൻ അശ്രാന്തപരിശ്രമം നടത്തിയതും ലെറാക്കിനെ വല്ലാതെ ആശ്ചര്യപ്പെടുത്തി. അയാളുടെ ഭാര്യ ഗർഭവതിയാ യിരുന്നു. പിറക്കാൻപോകുന്ന പൈതലിനുവേണ്ടി കന്യകാമേ രിയുടെ അനുഗ്രഹങ്ങൾ പ്രാർത്ഥിയ്ക്കാനായി അവൾ അയാളെ ലൂ ർദ്ദിലേക്കു പറഞ്ഞയച്ചതാവാം. തീർച്ചയായിട്ടും അതുകൊണ്ടായി രിയ്ക്കാം ക്ലേശകരമായ ഈ വേല ചെയ്യാമെന്നയാൾ സമ്മതിച്ചതു്. ലൗകികനായ ആ യുവാവിനെ സംബന്ധിച്ചേടത്തോളം രോഗി കളെ കൊച്ചുവണ്ടികളിലാക്കി പ്രാർത്ഥനകൾ ഉറക്കെച്ചൊല്ലി ക്കൊണ്ടു് പൊതുനിരത്തുകളിലൂടെ വലിച്ചുകൊണ്ടു പോകുകയെ

ന്നതു് തികച്ചും അസുഖകരമായ ഒരു പ്രവൃത്തിയാണ്. എങ്കിലും ഒരു കൊച്ചുകുട്ടിയുടേതുപോലെ അയാളുടെ വിശ്വാസവും മുഗ്ദ്ധവും സംശയരഹിതവുമായിരുന്നു.

ഒരേ വിദ്യാലയത്തിൻെറ 'ഉല്പന്ന'ങ്ങളായിരുന്നു ലെറാക്കും ഏ. ബി. യും. ഒരേതരത്തിലുള്ള മതവിദ്യാഭ്യാസമാണു് അവർ സ്വീകരിച്ചതു്. എന്നാൽ പിന്നീട്ടു് പരുപരുത്ത ജീവിതപാശം അവരെ വിരുദ്ധമാർഗ്ഗങ്ങളിലേക്കു് വലിച്ചുമാററി. ആ സുഹൃത്തിൻെറ നേൎക്കു നോക്കിയപ്പോൾ താൻ എത്രമാത്രം വ്യത്യസ്തമായ രീതിയിലാണു് വികസിച്ചതെന്നു ലെറാക്കിനു ബോദ്ധ്യമായി. ശാസ്ത്രീയപഠനങ്ങളിൽ മുഴുകിയ ലെറാക്കിൻെറ മനസ്സു് വിമൎശനാത്മകമായ അപഗ്രഥനം (Critical Analysis) എന്ന ജൎമ്മൻചിന്താഗതിയാൽ ആകൎഷിക്കപ്പെട്ടു. ശാസ്ത്രീയസമ്പ്രദായത്തിൻെറ പരിധികൾക്കപ്പുറം ഒരു നിശ്ചയാത്മകതയുമില്ലെന്ന ഉറച്ച തീരുമാനത്തിൽ അയാൾ സാവധാനം എത്തിച്ചേൎന്നു. വിമൎശനാത്മകവിശകലനത്തിൽപ്പെട്ടു് അയാളുടെ മതബോധം അവസാനം പൂൎണ്ണമായി നശിച്ചുപോയി. മൃദുലമനോഹരമായ ഒരോമനക്കിനാവിൻെറ മോഹനസ്മൃതിയായിമാത്രം അതു് അയാളിൽ അവശേഷിച്ചു.

സഹിഷ്ണുതാത്മകമായ ഒരുതരം സന്ദേഹവാദത്തിൽ അയാൾ പിന്നീട്ടു് അഭയംതേടി. പ്രമാണാധിഷ്ഠിതമായ എന്തിനേയും അയാൾ വെറുത്തു. എന്നാൽ ആത്മാൎത്ഥതയുള്ള ഏതൊരു വിശ്വാസത്തിൻേറയും വില സമ്മതിച്ചുകൊടുക്കാൻ അയാൾ തയ്യാറായിരുന്നു.

ആദികാരണങ്ങൾ കണ്ടുപിടിക്കാനുള്ള ഉദ്യമം തികച്ചും നിഷ്പ്രയോജനമെന്നു അയാൾക്കു തോന്നി. പ്രകൃതിയുടെ പ്രതി

ഭാസങ്ങാം പഠിക്കുന്നതിൽ മാത്രമേ അയാളുടെ ശ്രദ്ധ പതിഞ്ഞിരുന്നുള്ളൂ. യുക്തിവാദം അയാളുടെ മനസ്സിന്നു പൂർണ്ണസംതൃപ്തിയരുളി. എന്നാൽ ഹൃദയത്തിൻെറ അഗാധതലങ്ങളിൽ ഏതോ ഒരു നിഗൂഢവേദന—വളരെ ഇടുങ്ങിയ ഒരന്തരീക്ഷം തന്നെ വീർപ്പുമുട്ടിക്കുകയാണെന്ന തോന്നൽ, നിശ്ചയാത്മകതയ്ക്കു വേണ്ടിയുള്ള അടങ്ങാത്തൊരു ദാഹം—ഒളിഞ്ഞുകിടന്നു.

ഉല്ക്കണ്ഠയും യാതനയും മുററിയ നിരവധി മണിക്കൂറുകാം തത്വശാസ്ത്രവും ദാർശിനികന്മാരുടെ കൃതികളും പഠിയ്ക്കാനായി അയാാം ചെലവഴിച്ചിട്ടുണ്ട്. ഒടുവിൽ ഒരുതരം ആന്തരികശാന്തി അയാാംക്കു കൈവന്നു. എന്നിട്ടുപോലും സത്യവും സമാധാനവും സ്നേഹവും വീണ്ടും കണ്ടെത്താമെന്നുള്ള അസ്പഷ്ടമായ ആശയെ അയാാം മനസ്സിൻെറ പശ്ചാത്തലത്തിൽവെച്ച് ഓമനിച്ചിരുന്നു.

ലൂർദ്ദിലേയ്ക്കുപോകുന്ന തീർത്ഥാടകരുടേയും പുരോഹിതന്മാരുടേയും മതാന്ധതയെ അയാാം ഒരേസമയം വെറുക്കുകയും ഇഷ്ടപ്പെടുകയും ചെയ്തു. അവരുടെ അടഞ്ഞ മനസ്സുകളെ അന്ധമായ വിശ്വാസം താരാട്ടുപാടി ഉറക്കുകയാണെന്നു അയാാംക്കു തോന്നി.

തൻെറ അറിവ് എത്ര പരിമിതമാണ്! ലെറാക്ക് ചിന്തിച്ചു. ഉള്ളിൽ സംഭരിച്ചുവെച്ചിരുന്ന സൌന്ദര്യസമ്പത്ത് ഈ ജ്ഞാനലബ്ധിയിൽ തനിയ്ക്കു നഷ്ടപ്പെട്ടു. കാപ്പിയിൽ മധുരം കലത്തിക്കൊണ്ടു് അയാാം ആലോചന തുടന്നു. സത്യം എപ്പോഴും സങ്കടകരവും കയ്പ്പുററതുമായ ഒരു വസ്തുവത്രേ; താൻ അസന്തുഷ്ടനായ ഒരു മനുഷ്യനാണ്.

ഏ. ബി. ഇതിനകം എഴുതിത്തീർത്ത കത്ത് ഒരു മഞ്ഞക്കവെ

റിലിട്ട് ഒട്ടിക്കുകയായിരുന്നു. ലെറാക്ക് ചോദിച്ചു! ഇന്നു രാവിലെ കുളത്തിൽവെച്ച് ഏതെങ്കിലുമൊരു രോഗി സുഖം പ്രാപിച്ചതായി നിങ്ങൾക്കറിയാമോ?"

"ഇല്ല" ഏ. ബി. ഉത്തരംപറഞ്ഞു. ഇന്നിവിടെ ആക്കും രോഗശാന്തി ഉണ്ടായില്ല. എന്നാൽ ഞാൻ ഗ്രോട്ടോവിൽവെച്ച് ഒരത്ഭുതംകണ്ടു. ഞാൻ കുളത്തിന്നടുത്തുകൂടി നടക്കുകയായിരുന്നു. അപ്പോൾ വൃദ്ധയായ ഒരു കന്യാസ്ത്രീ താങ്ങുവടികളുപയോഗിച്ചുകൊണ്ട് അവിടെ വന്നു. ഒരു കോപ്പയിൽ അല്പം വെള്ളമെടുത്ത് വലിയ കുരിശടയാളം വരച്ചശേഷം അവർ അതു കുടിച്ചു. ആ മുഖം മുഴുവൻ ആനന്ദംകൊണ്ട് തിളങ്ങി. അവർ താങ്ങുവടികൾ വലിച്ചെറിഞ്ഞ് മിക്കവാറും ഓടിത്തന്നെ ഗ്രോട്ടോവിലേയ്ക്ക് പോയി. അവിടെ പരിശുദ്ധ കന്യകയുടെ മുമ്പിൽ അവർ മുട്ടുകുത്തി. അവരുടെ രോഗം സുഖപ്പെട്ടുകഴിഞ്ഞിരുന്നു. ആറു മാസംമുമ്പുണ്ടായ ഒരു ഇടച്ചിയുടെ ഫലമായി അവരുടെ കാലിൽ ഏതോ മാറാവ്യാധി വദ്ധിച്ചതായിരുന്നു എന്നാണ് ഞാൻ കേട്ടത്."

ലെറാക്ക് നോട്ടുബുക്കിൻെറ താളുകൾ ഒന്നോടിച്ചുനോക്കി. "ലയൺസിലെ ഹൊട്ടേൽ ദീയുവിൽ നേഴ്സായി ജോലി ചെയ്തിരുന്ന കന്യാസ്ത്രീ അല്ലേ അത്? അവരല്ലേ സിസ്റ്റർ ഡി എന്നു പേരുള്ള ഉണങ്ങിവരണ്ട ആ കൊച്ചുകിഴവി?" ലെറാക്ക് ചോദിച്ചു.

"ങ്ാ, അതുതന്നെ." ഏ. ബി. പറഞ്ഞു.

"ശരി. അവരുടെ രോഗശാന്തി സ്വയം പ്രത്യായനത്തിൻെറ (Auto-suggestion) ഒരു തനി മാതൃകയാണ്" ലെറാക്ക് അഭിപ്രായപ്പെട്ടു. "ഞാൻ പരിശോധിച്ച രോഗികളിലൊ

രാളാണ് അവർ. അവരുടെ കാല് ഉളുക്കിയെന്നത് ശരിതന്നെ. പക്ഷേ, ലൂർദ്ദിലെത്തിയപ്പോഴെക്കും അത് പൂർണ്ണമായി സുഖപ്പെട്ടിരുന്നു. എങ്കിലും താനിനി ഒരിക്കലും സാധാരണരീതിയിൽ നടക്കുവാൻ പ്രാപ്തയാവുകില്ലെന്നു ആ നല്ല കന്യാസ്ത്രീ സ്വയം തീർച്ചപ്പെടുത്തി. അവർ ഒരു ഞരമ്പുരോഗിണി (Neurastenic) യായി തീർന്നു. കാലിൽ അസഹ്യവേദനയുണ്ടെന്നു ആവലാതിപ്പെട്ടു. താങ്ങുവടികൾ കൂടാതെ നടക്കുകയില്ലെന്നു നിർബ്ബന്ധവുമായി. ലൂർദ്ദ് അവസാനത്തെ ആശാകേന്ദ്രവും അസന്ദിഗ്ദ്ധമായ സുഖപ്രാപ്തിയുടെ പ്രാഭവമാണെന്നു അവർക്ക് മനസ്സിലായി. അവർ ലൂർദ്ദിൽവന്നു. സുഖം പ്രാപിച്ചു. ഇതിനേക്കാളധികം സ്വാഭാവികമായി വേറേ വല്ലതുമുണ്ടോ?"

"മററു ചികിത്സകളെല്ലാം പരാജയമടഞ്ഞിട്ടും ലൂർദ്ദ് അവരെ സുഖപ്പെടുത്തിയതിന് എന്തു വിശദീകരണമാണ് താങ്കൾക്ക് തരാനുള്ളത്?"

"അതോ," ലെറാക്ക് മറുപടി പറഞ്ഞു: "ഒരു തീർത്ഥാടനത്തിൽ പ്രത്യായനത്തിനു അവിശ്വസനീയമായ ശക്തിയുണ്ട്. നമ്മുടെ ഏററവും വലിയ ഡോക്ടർമാർക്കുള്ളതിനേക്കാൾ അധികമായ അതിരററ ശക്തിയാണത്. പ്രാർത്ഥനയിലൂടെ ഐക്യം നേടി ആവേശംകൊള്ളുന്ന ആൾക്കൂട്ടത്തിൽനിന്നു ഒരുതരം ദ്രാവകം നിർഗ്ഗളിക്കുന്നു. സിരാഘടന (Nervous system) യുടെ മേൽ വമ്പിച്ച സ്വാധീനം ചെലുത്തുവാൻ അതിനു കഴിയും. ആവയവിക (Organic) രോഗങ്ങളുടെ മേൽ മാത്രം അതിനു ഒരു ശക്തിയുമില്ല.

"ഇത്തരമൊരു പരാജയത്തിൻെറ ദുരന്തഫലങ്ങൾ ഞാൻ തന്നെ ഇന്നുരാവിലെ കാണുകയുണ്ടായി." ലെറാക്ക് തുടർന്നു:

"വൈദ്യരേഖാ ശേഖരത്തിൻെറ കാര്യാലയത്തിൽവെച്ച് ഞാൻ ഡോക്ടർ ബുവാസറിയുമായി സംസാരിക്കുകയായിരുന്നു. സുമുഖനും വിവർണ്ണനുമായ ഒരു കുട്ടിയെ നയിച്ചുകൊണ്ട് ഒരാൾ അവിടെ വന്നു. ആ ബാലന് ഏകദേശം പത്തുവയസ്സു പ്രായമുണ്ടായിരിക്കണം. വന്നയാൾ പ്രസിദ്ധനായ ഒരു ഡോക്ടറായിരുന്നെന്ന് പിന്നീട് അറിയാൻ കഴിഞ്ഞു. തീർത്ഥാടനത്തിനായി ലൂർദ്ദിലെത്തിയശേഷം അന്നു രാത്രി വീട്ടിലേയ്ക്ക് തിരിച്ചുപോവുകയാണെന്ന് അയാൾ പറഞ്ഞു. അയാളിൽ നിഴലിച്ചുകണ്ട നിരാശത ഞങ്ങളെ വല്ലാതെ വിഷമിപ്പിച്ചു. കുട്ടിയെ നിലത്തു കിടത്തിയശേഷം അയാൾ അവൻെറ കാലുറ വലിച്ചുനീക്കി. ബാലൻെറ മുട്ടിൻമീതെ ഒരിടത്ത് ഞരമ്പുകൾ കെട്ടിപ്പിണഞ്ഞുകിടന്നു. ആ ഭാഗത്തെ വെളുത്ത ചർമ്മം പച്ചനിറം പൂണ്ടിരുന്നു. ഞാൻ അവിടെ കൈവെച്ചുനോക്കി. എല്ലിന്മേൽ വന്നു വീർത്ത നീര് ഇരുമ്പുപോലെ കഠിനമായി തോന്നി. കൂടുതൽ പരിശോധിയ്ക്കേണ്ട ആവശ്യമൊന്നുമുണ്ടായിരുന്നില്ല. അസ്ഥിമേലുണ്ടാവുന്ന അർബുദത്തിൻെറ ഒരു സുവ്യക്തമാതൃകയായിരുന്നു അത്. ബാഹ്യദൃഷ്ടിയിൽ നിരുപദ്രവമെങ്കിലും വാസ്തവത്തിൽ മാരകമായ ഒരു ദീനം. ശസ്ത്രക്രിയ നടത്തിയാലും ഇല്ലെങ്കിലും ഒരാണ്ടിനുള്ളിൽ ആ ബാലൻ മരിയ്ക്കും.

"അവൻ എൻെറ ഏകപുത്രനാണ്," ആ പിതാവ് ദീനഭാവത്തിൽ പറഞ്ഞു. "ആ അർബുദം തീച്ചയായും അപകടകാരിയാണ്. ഭയങ്കരവേഗത്തിൽ അതു വളർന്നുവരുന്നു. ഞാൻ മതവിശ്വാസിയായിരുന്നില്ല." അയാൾ തുടർന്നു: "എന്നാൽ അവാച്യമായ ദുഃഖം നിമിത്തം എനിക്ക് മനഃപരിവർത്തനമുണ്ടായി. കത്തോലിക്കമതമനുസരിച്ച് ജീവിയ്ക്കാൻ തുടങ്ങി. എന്തെന്നാൽ എൻെറ മകനെക്കൂടാതെ എനിയ്ക്കു ജീവിക്കുക സാധ്യമല്ല. ഇവിടെ ലൂർദ്ദിൽ മൂന്നുദിവസത്തേയ്ക്കു ഞാൻ പ്രാർത്ഥിച്ചു, കരഞ്ഞു. എ

ന്നിട്ടും 'കന്യക' എൻെറ പ്രാൎത്ഥന കേട്ടില്ല. ആശയെല്ലാം അററു. ഇനി എൻെറ മകൻെറ കാല് മുറിച്ചുകളയണം; പിന്നീട് അവൻ മരിക്കുന്നത് ഞാൻ കാണണം."

"നോക്കു," ലെറാക്ക് ഉപസംഹരിച്ചു "ആവയവികരോഗങ്ങളുടെ മുമ്പിൽ ലൂൎദ്ദ് അശക്തമാണ്."

"എങ്കിലും ഒരുകാൎയ്യം താങ്കളോടു ഉറപ്പുപറയാൻ എനിയ്ക്കു കഴിയും." എ. ബി. മറുപടി പറഞ്ഞു. "ഇതുപോലെതന്നെ ഗുരുതരങ്ങളായ ദീനങ്ങളും സുഖപ്പെട്ടിട്ടുണ്ട്. 'എൽ' എന്ന സ്ഥലത്തുനിന്നുവന്ന ധാതുഖനനത്തൊഴിലാളിയെപ്പററി ഹെൻറി ലാസ്സെർ നല്കുന്ന വിവരണംതന്നെ എടുക്കുക. പതിനെട്ടു വയസ്സ് മുതൽ അയാളുടെ കാലിലെ രക്തധമനികൾ വീൎത്തു വ്രണങ്ങളുണ്ടാകുവാൻ തുടങ്ങി. അയാൾ കാലിൽ ലൂൎദ്ദ് ജലം പുരട്ടി ഒരു രാത്രികൊണ്ടു സുഖം പ്രാപിക്കുകയുംചെയ്തു. പിന്നെ ബൽജിയക്കാരി ജി ഡി.യുടെ കാൎയ്യം വേറൊരുദാഹരണമാണ്. കാലിൽ പന്ത്രണ്ടിഞ്ച്യ നീളമുള്ള ഒരു മുറിവുംകൊണ്ടാണ് അവൾ വന്നത്. അവൾ കുളത്തിലിറങ്ങി കരയ്ക്കു കയറിയപ്പോൾ മുറിവ് കാണ്മാനില്ലായിരുന്നു. പനിനീൎപ്പൂനിറമുള്ള ഒരു പാടുമാത്രം ശേഷിച്ചു.

'പോരെങ്കിൽ പിയേർ ഡി റൂഡറിൻെറ കഥയെടുക്കുക' എ ബി തുടൎന്നു പറഞ്ഞു. "അല്ലെങ്കിൽ സോള വിവരിക്കുന്ന ഗ്രിവോട്ട് സ്ത്രീയുടെ കാൎയ്യം നോക്കുക. അവരാരും ഞരമ്പുരോഗികളായിരുന്നില്ല. തീൎച്ച. എന്നിട്ടും അവർ സുഖംപ്രാപിച്ചു റൂഡറിൻെറ കാലിൽ എട്ടുകൊല്ലത്തേക്ക് ഒന്നിച്ചുചേരാത്ത ഒടിഞ്ഞ ഒരസ്ഥിയുണ്ടായിരുന്നു. അഞ്ചുമിനിട്ടിനുള്ളിൽ അയാൾക്കു സുഖപ്പെട്ടു"

'ആ കഥയെല്ലാം എനിയ്ക്കുറിയാം' ലെറാക്ക് പറഞ്ഞു. ഹെൻറിലാസ്സെർ, സിസറി, ബുവാസറി, സോള എന്നിവരുടെ റിപ്പോർട്ടുകൾ പഠിയ്ക്കുന്നതായി ഞാൻ ധാരാളം സമയവും ചിന്ത

യും ചെലവഴിച്ചിട്ടുണ്ട്. എന്നിട്ടും എനിക്ക് സംശയമാണ്. ശാസ്ത്രീയമായിരുന്നില്ല അവരുടെ സമീപനം. അതു സാമാന്യ ജനങ്ങൾക്കായുള്ള പ്രബോധനമോ ഭക്തിഭാസുരമായ പ്രചരണമോ ഭാവനാസൃഷ്ടിയോ എന്തെങ്കിലുമായിരിക്കാം. ശൈലി തീർച്ചയായും വളരെ നല്ലതുതന്നെ. വായിക്കാൻ ബഹുരസവും. പക്ഷേ അതൊന്നും വാസ്തവത്തിൽ പ്രാമാണികമല്ല"

'റൂഡറിന്റെ കാര്യം തീർച്ചയായും അവിശ്വസനീയമത്രേ;' ലെറാക്ക് തുടന്നു: "ജീവശാസ്ത്രനിയമങ്ങളെ എല്ലാം ലംഘിക്കുന്ന ഒരു കാല്പനികവിവരണമാണത്. മരമുകളിൽനിന്നു വീണ് കാൽ മുട്ടിനുതാഴെയുള്ള എല്ലൊടിഞ്ഞ ഒരു മനുഷ്യൻ അസ്ഥി ഒട്ടിച്ചേർന്നില്ല. ചലമൊലിക്കുന്ന വ്രണത്തിലൂടെ മുറിഞ്ഞ എല്ലിന്റെ രണ്ടററവും ആർക്കും കാണാമായിരുന്നു. നിങ്ങൾക്ക് വേണമെങ്കിൽ അയാളുടെ പാദം കൈയിലെടുത്ത് വട്ടംതിരിക്കാമായിരുന്നു.

"ബുവസറി പ്രസിദ്ധീകരിച്ച പ്രസ്താവനപ്രകാരം ലൂർദ്ദ് ഗ്രോട്ടോവിന്റെ ഒരു കൊച്ചുപ്രതിമ ഈ മനുഷ്യൻ വീട്ടിൽവെച്ചു വന്ദിച്ചുപോന്നു. ഒരുദിവസം ഭാര്യയുമൊരുമിച്ചു ലൂർദ്ദ്മാതാവിനോട് പ്രാർത്ഥിച്ചശേഷം അയാൾ വെറുതെ എഴുന്നേററുനടന്നു. അയാൾ പൂർണ്ണസുഖം പ്രാപിച്ചിരുന്നു. ഈ കഥ വാസ്തവത്തിൽ പ്രാമാണികമാണെങ്കിൽ ഈശ്വരന്റെ കയ്യൊപ്പുപോലെ അത് അത്ഭുതത്തിന്റെ ഒരുത്തമമാതൃകയായിരിക്കും. അവിശ്വാസികൾ പോലും അതു സ്വീകരിക്കേണ്ടതായിവരും.

"ഇത്തരം സംഭവങ്ങളെ പൂർണ്ണമായ സന്ദേഹദൃഷ്ടിയോടെ വീക്ഷിക്കേണ്ടത് നമ്മുടെ കർത്തവ്യമാണ്." ലെറാക്ക് തുടന്നു പ്രസ്താവിച്ചു. "മററുള്ളവരാൽ വഞ്ചിക്കപ്പെടാതിരിക്കുന്നതിനും ആത്മവഞ്ചന ഉണ്ടാകാതിരിക്കുന്നതിനും നാം സൂക്ഷിക്കണം. അത്ഭുതം നടക്കുന്നതിനുമുമ്പ് രോഗിയെ പ്രാപ്തനായ ഒരു ഡോക്ടർ

പരിശോധിച്ചുവോ എന്നു തീർച്ചപ്പെടുത്തുകയാണ് സർവ്വപ്രധാനമായ കാര്യം. ഇന്നുരാവിലെ സുഖം പ്രാപിച്ച ആ കന്യാസ്ത്രീയുണ്ടല്ലോ, അതുപോലൊരു രോഗി ബാഹ്യങ്ങളായ ഏതാനും ലക്ഷണങ്ങൾ കാണിക്കുന്നു. പിന്നീട് അവ പ്രത്യായനത്തിൻെറ ഫലമായി അപ്രത്യക്ഷമാകുന്നു. ഇങ്ങനെ പലപ്പോഴും സംഭവിക്കാറുണ്ട്. പലരിലും, പ്രത്യേകിച്ച് സ്ത്രീകളിൽ, ആവയവികരോഗത്തിൻെറ ലക്ഷണങ്ങളെ സിരാഘടന വലുതാക്കിക്കാണിക്കാറുണ്ട്. കണ്ണിലുള്ള നിസ്സാരമായ ഒരു പോറൽമാത്രം മതി ഒരിക്കലും സുഖപ്പെടാത്തവിധം നയനങ്ങൾ അടഞ്ഞിരിക്കുകയാണെന്നു തോന്നലുളവാകുവാൻ. വാസ്തവത്തിൽ അത് ഞരമ്പുസംബന്ധമായ തകരാറുകൾകൊണ്ടുണ്ടാകുന്ന ഒരു നേത്രരോഗം മാത്രമാണ്.

'തീർത്ഥാടനസമയത്തുണ്ടാകുന്ന വികാരതീവ്രത നിമിത്തം വെറും ഞരമ്പുസംബന്ധമായ ലക്ഷണങ്ങൾ അപ്രത്യക്ഷമാകുന്നു. രോഗി പൂർണ്ണമായും സുഖം പ്രാപിച്ച മട്ട് കാണിക്കുകയും ചെയ്യുന്നു. ഉടനെ അതൊരത്ഭുതമാണെന്നു പെരുമ്പറ അടിക്കുകയായി. വമ്പിച്ച ഒരു തീർത്ഥാടനം നടന്നുകൊണ്ടിരുന്നപ്പോൾ, ദീർഘകാലമായി രോഗം പിടിപെട്ട് ശോഷിച്ച് വിവശനായ ഒരാൾ അവിടെ ഉണ്ടായിരുന്നു. ദിവ്യകാരുണ്യപ്രദക്ഷിണത്തിൻെറ സമയത്ത് അയാൾ പെട്ടെന്നെഴുന്നേററുനിന്നു സുഖം പ്രാപിച്ചതായി അയാൾ വിളിച്ചുപറഞ്ഞു. ആസന്നമായ മരണത്തിൻെറ കരിനിഴൽ ആ മുഖത്ത് അപ്പോഴും കാണാമായിരുന്നു. അയാൾ ഒരടി മുന്നോട്ടുവെച്ചു ജനാവലി 'അത്ഭുതം' എന്നാർത്തുവിളിച്ചു. ആ ആഹ്ലാദാരവങ്ങൾക്കിടയ്ക്ക് ഒരു നിമിഷത്തേയ്ക്ക് ആ മനുഷ്യൻ ഉറച്ചുനിന്നു. തൽക്ഷണം അയാൾ നിലംപതിച്ചു— ഒരു ശവം!

'നിങ്ങൾ കാണുന്നില്ലേ' ലൊറാക്ക് ഏ. ബിയോട് ചോദിച്ചു. 'സ്വയം പ്രത്യായനത്തിനും സിരകളുടെ വികാരവിക്ഷോഭത്തിനും എന്തൊക്കെ ചെയ്യുവാൻ കഴിയുമെന്ന്?'

ഏ. ബി. മറുപടി പറഞ്ഞു: "ഇതെല്ലാമാണെങ്കിലും അർബുദംപോലെ യഥാർത്ഥമായ ആയവികരോഗങ്ങഠംപോലും മാറിക്കിട്ടുമെന്നു താങ്കഠംക്ക് ഞാൻ ഉറപ്പുതരുന്നു. പക്ഷേ താങ്കഠം അത് വിശ്വസിയ്ക്കുകയുമില്ല. കാരണം, അത്ഭുതങ്ങഠം അസാധ്യമാണെന്നത്രേ, താങ്കളുടെ ഉറച്ച ധാരണ. എങ്കിലും പ്രകൃതിനിയമങ്ങളുടെ സ്രഷ്ടാവായ ഈശ്വരന് അവയുടെ പ്രവർത്തനത്തെ തടയുന്നതിന്നു ശക്തിയുണ്ട്."

ഈശ്വരനുണ്ടെങ്കിൽ തീർച്ചയായും അത്ഭുതങ്ങഠം സാദ്ധ്യമാണ് ലെറാക്ക് പറഞ്ഞു. പക്ഷേ വാസ്തവത്തിൽ ഈശ്വരനുണ്ടോ? മനുഷ്യരുടെ മനോമണ്ഡലത്തിനു പുറത്തു 'കന്യക'യ്ക്ക് അസ്തിത്വമുണ്ടോ? ഇതൊക്കെ ഞാൻ എങ്ങിനെ അറിയും? അത്ഭുതങ്ങഠം സാദ്ധ്യമണെന്ന് തെളിവു കൂടാതെ സമ്മതിയ്ക്കുക പ്രയാസമാണ്. അതു പോലെ തന്നെ പ്രയാസമുള്ള കാര്യമാണ് അത്ഭുതങ്ങഠം അസാധ്യമണെന്ന് തെളിവു കൂടാതെ സമ്മതിയ്ക്കുക എന്നതും. പ്രത്യക്ഷവാദിയായ ഒരു താത്വികനും ഈ പ്രശ്നത്തെ ഇങ്ങനെ ആവിഷ്ക്കരിയ്ക്കുയില്ല. നാളിതുവരെ ഒരത്ഭുതവും ശാസ്ത്രീയമായി തെളിയിയ്ക്കപ്പെട്ടിട്ടില്ലെന്നു മാത്രം അയാഠം പറയും.

'മിസ്റ്റർ ഹെർമാൻസിൻെറ നേതൃത്വത്തിൽ അവതരിപ്പിയ്ക്കപ്പെട്ട ഒരു ശാസ്ത്രീയസിദ്ധാന്തമുണ്ടല്ലോ.' ലെറാക്ക് തുടന്നു: "അതനുസരിച്ച് അത്ഭുതം അസംബന്ധമാണ്. അത് സംഭാവ്യമല്ല. വാസ്തവത്തിൽ എൻെറ സഹപ്രവർത്തകന്മാരിൽ പലരും പ്രസ്തുത ചിന്താഗതി അംഗീകരിയ്ക്കുന്നവരാണ് എന്ന് പറയേണ്ടി വരുന്നതിൽ എനിയ്ക്കു ഖേദമുണ്ട്.

"ശാസ്ത്രീയമനസ്സിന് അത്ഭുതം ഒരസംബന്ധമാണ് എന്നാൽ തെററുവരാൻ ഇടമില്ലാത്ത സാഹചര്യങ്ങളിൽ വെച്ച് അതിൻെറ അസ്തിത്വം തെളിയുകയാണെങ്കിൽ ഒരു പരമാർത്ഥമായി അതിനെ അംഗീകരിച്ചേ തീരൂ. വസ്തുതയുടെ യാഥാർത്ഥ്യത്തെ

നിഷേധിയ്ക്കുവാൻ യുക്തിയ്ക്കു കരുത്തില്ല. ശാസ്ത്രീയമോ ദാർശനികമോ മതാത്മകമോ ആയ ഏതു സിദ്ധാന്തങ്ങളേയും തകിടം മറിയ്ക്കാനുള്ള ഉറച്ച അജയ്യശക്തി വസ്തുതകൾക്കുണ്ട്. എന്നാൽ നിങ്ങൾ ശാസ്ത്രീയനിരീക്ഷണ സങ്കേതം പരിത്യജിയ്ക്കുന്ന നിമിഷം അവ്യക്തതയുടേയും അന്ധജടിലതയുടേയും മൂടൽമഞ്ഞിൽപ്പെട്ടു നിങ്ങൾക്കു വഴി തെററിപ്പോകും."

"അത്ഭുതങ്ങൾ സംഭാവ്യമാണെന്ന് താങ്കൾക്കുറപ്പു വരുത്താൻ ഏതു തരത്തിലുള്ള രോഗമാണ് സുഖപ്പെട്ടു കാണേണ്ടത്." ഏ. ബി. ചോദിച്ചു.

"ഒരു ആവയവികരോഗം സുഖപ്പെടണം." ലെറാക്ക് മറുപടി പറഞ്ഞു. "വെട്ടിക്കളഞ്ഞ കാല് വളന്ന് പൂർവ്വരൂപം പ്രാപിക്കുക, അർബുദം അപ്രത്യക്ഷമാവുക, ജന്മനാ ഉള്ള ഒരു സ്ഥാനച്യുതി (Dislocation) പെട്ടെന്നു മാറിക്കിട്ടുക. ഇങ്ങനെ വല്ലതും സംഭവിക്കുന്നത് ശാസ്ത്രീയമായി തെളിയിക്കാമെങ്കിൽ നാം ഇപ്പോൾ സ്വീകരിക്കുന്ന നിയമങ്ങളുടെ തകർച്ചയെ അതു കുറിക്കും. അപ്പോൾ പ്രകൃത്യതീതശക്തിയുടെ ഇടപെടൽ നടക്കുന്നതായി സമ്മതിക്കുക അനുവദനീയമായിരിക്കും."

'ഇതൊക്കെ വളരെ വിഷമംപിടിച്ച കാര്യങ്ങളാണ്." ലെറാക്ക് തുടന്നു. 'എന്തെന്നാൽ നമുക്കിപ്പോഴും പ്രകൃതിനിയമങ്ങളെപ്പററി അധികമൊന്നും അറിഞ്ഞുകൂടാ. ആദിമമനുഷ്യനെപ്പോലെ നാമും മേഘങ്ങളിലുണ്ടാകുന്ന ഇടിമുഴക്കത്തെ ഈശ്വരകോപത്തിൻെറ ബാഹ്യപ്രകടനമായി കരുതാൻ ഇടയുണ്ട്. ഉന്മാദജമായ തളർവാതം (Hysterical paralysis) സ്നായുരോഗംമൂലം ഉണ്ടാകുന്ന അർത്രൈററിസ് (Neurasthenic arthritis) തുടങ്ങിയ രോഗങ്ങൾക്ക് ചികിത്സയില്ലെന്നു പണ്ടൊക്കെ കരുതപ്പെട്ടിരുന്നു. അവയൊക്കെ നിമിഷത്തിനുള്ളിൽ സുഖപ്പെട്ടുത്താമെന്നു നമുക്കിപ്പോൾ അറിയാം. അവ സുഖപ്പെടുന്നതിന്നു തികച്ചും വിശദീകരണക്ഷമങ്ങളായ കാരണങ്ങളുണ്ടെന്നു ഷാക്കോ തെളിയിച്ചിട്ടുണ്ട്.

'ഞാൻ ആവൎത്തിക്കുന്നു: തീക്ഷ്ണമായ ഉൽക്കണ്ഠയോടുകൂടി ഒരുമിച്ചുചേരുന്ന അനേകായിരം ജനങ്ങളിൽനിന്നു പുറപ്പെടുന്ന ശക്തിവിശേഷം അപാരമാണ്. വല്ലപ്പോഴെങ്കിലും നാമും ഇതുപോലെന്തോ അനുഭവിച്ചിട്ടുണ്ടാവും. അതിന്നുതന്നെ രോഗവിമോചകമായ ശക്തിയുണ്ടായിരിക്കാം.

'എന്നാൽ ആവയവികരോഗങ്ങളുടെ മേൽ ഈ ശക്തി പ്രവൎത്തിക്കുകയില്ലെന്നത് തീൎച്ചയാണ്. പിയെർ ദെ റൂഡറുടെ സുഖപ്രാപ്തി വാസ്തവികമാണെങ്കിൽ, ശാസ്ത്രജ്ഞന്മാർ അതു ക്രമികമായി നിരീക്ഷിച്ചിരുന്നെങ്കിൽ, പ്രകൃത്യതീതശക്തിയെ കൂടാതെ അതിനൊരു വിശദീകരണം നല്കുക എങ്ങിനെയെന്ന് എനിക്ക് മനസ്സിലാകുന്നില്ല. പക്ഷേ വിശ്വസിക്കുന്നതിന്നുമുമ്പ് അത്തരം കാൎയ്യങ്ങൾ കണ്ടേ തീരൂ '

'വെട്ടിമുറിച്ച ഒരു കാൽ വീണ്ടും വളൎന്ന് രൂപം കൊള്ളുമ്പോൾ, താങ്കൾ അവിടെ ഉണ്ടെങ്കിൽ വളരെ വിഷമിക്കേണ്ടിവരും.' എ. ബി. പറഞ്ഞു, 'താങ്കളുടെ സിദ്ധാന്തങ്ങളെല്ലാം അപ്പോൾ തകൎന്ന് തരിപ്പണമാകും.'

'അത്രയ്ക്ക് അതിപ്രധാനമായ ഒരു പ്രതിഭാസം ഞാൻ എന്നെങ്കിലും കണ്ടാൽ,' ലെറാക്ക് ഉത്തരം പറഞ്ഞു 'ലോകത്തിലുള്ള സകല സിദ്ധാന്തങ്ങളും അഭ്യൂഹങ്ങളും പൂൎണ്ണ സമ്മതത്തോടെ ഞാനപ്പോൾ വലിച്ചെറിയും. പക്ഷേ അത്തരം വലിയ അപകടമൊന്നും വരാനില്ല. ഞാൻ ഇവിടെ വന്നതിന്റെ ഏകോദ്ദേശം ഇതാണ്—കാണുന്നതൊക്കെ പരമനിഷ്ഠയോടെ കുറിച്ചെടുക്കുക എന്റെ രോഗികളെ കുളക്കടവിലേയ്ക്കു കൊണ്ടുപോകുന്നതിന്നു മുമ്പും പിമ്പും ഞാൻ പരിശോധിയ്ക്കും. അവരുടെ സ്ഥിതിയിൽ വല്ല മാററവും വന്നാൽ അതിന്നു ഞാൻ പ്രമാണങ്ങൾ തേടും. എല്ലാക്കാൎയ്യങ്ങളെപ്പററിയും ഞാൻ കുറിപ്പുകൾ എടുക്കുന്നുണ്ട്.

'എന്റെ ഈ പാനം പൂൎണ്ണമായും വസ്തുസ്ഥിതമായിരിക്കണെ

മെന്ന് എനിക്ക് ഉദ്ദേശമുണ്ട്.' ലെറാക്ക് തുടൎന്നു: 'നിങ്ങൾക്ക ഞാൻ ഉറപ്പുതരുന്നു, ഒരൊററ വ്രണം എൻെറ കൺമുമ്പിൽവെച്ചു അടയുന്നതായൊ സുഖപ്പെടുന്നതായൊ കണ്ടാൽ ഞാൻ ഒരു തീവ്ര വിശ്വാസിയായി മാറും; അല്ലെങ്കിൽ ഞാൻ ഭ്രാന്തനാകും. ഏതായാലും അതൊന്നും നടക്കാനിടയില്ല. എന്തെന്നാൽ ആവയവികരോഗങ്ങൾ പിടിപെട്ട ചുരുക്കം ചില രോഗികളെ മാത്രം പരിശോധിയ്ക്കാനുള്ള അവസരമേ എനിയ്ക്കു കിട്ടിയുള്ളു. ഞാൻ കണ്ടതിൽ നാലു 'കേസുകൾ' വളരെ രസമുള്ളവയാണ്. ഞരമ്പു സംബന്ധമായ തളൎവാതങ്ങളേയും (Nervous paralysis) വൈകാരികക്ഷോഭം മൂലമുണ്ടാകുന്ന ഉന്മാദങ്ങളേയും (traumatic hyst-erias) പരിശോധിയ്ക്കുന്നതിൽ മുഖ്യസമയവും ഞാൻ ചിലവഴിച്ചു. ഇവ തീൎച്ചയായും സുഖപ്പെടുമെന്നത്രേ എൻെറ പ്രതീക്ഷ. വളരെ വളൎന്ന ഹൃദ്രോഗവും വ്യക്തമായ കിതപ്പുമുള്ള ഒരു സ്ത്രീയുണ്ടിവിടെ. ഗുരുതരമാണ് അവളുടെ സ്ഥിതി. ഞാൻ അവൾക്ക 'ഡിജിമാററിസ്' കൊടുത്തുനോക്കി. വളരെ നിഷ്കൎഷയോടെ പരിശോധിച്ചിട്ടും, ഉന്മാദംമൂലം വൎദ്ധിച്ച ഹൃദ്രോഗമേ അവൾക്കുള്ളുവെന്ന് തെളിഞ്ഞു. അത് സുഖമാവും. നിരവധി രോഗികളുണ്ട് ഇതുപോലെ. അവർ ഒന്നുകിൽ സുഖം പ്രാപിയ്ക്കും അല്ലെങ്കിൽ അവരുടെ സ്ഥിതി കുറേക്കൂടി മെച്ചമാവുകയെങ്കിലും ചെയ്യും"

"ഇന്നു രാവിലെ ഞാൻ ഉന്തുവണ്ടിയിൽക്കയററിക്കൊണ്ടു വന്ന ആ യുവാവില്ലേ—തല ക്രിസ്തുവിൻെറതുപോലെ ഓൾ — അയാളുടെ കാര്യമോ?" എം. ബി. ചോദിച്ചു.

"ഓ, അതു ഭയങ്കരംതന്നെ." ലെറാക്ക് മറുപടി പറഞ്ഞു. "അയാളുടെ മലദ്വാരത്തിൽ അർബ്ബുദമുണ്ട്. അവിടെ നീരുവന്നു വീൎത്തിരിയ്ക്കുകയാണ്. കുറേ മാസങ്ങൾ മുമ്പ് അയാളുടെ മേൽ ശസ്ത്രക്രിയ നടത്തിയ ഡോക്ടർ മലവിസൎജ്ജനത്തിനുവേണ്ടി ഒരു കൃത്രിമദ്വാരമുണ്ടാക്കി. അർബ്ബുദം മെത്തി അതടഞ്ഞിരിയ്ക്കുകയാണിപ്പോൾ. ആ വളൎച്ചകൾ ഉദരത്തിന്മേലും വയറിൻെറ അടി

CARMEL LIBRARY
NO. ... ... ... ... ...
KERALA.

ത്തട്ടിലും എല്ലാം പടന്നുപിടിച്ചിട്ട് സിരകളിലേയ്ക്കു സംക്രമിക്കുകയാണ്. അയാഠം കുറേ ആഴ്ചകഠംകൂടി ജീവിച്ചെങ്കിൽ ഭാഗ്യം. പിന്നീട്ട് ഭീകരയാതനയനുഭവിച്ച് മരിക്കും.''

''പതിനഞ്ചുവയസ്സ് പ്രായമുള്ള ആ ബാലൻ എൽ പിയെ നിങ്ങഠം കണ്ടോ?'' ലറാക്ക് തുടന്നു: ''രണ്ടു മുഷ്ടിയുടെ വലുപ്പമുള്ള ഒരു നീരു അവൻെറ കവിളിലുണ്ട്. വികൃതനിറംപൂണ്ട കണ്ണുകഠം ഉറകളിൽനിന്ന് പുറത്തേയ്ക്കു് ഉന്തിനില്ക്കുകയാണ് രക്തം കലന്ന ചലം വായിലൂടെ ഒലിക്കുന്നുണ്ട്. മോണയെല്ലിലാണ് അർബുദം പിടിപെട്ടിരിക്കുന്നത്. അവനും അധികനാഠം ജീവിക്കുകയില്ല.

''എന്നാൽ മററെല്ലാവരേക്കാളും കൂടുതൽ മരണത്തോടടുത്തു നില്ക്കുന്ന ഒരു രോഗിയുണ്ട്. അവളുടെ കിടക്കയ്ക്കടുത്തേയ്ക്കു് ഞാൻ പല പ്രാവശ്യം വിളിയ്ക്കപ്പെട്ടു. അവളുടെ പേരു മരീ ഫെറാണ്ട് എന്നാണ്.

''ഭാഗ്യഹീനയായ ആ പെൺകുട്ടിയെ ബാധിച്ചിരിക്കുന്ന ക്ഷയസംബന്ധിയായ 'പെരിററൊണൈററിസ്'' അതിൻെറ അന്തിമഘട്ടത്തിലെത്തിയിരിക്കുകയാണ്. എനിയ്ക്കറിയാം അവളുടെ ചരിത്രം. അവളുടെ കുടുംബം മുഴവനും ക്ഷയംപിടിപെട്ട് മരിച്ചു. ക്ഷയത്തിൻെറ ഫലമായി അവഠംക്ക് വ്രണങ്ങളും ശ്വാസകോശവിജ്യംഭണവും നേരത്തെ ഉണ്ടായിരുന്നു. ഇക്കഴിഞ്ഞ കുറെ മാസങ്ങളായി 'പെരിററൊണൈററിസ്'' ഉണ്ടായിരുന്നതായി ഒരു സാധാരണ ഡോക്ടറും ബ്വോർദോയിലെ പ്രശസ്തശസ്ത്രക്രിയാവിദഗ്ധൻ ബ്രോമിയൂവും കണ്ടുപിടിച്ചിരിക്കുന്നു. വളരെ ഗുരുതരമാണ് അവളുടെ നില യാത്രക്കിടക്ക് 'മോർഫേൻ' കൊടുക്കേണ്ടിവന്നു. എൻെറ കൺമുമ്പിൽവെച്ചു ഏതു നിമിഷമെങ്കിലും അവഠം മരി

ച്ചപോയേക്കം. അവളുടേതുപോലുള്ള ഒരു രോഗം സുഖപ്പെട്ടെന്നെങ്കിൽ അതു തീർച്ചയായും ഒരത്ഭുതമായിരിക്കും. പിന്നെ എനിക്ക് സംശയമേ ഉണ്ടാവുകയില്ല ഞാൻ ഉടനെ ഒരു സന്യാസിയായിത്തീരും!'

'ശ്രദ്ധിച്ച സംസാരിക്കണേ! അവിവേകം പാടില്ലല്ലോ.' ഏ. ബി. ചിരിച്ചുകൊണ്ട് പറഞ്ഞു. 'ലൂർദ്ദിൽവെച്ച് പ്രകൃതിനിയമങ്ങളെല്ലാം കൂടക്കൂടെ തകിടംമറിയാറുണ്ട്. നിങ്ങൾ പറയുന്ന പെൺകുട്ടിയ്ക്ക് സുഖംകിട്ടുമെന്നാണ് എൻെറ ഉറച്ച വിശ്വാസം. അർബ്ബുദരോഗികളും കാലുകൾ ചുററിപ്പിണഞ്ഞ ആ കൂനനും അതുപോലെത്തന്നെ സുഖംപ്രാപിച്ചെന്നുവരാം. ഏതായാലും അയാളുടേത് തീർച്ചയായും ഒരു വല്ലാത്ത രോഗം തന്നെ. ഏറെക്കുറെ പതിനെട്ട വയസ്സുപ്രായം. ഒരു ശിശുവിൻെറ വലുപ്പമേയുള്ളു. അവന് നട്ടെല്ലിനെ ദ്രവിപ്പിച്ച കൂനുണ്ടാക്കുന്ന 'പോട്ട്സ് ഡിസീസ്' എന്ന രോഗം പിടിപെട്ടിരിക്കുകയാണ്. കാലുകൾ വളഞ്ഞു വയററിനോട്ട ചേർന്ന് കെട്ടിപ്പിണഞ്ഞിരിക്കുന്നു ഈ രോഗം ഇതിനുമുമ്പ് ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ അതൊന്നും ഇത്ര ഭയങ്കരമായിരുന്നില്ല. ഇതുപോലെ ഉല്ക്കടമായ നീരും ഉണ്ടായിരുന്നില്ല. വൈരൂപ്യം പൂണ്ട ഈ ദയനീയജന്തുവിന് സാധാരണബുദ്ധിശക്തിയുണ്ട്. അതാണ് ഏററവും വലിയ കഷ്ടം. പരിശുദ്ധകന്യക തന്നെ സുഖപ്പെടുത്തുമെന്നാണ് അവൻെറ ഉറച്ച പ്രതീക്ഷ.

"ഈ മനുഷ്യരുടെ കട്ടത്ത വിശ്വാസം കണ്ടാൽ അത്ഭുതം തോന്നും. എല്ലാവരും സുഖപ്രാപ്തി പ്രതീക്ഷിക്കുന്നുണ്ട്. ദീർഘവും ക്ഷീണകരവുമായ യാത്രക്കുശേഷവും അവർ ശാന്തരും സംതൃപ്തരുമായിക്കഴിയുന്നു മണി ഒന്നായി. നമുക്ക് തിരിച്ചുപോകണം."

ലെറാക്ക് പറഞ്ഞു: "രണ്ടു മണിയ്ക്കു് മരീ ഫെറാണ്ടിനെ ഞാൻ വീണ്ടും കാണും. അവളുടെ സ്ഥിതി അനുനിമിഷം മോശ

മാവുകയാണ്. അവരം ജീവനോടെ വീട്ടിൽ തിരിച്ചെത്തിയാൽ അതു തന്നെ ഒരത്ഭുതമായിരിക്കും. എന്റെകൂടെ വന്ന് അവളെ ഒന്നു കാണുക"

അവർ രണ്ടു പേരും കാപ്പിക്കടയിൽ നിന്നിറങ്ങി "സപ്തശോകാംബിക" ആസ്പത്രിയിലേക്കു നടന്നു.

ഏററവും ഗൗരവസ്ഥിതിയിലെത്തിയ രോഗികൾക്കുവേണ്ടി നീക്കിവെച്ചിരുന്ന സ്ഥലമാണ് "അമലോത്ഭവവാഡ്." ആസ്പത്രിയുടെ താഴത്തെ നിലയിലുള്ള ഇരുളടഞ്ഞ് പ്രശാന്തമായ ഒരു വലിയ മുറിയായിരുന്നു അത്. ചെറിയ ചില്ലിൻകഷണങ്ങൾ കൊണ്ടുണ്ടാക്കിയ ജനാലവാതിലിന്നപ്പുറം ഏകാന്തമായി കാണപ്പെട്ടു. പ്രകാശമാനമായ മുററത്തുനിന്നു തണുപ്പും മഞ്ഞലും കലന്ന വെളിച്ചംമാത്രം ഉള്ളിലേയ്ക്കു് എത്തിനോക്കി.

മുറിയുടെ അന്തരീക്ഷത്തിൽ രോഗാണുനാശകൗഷധത്തിന്റെ മനം മടുപ്പിക്കുന്ന മണം തിങ്ങിനിന്നു. കറുത്ത കമ്പിളികൾ കൊണ്ടു മൂടിയ ഇരുപതോളം കട്ടിലുകൾ ഭിത്തിയോടടുത്ത് ഇട്ടിരുന്നു. ചില രോഗികൾ കസേരകളിൽ ഇരിക്കുന്നു, ഇതരർ ഉടുത്തൊരുങ്ങി കിടക്കകളിൽ അമന്നുകിടക്കുന്നു. കുളക്കടവിലേക്ക് വാഹിയ്ക്കപ്പെടുവാൻ അവർ കാത്തിരിക്കുകയാണ്. അവരുടെ സമീപത്തുകൂടി ലെറാക്ക് നിശ്ശബ്ദനായി നടന്നുപോയി.

ഒരു ഡോക്ടർക്ക് ലൂർദ്ദിൽ കാര്യമായി ഒന്നുംതന്നെ ചെയ്യുവാനില്ല. തന്നിമിത്തം അയാളുടെ കടമകൾ വളരെ എളുപ്പമാണ്. ദിവ്യകന്യകയാണു് എല്ലാററിനും ഉത്തരവാദി. വേദന ഇല്ലാതാക്കുവാനും അർബുദങ്ങൾ നീക്കുവാനും രോഗികളെ സുഖപ്പെടുത്തുന്നതിനുമായി അവൾ അവിടെ കുടികൊള്ളുന്നില്ലേ? എപ്പോഴും ഒരു ഡോക്ടർ ഡ്യൂട്ടിയിൽ ഉണ്ടായിരിക്കും. അതാണു് നിയമം. അവസാനക്കയ്യായി മോർഫൈനോ, ഈതറോ കുത്തിവെയ്ക്കേണ്ടി വന്നാൽമാത്രം അയാളെ വിളിക്കും.

മരീഫെറാണ്ടിൻെറ കിടക്കയ്ക്കടുത്തേക്കു ലെറാക്ക് ചെന്നു. മദർ സുപ്പീറിയറും മിസ്സ് സി. ഒ യും അവിടെ നിൽപ്പുണ്ട് തീവണ്ടിയിൽവെച്ച് മിസ്സ് സി ഒ യോട് ലെറാക്ക് സംസാരിച്ചിരുന്നു. സുന്ദരവും വിവശവുമായ മുഖംതിരിച്ച് അവാം ഉടനാടി ലെറാക്കിനെ നോക്കി.

അവാം പറഞ്ഞു: 'ഡോക്ടർ, ഞങ്ങളിതുവരെ ഉല്ക്കണ്ഠിതരായി താങ്കളെ കാത്തിരിക്കുകയായിരുന്നു. രോഗിണിയുടെ നില മുമ്പത്തേക്കാളും മോശമാണിപ്പോാം. എന്തു ചെയ്യണമെന്ന് എനിയ്ക്കറിഞ്ഞുകൂടാ. അവാംക്ക് മിണ്ടാൻതന്നെ വയ്യ. അവാം മരിക്കാൻപോവുകയാണെന്നു് ഞാൻ ഭയപ്പെടുന്നു."

ലെറാക്ക് കിടക്കയിലേക്കു് കുനിഞ്ഞുനിന്നു മരീഫെറാണ്ടിനെ പാിച്ചു. നിശ്ചലമായി മലൻകിടക്കുകയായിരുന്നു അവാം. തലയും വിളറി ശോഷിച്ച മുഖവും തലയിണയിൽ വിശ്രമിച്ചിരുന്നു. ഉണങ്ങിവരണ്ട കൈകാം ശരീരത്തിൻെറ ഇരുവശത്തും കിടക്കുകയാണ്. ബലഹീനമായ അവളുടെ ശ്വാസോച്ഛ്വാസത്തിനു വേഗം കൂടിയിരുന്നു.

"എങ്ങിനെ ഇരിയ്ക്കുന്നു?" ലെറാക്ക് ശാന്തസ്വരത്തിൽ ചോദിച്ചു. ചുററും കരിനിറംപൂണ്ട മങ്ങിയ ആ നയനങ്ങാം അദ്ദേഹത്തിൻെറ നേരെ തിരിഞ്ഞു. വിളറിയ അധരങ്ങളുടെ ചലനംവഴി അവ്യക്തമായി എന്തോ അവാം മറുപടിപറഞ്ഞു

ലെറാക്ക് അവളുടെ കൈപിടിച്ചുനോക്കി നാഡി ക്രമരഹിതമായി അതിവേഗം മിടിച്ചുകൊണ്ടിരുന്നു ഒരു മിനുട്ടിന് നൂററിഅമ്പതു സ്പന്ദനംവീതം. ഹൃദയത്തിൻെറ ശക്തി അനുനിമിഷം നശിയ്ക്കുകയായിരുന്നു

"സിറിഞ്ച് എടുക്കൂ." അദ്ദേഹം പരിചാരികയ്ക്കു നിർദ്ദേശം നല്കി. "ഞാൻ അവൾക്കു കഫേൻ (Caffeine) ഇഞ്ചെക്ഷൻ കൊടുക്കാം."

പരിചാരിക പുതപ്പുകൾ മാററിയശേഷം രോഗിണിയുടെ ഉദരത്തിന്മേൽ വെച്ചിരുന്ന ഹിമസഞ്ചിയും (Ice bag) വസ്ത്രങ്ങളും എടുത്തുനീക്കി.

മരീഫെറാണ്ടിന്റെ ശുഷ്കശരീരം വീണ്ടും ദൃഷ്ടിഗോചരമായി. വയറ് ആദ്യത്തെ മാതിരി വീർത്തിരുന്നു. എല്ലായിടവും ഏറെക്കുറെ ഒരുപോലെ നീരു വീങ്ങിയിരുന്നുവെങ്കിലും ഇടത്തുഭാഗത്തെ വീക്കം കൂടുതൽ രൂക്ഷമായി തോന്നി. മിനുസമുള്ള ഉദരോപരിഭാഗത്തുകൂടി മെല്ലെ മുട്ടിക്കൊണ്ടു ലെറാക്ക് കൈ ഓടിച്ചു. കട്ടിയുള്ള വസ്തുക്കൾ അപ്പോഴും ഉള്ളിലുണ്ടായിരുന്നു. നാഭിയ്ക്കു താഴെയായി ഉദരമദ്ധ്യത്തിലുള്ള ദ്രാവകത്തിന്റെ സാന്നിദ്ധ്യം അദ്ദേഹത്തിന്നനുഭവപ്പെട്ടു.

പൊക്കിളിനു താഴെ രണ്ടിഞ്ചു നീളത്തിൽ ഒരു ചെറിയ മുറിവുണ്ടാക്കിയിരുന്നെങ്കിൽ, അവളെ ലൂർദ്ദിലേക്കയയ്ക്കുന്നതിലും കൂടുതൽ ഉപയോഗപ്രദമായിരുന്നേനെ അത് — ലെറാക്ക് വീണ്ടും ആത്മഗതം ചെയ്തു.

ഒരു കന്യാസ്ത്രീ അദ്ദേഹത്തിന് സിറിഞ്ച് കൊടുത്തു. ഇത്തവണ സൂചി ഒരു സ്പിരിററ് ദീപത്തിനു മീതെ പിടിച്ചു ചൂടാക്കിയശേഷം രോഗിണിയുടെ ശോഷിച്ച തുടയിലേക്ക് അത് തറച്ചു കയററി. കഫേയ്ൻ ശരീരത്തിൽ പ്രവേശിച്ചതോടെ മരീഫെറാണ്ടിന്റെ മുഖം പെട്ടെന്നു വലിഞ്ഞു.

മുട്ടററം നീരുവീണ അവളുടെ കാലുകൾ വിട്ടിട്ട് രാവിലെ മുതൽ തണുത്തിരുന്ന മൂക്കും കൈകളും അദ്ദേഹം തൊട്ടുനോക്കി. പിന്നീട് പച്ചനിറംപൂണ്ട ചെവികളും നഖങ്ങളും പരിശോധിച്ചു.

ഈ രോഗവും വേദനയും കണ്ട് തരളിതഹൃദയനായി അല്പം അകലെ നിന്നിരുന്ന ഏ. ബി. യോടായി ലെറാക്ക് പറഞ്ഞു.

'ഇതു ഞാൻ നിങ്ങളോടു പറഞ്ഞതുതന്നെയാണ്—കടന്ന നിലയിലുള്ള 'ട്യൂബർക്കുലർ പെരിറെറാണൈററിസ്''. ദ്രാവകം മിക്കവാറും പോയിക്കഴിഞ്ഞു. ഇരുവശത്തും കട്ടിയുള്ള വസ്തുക്കൾ കിടക്കുന്നത് തൊട്ടുനോക്കിയാലറിയാം. ഞാൻ പറഞ്ഞില്ലേ ഇവളുടെ അമ്മയച്ഛന്മാർ രണ്ടുപേരും ക്ഷയം പിടിച്ചാണ് മരിച്ചതെന്ന്? പതിനേഴവയസ്സിൽ ഇവൾ ചോര തുപ്പിത്തുടങ്ങിയതാണ്. പതിനെട്ടാംവയസ്സിൽ ക്ഷയം സംബന്ധിച്ച പ്ലൂറസി വന്നു. ഇടത്തെ ശ്വാസകോശത്തിൽനിന്ന് അര ഗാലനിലധികം ദ്രാവകം വലിച്ചെടുത്തിട്ടുണ്ട്. പിന്നീട് ശ്വാസകോശങ്ങൾക്ക് മുറിവുകളുണ്ടായി. ഇക്കഴിഞ്ഞ എട്ടുമാസത്തേക്ക് 'ക്ഷയാത്മകമായ പെരിറെറാണൈററിസ്'' ഉണ്ടായിരുന്നു. ദേഹം മുഴുവൻ മെലിഞ്ഞിരിക്കുകയാണ്. ഹൃദയസ്പന്ദനങ്ങളുടെ ഗതിവേഗം ഭീകരമത്രെ. ശരീരം എത്രയധികം ശോഷിച്ചിരിയ്ക്കുന്നുവെന്ന് നോക്കു. മുഖത്തിന്റേയും കരങ്ങളുടേയും നിറം കണ്ടോ? കുറെ ദിവസങ്ങൾകൂടി അവൾ ജീവിച്ചിരുന്നേക്കാം. പക്ഷേ ദുർവിധി അവളെ പിടികൂടിയിരിക്കുകയാണ്. മരണം വളരെ അടുത്തിട്ടുണ്ട്.

ലെറാക്ക് പുറത്തേക്കിറങ്ങാൻ ഭാവിച്ചപ്പോൾ മിസ്സ് സി. ഒ. അദ്ദേഹത്തെ തടഞ്ഞു.

"ഡോക്ടർ, മരീഫെറാണ്ടിനെ കുളക്കടവിലേക്ക് കൊണ്ടുപോകുന്നതു ശരിയാണോ?"

ലെറാക്ക് ആശ്ചര്യസ്തബ്ധനായി അവളുടെ നേരെ നോക്കി. "വഴിക്കുവെച്ച് മരിച്ചെങ്കിലോ?" അദ്ദേഹം ആരാഞ്ഞു.

"കുളിക്കണമെന്ന് അവൾ നിശ്ചയിച്ചിരിക്കുകയാണ്. അതിനാണ് അവൾ ഈ ദൂരമെല്ലാം യാത്രചെയ്ത് ഇവിടെ വന്നത്."

★

# ഉയിർത്തെഴുന്നേല്പ്

ആ നിമിഷത്തിൽ ഡോക്ടർ ജെ. വാർഡിനുള്ളിൽ പ്രവേശിച്ചു ബ്ലോദ്ദ്രോയ്സ്കു വെളിയിലുള്ള ഒരു പട്ടണത്തിൽ ചികിത്സ നടത്തിവന്ന ഡോക്ടർ ജെ. രോഗികളേയുംകൊണ്ട് ലൂദ്ദിൽ വന്നതായിരുന്നു. മരീഫെറാണ്ടിനെ കുളക്കടവിലേയ്ക്ക് എടുത്തുകൊണ്ടു പോകുന്നതിനെപ്പററി അദ്ദേഹത്തിൻെറ അഭിപ്രായം ലെറാക്ക് തിരക്കി

ഒരിയ്ക്കൽക്കൂടി പുതപ്പുകളും തുണിക്കെട്ടും ഹിമസഞ്ചിയും എല്ലാം നീക്കപ്പെട്ടു. രോഗിണിയുടെ മേൽ കുനിഞ്ഞുനിന്നു ഡോക്ടർ ജെ. മൃദുലവും വിവർണ്ണവുമായ തൻെറ വിരലുകൾകൊണ്ടു് അവളുടെ വയററത്തു മുട്ടിനോക്കി. ഉദരത്തിനുമീതെ അദ്ദേഹം സശ്രദ്ധം ചെവിവെച്ചു പരിശോധിച്ചു.

"അവാം മരിയ്ക്കാൻ പോവുകയാണ്" താഴ്ന്ന സ്വരത്തിൽ അദ്ദേഹം പറഞ്ഞു. "ഗ്രോട്ടോവിൽവെച്ചു മരിച്ചുപോകാൻ ഇടയുണ്ട്."

"കണ്ടുവോ, മിസ്സ്" ലെറാക്ക് പറഞ്ഞു: "ഈ രോഗിണിയെ കുളക്കടവിലേയ്ക്ക് കൊണ്ടുപോകുന്നത് എത്ര വലിയ അവിവേകമാണെന്ന്. ഏതായാലും എനിക്കിവിടെ ഒരധികാരവും ഇല്ല. അനുവാദം തരാനോ നിരസിയ്ക്കാനോ എനിയ്ക്കു കഴിവില്ല."

"ആ പെൺകുട്ടിയ്ക്ക് ഒന്നും നഷ്ടപ്പെടാനില്ല, മദർ സുപ്പീരിയർ അഭിപ്രായപ്പെട്ടു. "അവാം ഇന്നു മരിച്ചാലും നാളെ മരിച്ചാലും അതു വലിയ വ്യത്യാസമൊന്നുമായിരിയ്ക്കുകയില്ല. ഗ്രോട്ടോവിലെത്തുന്നതുവരെ അവാം ജീവിയ്ക്കുമോ എന്ന് എനിയ്ക്കു സംശയമാണ്. എങ്കിലും അങ്ങോട്ട് ആനയിയ്ക്കപ്പെടുക എന്ന ആത്യന്തികാനന്ദം നാം നിരാകരിക്കുന്നതു് അവളോടു് ചെയ്യുന്ന വലിയ ക്രൂരതയായിരിയ്ക്കും. ഏതാനും നിമിഷങ്ങാംക്കുള്ളിൽ നാം അവളെ അങ്ങോട്ടു കൊണ്ടുപോവുകതന്നെ."

"ഏതായാലും ഞാനും കുളക്കടവിൽ ഉണ്ടായിരിയ്ക്കും. അവാംക്കു ബോധക്ഷയമുണ്ടാകുന്നെങ്കിൽ എനിയ്ക്കാളയയ്ക്കണം." ലെറാക്ക് പറഞ്ഞു.

അദ്ദേഹം ഈതർകുപ്പിയും സിറിഞ്ചും കീശയിലാക്കി ജെ. യുടെകൂടെ വാർഡിനു പുറത്തുപോയി.

'അവാം തീച്ചയായും മരിയ്ക്കും" ജെ. ആവർത്തിച്ചു.

"താങ്കാംകൂടി ഞങ്ങളോടൊപ്പം വരു." ലെറാക്ക് പറഞ്ഞു.

"നമുക്കെല്ലാവർക്കും മരീഫെറാണ്ടിനോടൊപ്പം കുളക്കടവിലേക്കു പോകാം. മരിച്ചവരുടെ ഉയിപ്പ്' എന്ന അവിശ്വാസനീ

യാത്ഭുതം പരീക്ഷിക്കാൻ പോവുകയാണ് നാം. ഒരു പക്ഷേ അതു സംഭവിക്കുന്നതു നമുക്കു കാണാം. അത്ഭുതം നടക്കുകയാണെങ്കിൽ ആൾക്കൂട്ടത്തിൻെറ പ്രതികരണം കാണുക ബഹുരസമായിരിക്കും."

ഏ. ബി. യോടു ലെറാക്ക് താണസ്വരത്തിൽ പറഞ്ഞു: "ഇതൊരു യഥാർത്ഥപരീക്ഷണമാണ്. ആ പെൺകുട്ടി സുഖം പ്രാപിക്കുകയാണെങ്കിൽ ഞാൻ എന്തും സമ്മതിക്കാം."

ധവളിമപൂണ്ട ബസിലിക്കപ്പള്ളി ഉന്നതസ്തൂപങ്ങളോടെ നിലകൊള്ളുകയാണ്. അങ്ങോട്ട് കയറിപ്പോകുന്ന വിസ്തൃതങ്ങളായ രണ്ടു നടപ്പാതകൾക്കിടയിലെ "ജപമാലപ്രദേശം" പ്രഭാപൂരിതമായി. സമയം രണ്ടുമണിയോടടുത്തിരുന്നു. അതിലേയും ഇതിലേയും ചിതറിനടന്ന ഏതാനും തീർത്ഥാടകർ അഴികളിൽ ചാരിനിന്നു താഴോട്ട് നോക്കി. അവരുടെ മുകളിൽ സൂക്ഷ്മവും മനോഹരവുമായ ആ മഹാദേവാലയം പ്രാർത്ഥനയുടെ നീരുറവുപോലെ നീലാകാശത്തിലേക്ക് ഉയന്നുപോയി. ലെറാക്ക് നേരെ കുളക്കടവിലേക്ക് നടന്നു. ജെ.യുമുണ്ട് കൂടെ. താഴെ കൂടി ഇരമ്പിപ്പായുന്ന അരുവിയിലേക്ക് നീണ്ട നിഴലുകൾ വീഴ്ത്തിക്കൊണ്ട് ഉയന്നുനിന്ന വഴിയിലൂടെ അവർ നീങ്ങി. മരച്ചുവട്ടിലെ വായുമണ്ഡലം തണുപ്പുററതായിരുന്നു. സുഗന്ധവാഹിയായ ഒരു തൈത്തെന്നൽ അവിടെ തത്തിക്കളിച്ചു. രോഗികൾ സ്ഥലത്തെത്തിയിട്ടില്ല അതിവേഗം പാഞ്ഞൊഴുകുന്ന അരുവിയുടെ പശ്ചാത്തലത്തിൽ നീലിമ പേറിയ കെട്ടിടങ്ങൾ നിന്നിരുന്നു. അവയ്ക്കു് ചുററുമായി വമ്പിച്ച പ്ലെയ്ൻവൃക്ഷങ്ങൾ തഴച്ചുവളന്നു. ഇതാണ് രോഗികളെ കുളിപ്പിക്കാനുള്ള സ്ഥലം. രോഗികളെ വഹിക്കാനുള്ള മഞ്ചലുകളും വണ്ടികളുമിടുവാൻവേണ്ടി ഒരുക്കിയിട്ടുള്ള അർദ്ധവൃത്തത്തിൽനിന്നു തീർത്ഥാടകക്കൂട്ടത്തെ വേർതിരിച്ചു നിത്തിയതു് ഒരിരുമ്പുവേലിയാണ്. അരുവിക്കും വേലിക്കും മദ്ധ്യേയുള്ള സ്ഥലം മുഴുവനും തീർത്ഥാടകരെക്കൊണ്ടു നിറഞ്ഞിരുന്നു.

സ്ത്രീകൾക്കുള്ള കുളക്കടവിന്റെ വാതില്ക്കൽ ഒരു ബെഞ്ചിൽ ലെറാക്ക് ഇരുന്നു. പ്ലെയ്‌ൻ മരങ്ങളുടെ കറുത്ത ഇലകളിൽ ചലനമുണ്ടാക്കിക്കൊണ്ട് ഒരു ഇളംകാററ് സഞ്ചരിച്ചു. കല്ലുപാകിയ തറയിൽ അവിടവിടെ സൂര്യപ്രകാശം വെട്ടിത്തിളങ്ങി നിഴൽ നിറഞ്ഞ മരച്ചുവട്ടിൽനിന്നു നോക്കിയപ്പോൾ അങ്ങേ ചക്രവാളം വരെയുള്ള വിദൂരതയിലേക്ക് പടർന്നുചെല്ലുന്ന കൃഷിസ്ഥലങ്ങൾ കാണാൻ കഴിഞ്ഞു. നിരയായിനിന്ന മൊട്ടക്കുന്നുകളിൽ വെള്ളയടിച്ച കളപ്പുരകൾ ഉണ്ടായിരുന്നു. നീലാംബരത്തിലൂടെ ചില വെള്ളമേഘക്കഷണങ്ങൾ പറന്നുപോയി. അകലെ എവിടെനിന്നോ ഒരു ചെറുമണിയുടെ രജതനിസ്വനം അലയടിച്ചു. അടുത്തിരുന്ന് ഒരു കൊച്ചുപക്ഷി ചിലച്ചു.

സർവ്വത്ര ശൈത്യം, സന്തോഷം, ശാന്തി ആനന്ദകരമായ ആ പ്രശാന്തത ലെറാക്കിന്റെ മനസ്സിൽനിന്നു ഔദ്യോഗികചിന്തകളെ അടിച്ചോടിച്ചു. ഹൃദയത്തിനു സമാധാനവും സന്തുഷ്ടിയും കൈവന്നു. നിരവധി ഭീകരതകളെ സംഭരിച്ച് അനവദ്യമോഹനമായ പ്രകാശവിശേഷത്തിൽ പ്രദർശിപ്പിക്കുന്ന ലൂർദ്ദിലെ അവാച്യമനോഹാരിതയെ അദ്ദേഹം ആസ്വദിച്ചു.

അടുത്തുതന്നെ രോഗികളെ കുളിപ്പിക്കാനുള്ള സമയമാകും. അപ്പോൾ അവിടെയുള്ള സൗകുമാര്യം മുഴുവൻ ജുഗുപ്സാവഹമായ വ്രണങ്ങളുടേയും അർബുദങ്ങളുടേയും മാനുഷികബീഭത്സതയിലേയ്ക്ക് അലിഞ്ഞുചേരും. ഭീകരമായ ആ യാതനകളെല്ലാം മുക്തിയുടെ പ്രതീക്ഷയിൽ നഗ്നമായി അവിടെ പ്രദർശിപ്പിക്കപ്പെടും.

തീർത്ഥാടകരുടെ ഒരു സംഘം വന്നുചേർന്നു. എ ബി. യും വേറൊരു സന്നദ്ധഭടനുംകൂടി ഒരു മഞ്ചൽ വഹിച്ചിരുന്നു. അതിന്മേൽ കിടക്കുന്നതു് മരീഫറാണ്ട് തന്നെ.

ശുഷ്കശരീരയായ അവൾ മലർന്നുകിടക്കുകയാണ്. വീർത്ത വയറിന്മീതെ ഇട്ടിരുന്ന കറുത്ത പുതപ്പ് ഒരു ചെറുകുന്നിന്റെ

പ്രതീതിയുണ്ടാക്കി. ശ്വാസോച്ഛ്വാസം കുറിയതും വേഗത്തിലുള്ളതുമായിരുന്നു. മൃത്യുവ്യഞ്ജകമായ ആ മുഖത്തിനുമീതെ മദാം ഡി ഒ ഒരു വെള്ളത്തിരശ്ശീല പിടിച്ചിട്ടുണ്ട്. ഇതുപോലുള്ള ദീനഭാവം ഏതൊരു ആസ്പത്രിയിലും സാധാരണമാണ്. എന്നാൽ വാതിൽപ്പുറത്തുവെച്ച് അതിന്റെ വിശദാംശങ്ങാം വ്യക്തമായി കാണുമ്പോാം നമുക്ക് ഒരു വിറയുമുണ്ടാകുന്നു.

കുളക്കടവിലേയ്ക്കു് പോകുന്നതിനുമുമ്പ് ഒരു നിമിഷത്തേയ്ക്കു് അവർ ആ മഞ്ചൽ നിലത്തുവെച്ചു. രോഗിണിയായ പെൺകുട്ടിയ്ക്കു ബോധമില്ലാത്തതുപോലെ തോന്നി. ലെറാക്ക് അവളുടെ കൈ പിടിച്ചുനോക്കി. നാഡിമിടിപ്പു പൂർവ്വോപരി വേഗത്തിലായിരുന്നു. മുഖം ചാരനിറംപൂണ്ടു കാണപ്പെട്ടു. നാസികാദ്വാരത്തിൽ ഒരു പച്ചയീച്ച വന്നിരുന്നു. മദാം ഡി ഒ. കൈലേസെടുത്ത് അതിനെ ആട്ടിയോടിച്ചു.

സിറിഞ്ചും ഈതർകുപ്പിയും അടുത്തുള്ള ബെഞ്ചിൽ വെച്ചിട്ട് ലെറാക്ക് ചിന്താമഗ്നനായിനിന്നു.

ജീവിതം അവസാനിയ്ക്കുന്ന കൃത്യസമയം നേരത്തെ പറയുക എത്രമാത്രം അസാദ്ധ്യമാണ് — അദ്ദേഹം വിചാരിച്ചു. ഈ പെൺകിടാവ് മരിയ്ക്കാൻപോവുകയാണെന്നത് തീച്ചതന്നെ. എന്നാൽ അവളുടെ മരണം ഒരു മണിക്കൂറിനുള്ളിലോ മൂന്നോ നാലോ ദിവസത്തിലകമോ സംഭവിയ്ക്കാൻ പോകുന്നതെന്ന് അദ്ദേഹത്തിനു പറയാൻ സാധിച്ചില്ല. അവാം കുളക്കടവിൽവെച്ചുതന്നെ മരിച്ചാൽ അതു് മററ തീത്ഥാടകരെ എങ്ങിനെ ബാധിയ്ക്കുമെന്ന് അദ്ദേഹം ആലോചിച്ചു. അപ്പോാം അവർ അത്ഭുതങ്ങളെപ്പററി എന്തു വിചാരിയ്ക്കും?

പള്ളിയിലെ ഘടികാരം, മണി രണ്ടായി എന്നടിച്ചറിയിച്ചു. മഞ്ചൽവാഹകന്മാരാൽ വലിയ്ക്കപ്പെട്ട കൊച്ചുവണ്ടികളുടെ കൂട

ങ്ങൾ വന്നുചേർന്നുകൊണ്ടിരുന്നു. കൂടുതൽ കൂടുതൽ തീർത്ഥാടകർ അവരെ അനുഗമിച്ചു.

കറുത്ത വസ്ത്രംകൊണ്ടു മുഖംമൂടിയ തലയെട്ടപ്പുള്ള ഒരു വനിത, ലെറാക്കിനടുത്ത്, ബെഞ്ചിലിരുന്നു. കട്ടംചുവപ്പാർന്ന നീരുകൾ വസ്ത്രാവരണത്തിനിടയിലൂടെ കാണാമായിരുന്നു. ചർമ്മക്ഷയത്തിന്റെ ചിത്രശലഭതുല്യങ്ങളായ (the butterflies of skin tuberculosis) വ്രണങ്ങൾകൊണ്ട് അളിഞ്ഞതും, മൂക്കില്ലാത്തതും മൃത്യുപ്രതീതി ജനിപ്പിയ്ക്കുന്നതുമായ ഒരു മുഖം ആ മറക്കുള്ളിൽ ഒളിഞ്ഞിരിപ്പുണ്ടെന്നു അദ്ദേഹത്തിന്നു ഊഹിക്കാൻ കഴിഞ്ഞു. കറുത്ത വസ്ത്രങ്ങളും തവിട്ടുനിറത്തിലുള്ള കയ്യുറകളുമണിഞ്ഞു് ഒരു യുവാവ് ഒരു കൊച്ചുവണ്ടിയുമുന്തിക്കൊണ്ടു് അവിടെ വന്നുചേർന്നു കഴുത്തിൽ ഉന്തിനില്ക്കുന്ന ഒരു വലിയ മുഴയുള്ള ഒരു ജന്തു മൂഢസഹജമായ മുഖഭാവത്തോടെ അതിനുള്ളിൽ ഇരുന്നു അല്പം അകലെയായി വലതുവശം തളർന്നുപോയ ഒരു യുവതിയുണ്ടായിരുന്നു അവൾ കൂട്ടത്തുതന്നെ പൂർണ്ണവളർച്ചയെത്തിയ ഒരു സ്വബുദ്ധിയില്ലാത്ത പെണ്ണ് ഇരുപ്പുണ്ട്. അവളെ തീവണ്ടിയിൽവെച്ച് ലെറാക്ക് ശ്രദ്ധിച്ചതാണ്. അവൾ ഇടതടവില്ലാതെ നിലവിളിക്കുകയും തലയിട്ടാട്ടുകയും ചെയ്തുകൊണ്ടിരുന്നു. പ്രകൃതിയുടെ വികൃതിപോലെ തടിച്ചുരുണ്ട നാക്ക് വായ്ക്കുപുറത്ത് തൂക്കിയിട്ടിരിക്കയായിരുന്നു അവൾ. കൂടുതൽ കൂടുതൽ വണ്ടികൾ വന്നുചേർന്നുകൊണ്ടിരുന്നു.

മുമ്പ് യാതനകളുടേതായ കാഴ്ചകളും ശബ്ദങ്ങളും ലെറാക്കിന്റെ ഹൃദയത്തെ ഇളക്കിയിട്ടുണ്ട്. എന്നാൽ ഇപ്പോൾ ഭാഗ്യഹീനരായ ഈ മനുഷ്യരുടെ വദനങ്ങളിൽ നിഴലിച്ച വിശ്വാസദാർഢ്യം ദർശിച്ചപ്പോൾ, അസാധാരണവും നവീനവുമായ ഏതോ ഒരു വികാരം അദ്ദേഹത്തിനനുഭവപ്പെട്ടു

അദ്ദേഹത്തിന് യൗവനവും ആരോഗ്യവും ഉണ്ട്. ഈ മനു

ഷ്യരും യുവാക്കളാണ്. എന്നാൽ സ്വാതന്ത്ര്യത്തിൻെറ പ്രതീക്ഷ അവരിലില്ല. സ്നേഹജന്യമായ ആനന്ദത്തിൽനിന്നും കോരിത്തരിപ്പിൽനിന്നും എന്നേയ്ക്കും വിട്ടുമാറി, സാധാരണ ജീവിതസുഖങ്ങളിൽനിന്ന് അകററപ്പെട്ട് അന്തമററ ഒരുതരം കാരാഗൃഹവാസം നയിയ്ക്കുന്ന ഈ ദുർഭഗരും ചെറുപ്പക്കാർ തന്നെ. ഇവിടെക്കിടക്കുന്ന പാവപ്പെട്ട മരിഫെറാണ്ട് ജീവിതകാലം മുഴുവനും ക്ഷയരോഗവാർഡുകളിലും ആശുപത്രികളിലും ചെലവഴിച്ചശേഷം അല്പംപോലും ജീവിയ്ക്കാനൊക്കാതെ ഇപ്പോഠം മരണമടയാൻ പോവുകയാണ്.

എങ്കിലും വേറെ അനേകം രോഗികളെപ്പോലെ മരീഫെറാണ്ട് ബാഹ്യദുരിതങ്ങഠംക്കിടയിൽപോലും ആന്തരികസന്തുഷ്ടി അനുഭവിയ്ക്കുന്നുണ്ട്. അവഠം തൻെറ ആത്മാവിനേയും പ്രത്യാശയേയും പരിപൂർണ്ണമായി ക്രിസ്തുവിനു അർപ്പിച്ചതാണ് ഇതിനു കാരണം.

ഒരു വിശ്വാസിയുടെ മരണം, ലെറാക്ക് ആത്മഗതം ചെയ്തു, ശാന്തിഭാസുരമായ മരണമാണ്. എന്തെന്നാൽ ദിവ്യകന്യകയുടേയും ക്രിസ്തുവിൻേറയും പ്രഭാഭരിതമായ സാന്നിദ്ധ്യത്തിലേയ്ക്കു പ്രവേശിയ്ക്കുകയെന്നത്രേ അതിന്നർത്ഥം. വസന്തകാലത്തെ പച്ച പുതച്ച ജൂദയാമലകളിൽ ശാന്തസുന്ദരമായ ആംഗ്യങ്ങളോടുകൂടി ഗിരിപ്രഭാഷണത്തിലെ പദങ്ങഠം ഉച്ചരിക്കുവാൻ എഴുന്നേററുനിന്ന യേശുവെ ദർശിക്കുക എന്നത് എത്ര അസാമാന്യമായ ആനന്ദാനുഭൂതിയായിരിക്കണം! ഓരോ രോഗിക്കും നിത്യതയുടെ വിശ്രാന്തി ക്രിസ്തു വാഗ്ദാനംചെയ്തു. അതിൽ വിശ്വസിക്കുന്നത് എത്രയധികം ബുദ്ധിപൂർവ്വകമായിരിക്കണം! മനുഷ്യരുടെ യാതനകളിൽ സഹതാപവും സംരക്ഷയും അരുളുന്ന ദിവ്യകന്യകയുടെ ആകൃതി എത്ര അനന്തമായ കാരുണ്യദീപ്തിയെയാണ് കാണിക്കുന്നത്!

തൻെറ ചുററും കണ്ട ഈ ദുർഭഗരോടൊപ്പം കന്യകാമറിയം മനുഷ്യപ്രതിഭയുടെ അനവദ്യ സുന്ദരമായ ഒരു സൃഷ്ടി മാത്രമ

ല്ലെന്നു വിശ്വസിയ്ക്കുന്നതിനുള്ള ഉല്ക്കടാഭിനിവേശം ലെറാക്കിനെ ഗ്രസിച്ചു. ഇത്ര മാത്രം അസഹ്യവേദനകൾ സഹിച്ച മരീഫെറാണ്ടിനു വേണ്ടി അദ്ദേഹം പ്രാൎത്ഥിയ്ക്കുകയായിരുന്നു അപ്പോൾ അവൾക്കു ജീവനും തനിയ്ക്കു വിശ്വാസവും നല്കുവാൻ അദ്ദേഹം കന്യകാമറിയത്തോടു യാചിച്ചു.

ലെറാക്കിൻെറ ഈ ആഹ്ളാദഭാവം അധികനേരം നില നിന്നില്ല. ക്രമികമായ ശാസ്ത്രീയഗവേഷണത്തിൻെറ പാതയിലേക്ക് അദ്ദേഹം സ്വയം ബലമായി തിരിയെകൊണ്ടുവന്നു. തൻെറ സമീപനം പൂൎണ്ണമായും വസ്തുനിഷ്ഠമായിരിയ്ക്കണമെന്ന് അദ്ദേഹം തീരുമാനിച്ചു മരീഫെറാണ്ട് സുഖംപ്രാപിയ്ക്കുകയില്ലെന്ന് അദ്ദേഹത്തിന്നറിയാമായിരുന്നു. കാലം ചെന്ന ക്ഷയം സംബന്ധിച്ച 'പെരിറെറാണൈററിസി'ൽ (Tubercular peritonitis) നിന്നു സുഖപ്രാപ്തി അസാദ്ധ്യമാണ് എങ്കിലും ലെറാക്ക് തൻെറ നിസ്സംഗത പുലൎത്തുവാൻ തന്നെ തീൎച്ചപ്പെടുത്തി. താൻ ദൎശിയ്ക്കാനിടയുള്ള ഏതൊരു പ്രതിഭാസത്തിൻെറ തെളിവുകൾ സ്വീകരിയ്ക്കാൻ അദ്ദേഹം ഒരുക്കമായിരുന്നു.

വേലിയ്ക്കുള്ളിലേയ്ക്കു രോഗികൾ തിക്കിക്കയറിക്കൊണ്ടിരുന്നു. മരവശത്തു രോഗബാധിതരായ പുരുഷന്മാരെ ലെറാക്കിനു കാണാൻ കഴിഞ്ഞു. ക്രിസ്തുവിനെപ്പോലെ തലയുള്ള ആ യുവാവ് അയാളുടെ മഞ്ചലിൽ കിടക്കുന്നുണ്ട്. അയാളുടെ കണ്ണുകളിലും മഞ്ഞളിച്ചു പൊള്ളയായ മുഖത്തും ആനന്ദത്തിൻെറയും ആശയുടേയും ഭാവങ്ങൾ ഓളംവെട്ടി. "പോട്ട്സ്‌രോഗം"* പിടിപെട്ട കൂനൻ അവൻെറ കൊച്ചുവണ്ടിയിൽ ചുരുണ്ടു കൂടി ക്കിടന്നു. 'ജപമാല' പ്രാൎത്ഥനയിൽ മുഴുകിപ്പോയതുപോലെ തോന്നി. മോണയിൽ അർബുദം ബാധിച്ച ബാലൻ ജെ. സി.

---

* നട്ടെല്ലിനെ ദ്രവിപ്പിച്ചു കൂനുണ്ടാക്കുന്ന രോഗം.

മലൻകിടന്ന ഭീകരവൈരൂപ്യം പൂണ്ട് വായ പൊളിച്ച് ഉച്ച ത്തിൽ പ്രാർത്ഥിച്ചു.

ഇതിനകം ആശുപത്രിവാർഡിലെ എല്ലാരോഗികളും സ്ഥ ലത്തെത്തി തറയിൽ കിടപ്പുറപ്പിച്ചു. എല്ലാവരിലും വമ്പിച്ച ഒരു പ്രശാന്തത കാണാൻ കഴിഞ്ഞു. ധർമ്മക്രിയാനേതാവിൻെറ (Master of Ceremonies) സ്ഥാനം സ്വയം ഏറെറടുത്ത എസ്സ്. എം. വലിയ തിരക്കോടെ അവിടെ പ്രത്യക്ഷപ്പെട്ടു. കരുത്ത പട്ടുതൊപ്പിയ്ക്കു താഴെ അയാളുടെ മുഖത്തുകൂടി വിയപ്പുതുള്ളികൾ ഒഴുകിക്കൊണ്ടിരുന്നു. മഞ്ചലുകളുടെ നിരകൾ ശരിയാക്കുവാൻ തൻെറ കീഴിലുള്ള സന്നദ്ധഭടന്മാരോട് അയാൾ ആജ്ഞാപിച്ചു. പിന്നീട് ഒരു യുവവൈദികൻ അയാളുടെ സ്ഥാനത്ത് മഞ്ചലുക ളുടെ മുമ്പിൽ നിലയുറപ്പിച്ചു. ആഘോഷപൂർവ്വമായ "ലുത്തി നിയ" (സംബോധനാപരമ്പര) ആരംഭിയ്ക്കുവാനുള്ള സമയമായി ബഞ്ചുകൾക്ക് പുറത്തായി വെള്ളമുഖങ്ങളുടെയും തൊപ്പിധരി യ്ക്കാത്ത തലകളുടെയും ഒരു മഹാസമുദ്രം അരുവി വക്കുവരെ വ്യാ പിച്ചു. മരിഫെറാണ്ടിനെ എടുത്തുകൊണ്ടു പോകുന്നത് ലെറാക്ക് കണ്ടു. അവളുടെ അടുക്കലേക്ക് അദ്ദേഹം വേഗംചെന്നു. അ വരുടെ സ്ഥിതിയിൽ ഒരു മാററവും ഉണ്ടായിരുന്നില്ല. ഭീകരമായ ആ വിളർച്ച് ഇപ്പോഴും കാണുന്നുണ്ട്. പുതപ്പുകൾക്കടിയിൽ ശ യിച്ചിരുന്ന ആ മെലിഞ്ഞ പെൺകുട്ടിയുടെ വീർത്ത വയറ് ഇ പ്പോഴും കാണാം. അത് മുമ്പത്തേതിലധികം രൂക്ഷമായിരുന്നി ല്ലെന്നുമാത്രം.

"അവളുടെ ഉദരത്തിന്മേൽ കുറേവെള്ളം കോരിയൊഴിയ്ക്കു വാനേ ഞങ്ങൾക്കു കഴിഞ്ഞുള്ളു" മിസ്സ് ഡി. ഒ. പറഞ്ഞു. അവ ളെ വെള്ളത്തിൽ മുക്കുവാൻ അവർ ധൈര്യപ്പെട്ടില്ല. ഞങ്ങളി പ്പോൾ അവളെ 'മസ്സാബിയേൽ ഗ്രോട്ടോ'വിലേയ്ക്കു കൊണ്ടുപോ വുകയാണ്."

"ഞാൻടനെ നിങ്ങളുടെ കൂടെവരാം" ലെറാക്ക് പറഞ്ഞു. "ഒരു മാററവും ഞാൻ കാണുന്നില്ല. വേണ്ടിവന്നാൽ എനിയ്ക്കാളയയ്ക്കണം."

ലെറാക്ക് വേലിയ്ക്കകത്തേയ്ക്കു തിരിച്ചുവന്നു. രോഗികളുടെ നിരകളേയും അപ്പുറത്തുള്ള ജനാവലിയേയും അഭിമുഖീകരിച്ചു വൈദികൻ മുട്ടുകുത്തിനിന്നിരുന്നു. അദ്ദേഹം കരങ്ങൾ കുരിശിൻെറ ആകൃതിയിൽ ഉയർത്തിപ്പിടിച്ചു. യുവാവായിരുന്നു ആ വൈദികൻ. മാംസളമായ ആമുഖം വിയർത്തൊലിച്ചിരുന്നു ചുകന്ന പുള്ളിക്കുത്തുകൾ ധാരാളമായി ആ മുഖത്തുണ്ടായിരുന്നു നയനങ്ങളിൽ തിളങ്ങിയ ശിശുസഹജമായ ഭാവവും വിശ്വാസത്തിൻെറ സുവ്യക്തബഹിഃസ്ഫുരണവും അദ്ദേഹത്തെ അപഹാസ്യതയിൽ നിന്നു രക്ഷപ്പെടുത്തി ദിവ്യകന്യകയ്ക്ക് അദ്ദേഹത്തിൻെറ പ്രാർത്ഥന ശ്രവിയ്ക്കാതിരിക്കുക അസാദ്ധ്യമാണെന്നു തോന്നി. അത്രയ്ക്ക് പരുഷവും ആത്മാർത്ഥവും വികാരോജ്ജ്വലവുമായിരുന്നു അദ്ദേഹത്തിൻെറ സ്വരം.

"പരിശുദ്ധകന്യകേ, ഞങ്ങളുടെ രോഗികളെ സുഖപ്പെടുത്തേണമേ!" അദ്ദേഹം വിളിച്ചുപറഞ്ഞു. വികാരത്തള്ളൽ നിമിത്തം അധരങ്ങൾ കോട്ടിപ്പോയി.

"പരിശുദ്ധകന്യകേ, ഞങ്ങളുടെ രോഗികളെ സുഖപ്പെടുത്തേണമേ!" തിരമാലകളുടെ ഇരമ്പൽ പോലെ ജനാവലിയുടെ ഏറ്റുപറയൽ മുഴങ്ങി

"പരിശുദ്ധകന്യകേ," വൈദികൻ തുടർന്നു: "ഞങ്ങളുടെ പ്രാർത്ഥന കേൾക്കണേ!"

"ഈശോയേ, അങ്ങയെ ഞങ്ങൾ സ്നേഹിയ്ക്കുന്നു."

"ഈശോയേ, അങ്ങയെ ഞങ്ങൾ സ്നേഹിക്കുന്നു."

ജനാവലിയുടെ സ്വരം ഇടിമുഴക്കം പോലെ തുടൻ. അവി ടെയുമിവിടെയും ചില ആളുകാം കരങ്ങാം ഉയത്തിപ്പിടിച്ചു. രോഗികാം അവരുടെ മഞ്ചലുകളിൽ പകുതി എഴുന്നേററിരുന്നു. പ്രതീക്ഷകാംകൊണ്ടു തുടിക്കുന്ന അന്തരീക്ഷം.

വൈദികൻ എഴുന്നേററുനിന്നു. "സഹോദരങ്ങളെ, നമുക്കു കരങ്ങളുയത്തി പ്രാത്ഥിയ്ക്കാം" അദ്ദേഹം വിളിച്ചുപറഞ്ഞു. കൈകളുടെ ഒരു വനം അവിടെ ഉയന്നു. ജനാവലിയിലൂടെ ഒരു കാററു് ഉന്നതായി തോന്നി. പവ്വതക്കൊടുംകാററുപോലെ നിശ്ശബ്ദവും സുശക്തവും അജയ്യവുമായി ജനങ്ങളെ തഴുകിക്കൊണ്ടു് അതു് അവരുടെമീതെ കടന്നുപോയി. അതിൻെറ സംഘാതം ലെറാക്കിനും അനുഭവപ്പെട്ടു. അവണ്ണ്യമായിരുന്നു ആ അനുഭൂതി. അതു തൻെറ കണ്ഠനാളത്തിൽ പിടികൂടുകയും നട്ടെല്ലിലൂടെ ഒരു വിറയലുളവാക്കുകയും ചെയ്തു. പെട്ടെന്നു് അദ്ദേഹത്തിനു കരയാൻ തോന്നി.

ശക്തനും ആരോഗ്യവാനുമായ ഒരു മനുഷ്യനിൽ ഇപ്രകാരം വികാരതീവ്രത ഉണ്ടാകുമെങ്കിൽ ദുർബ്ബലരായ രോഗികളിൽ എന്തു തന്നെ സംഭവിക്കുകയില്ല! ഉല്ക്കണ്ഠയോടെ ലെറാക്കു് രോഗികളുടെ മുഖഭാവം പരിശോധിച്ചു. ഞരമ്പുരോഗികാം അദ്ദേഹത്തിൻെറ സവിശേഷശ്രദ്ധക്കു് വിഷയമായി. ഇക്കൂട്ടർ അവരുടെ മഞ്ചലുകളിൽനിന്നു ചാടിയെഴുന്നേററ തങ്ങളുടെ സുഖപ്രാപ്തി സന്തോഷപൂവ്വം വിളിച്ചുപറയുമെന്നാണു് അദ്ദേഹം പ്രതീക്ഷിച്ചതു്. പക്ഷേ, അവരിൽ ആരും അനങ്ങിയില്ല.

ചെറുവണ്ടിനിരകാംക്കരികെക്കൂടി നടന്നു് ജനക്കൂട്ടത്തെ കടന്നു് അദ്ദേഹം ഗ്രോട്ടോവിലേക്കുപോയി. അരുവിവക്കത്തു് അല്പനേരം നിന്നശേഷം അദ്ദേഹം ജനാവലിയെ നിരീക്ഷിച്ചു ബോർഡോവിൽനിന്നു വന്ന വൈദ്യശാസ്ത്രവിദ്യാത്ഥിയായ യുവാവു്, മിസ്റ്റർ എം അദ്ദേഹത്തെ അഭിവാദ്യം ചെയ്തു. തലേദിവസം ലെറാക്കു് ഇയാളെ കണ്ടുമുട്ടിയതായിരുന്നു.

"നിങ്ങറം വല്ല രോഗശാന്തിയും കണ്ടോ?" ലെറാക്ക് അയാളോട് ചോദിച്ചു.

"ഇല്ല. കുറേ ഉന്മാദരോഗങ്ങറം (Hysteria cases) സുഖമായി." എം. മറുപടിപറഞ്ഞു. "എന്നാൽ അപ്രതീക്ഷിതമായ — ഒരാശുപത്രിയിൽ ഏതെങ്കിലും ദിവസം കാണാൻ കഴിയാത്ത — ഒന്നുംതന്നെ സംഭവിച്ചില്ല.

"വന്നു് എൻെറ രോഗിണിയെ ഒന്നു നോക്കു." ലെറാക്ക് അയാളെ ക്ഷണിച്ചു. "അവളുടെ രോഗം അസാധാരണമല്ല. അവറം മരിക്കുകയാണെന്നു തോന്നുന്നു. അവളിപ്പോറം ഗ്രോട്ടോവിലുണ്ടു്."

"കുറേ നിമിഷംമുമ്പ് ഞാൻ അവളെ കണ്ടതാണ്." എം. പറഞ്ഞു. "അവളെ അവർ ലൂർദ്ദിലേക്കു കൊണ്ടുവന്നതു വലിയ കഷ്ടമായിപ്പോയി. അവറംക്കു ശസ്ത്രക്രിയയായിരുന്നു വേണ്ടത്. ഗ്രോട്ടോവിലേക്കു കൊണ്ടുവന്നതുകൊണ്ടു വല്ല ഗുണവും അവറംക്കു കിട്ടിയെന്നു തോന്നുന്നില്ല."

മണി രണ്ടരയോടടുത്തു. മാസ്സബിയേൽ പാറക്കെട്ടിനു താഴെ ഒരായിരംമെഴുകുതിരികളുടെ വെളിച്ചത്തിൽ ഗ്രോട്ടോ വെട്ടിത്തിളങ്ങി. പ്രവേശനദ്വാരത്തിലും ഭിത്തികളിലും ജപമാലകളും താങ്ങുവടികളും തൂക്കിയിട്ടിരുന്നു. ഉയൻ കമ്പിയഴികറം കൽപ്പുറത്തു പാറക്കുള്ളിൽ ദിവ്യകന്യകയുടെ ഒരു പ്രതിമ നിന്നിരുന്നു. അവിടെവെച്ചാണ് പണ്ടു വെള്ളവസ്ത്രങ്ങളണിഞ്ഞ ദിവ്യാംബികയുടെ—അമലോത്ഭവമാതാവിൻെറ—പ്രഭാപൂർണ്ണമായ ദർശനം ബർണ്ണദത്തിനു് ഉണ്ടായതു്.

ദിവ്യകന്യകയുടെ പ്രതിമയ്ക്കുമുമ്പിൽ വിശാലമായ കുറെ സ്ഥലം വേലികെട്ടി വളച്ചിരുന്നു രോഗികറംക്കുവേണ്ടി പ്രത്യേകമായി സംവരണം ചെയ്തിരുന്നതാണവിടം. ചെറുവണ്ടികളും

മഞ്ചലുകളും കൂട്ടംകൂടി ബഹളമുണ്ടാക്കാതിരിക്കാൻവേണ്ടി "നീതൃരക്ഷാമാതാ"വിൻെറ സന്നദ്ധഭടന്മാർ ജനങ്ങൾക്കു നിർദ്ദേശങ്ങൾ നല്കിക്കൊണ്ടിരുന്നു.

കമ്പിവേലിക്കു തൊട്ടുമുമ്പിൽ ഒരു മഞ്ചൽ കിടന്നിരുന്നു. അതിനടുത്തു മിസ്സ് സി. ഓ. യുടെ ശോഷിച്ച രൂപം ലെറാക്ക് തിരിച്ചറിഞ്ഞു. രോഗികളേയും തീർത്ഥാടകരേയും അടുത്തുകാണുവാൻവേണ്ടി അദ്ദേഹവും എമ്മും ഗ്രോട്ടോവിലേക്കു നടന്നു. അവർ മരീഫെറാണ്ടിൻെറ മഞ്ചലിന്നടുക്കൽ പൊക്കം കുറഞ്ഞ മതിലിൽ ചാരിനിന്നു അവൾ നിശ്ചലയായിരുന്നു. ശ്വാസോച്ഛ്വാസം ദൃശ്യവും അതിശീഘ്രവുമായിരുന്നു. അവൾ മരിക്കാൻ പോകുന്നപോലെ തോന്നി. കൂടുതൽ തീർത്ഥാടകർ ഗ്രോട്ടോവിനെ സമീപിച്ചുകൊണ്ടിരുന്നു. കറുത്ത വസ്ത്രംകൊണ്ടു മുഖംമറച്ച വനിത മരീഫെറാണ്ടിനു സമീപം മുൻപന്തിയിലേക്ക് വന്നു. അവർ തൻെറ മുഖാവരണം മാററി. ഭീകരമാംവിധം വിരൂപമായ ആ മുഖം ലെറാക്കിനു കാണാൻ കഴിഞ്ഞു. സാവധാനത്തിൽ മിസ്സ് സി ഒ. മുട്ടുകുത്തി നിന്നു. അവളുടെ മനോഹരമായ മുഖകമലവും അതിൽ നീണ്ട പുരികങ്ങൾ ചാർത്തിയ നിഴലും അദ്ദേഹം സൂക്ഷിച്ചുനോക്കി. അവൾ പ്രാർത്ഥനയിൽ നിമഗ്നയായി. ഒരു അത്ഭുതരോഗശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയായിരുന്നു ആ യുവതി, തീർച്ചതന്നെ.

സന്നദ്ധഭടന്മാരും മഞ്ചൽവാഹകരും തിങ്ങിക്കൂടി. കുളക്കടവിൽനിന്ന കൊച്ചുവണ്ടികൾ ഗ്രോട്ടോവിലേയ്ക്കു് നീക്കപ്പെട്ടു. വായിൽക്കൂടി വെള്ളം ഒലിപ്പിച്ചുകൊണ്ടിരുന്ന ആ വിഡ്ഢിപ്പെണ്ണും കഴുത്തിൽ മുഴയുള്ള സാധുജന്തുവും മരീഫെറാണ്ടിനോടൊപ്പം ആനീതരായി. തൻെറ ബഹുമതിമുദ്രകളിൽ അഭിമാനംപൂണ്ടുകൊണ്ടു് എസ്. എം. രോഗികളുടെയിടയിൽ അങ്ങോളമിങ്ങോളം നടന്നു. അസാധാരണമായ തിടുക്കവും വലിയ ആളെന്ന ഭാവവും അയാളുടെ ചലനങ്ങളിൽ പ്രത്യക്ഷപ്പെട്ടു.

ലെറാക്ക് വീണ്ടും മരീഫെറാണ്ടിൻെറ നേരെ നയനങ്ങൾ തിരിച്ചു. പെട്ടെന്ന് അദ്ദേഹം കണ്ണുമിഴിച്ച് അവളെ നോക്കി ഏതോ ഒരു പരിവത്തനം വന്നിരിക്കുന്നതുപോലെ അദ്ദേഹത്തിനു തോന്നി. അവളുടെ മുഖത്തെ കരിനിഴല്പാടുകൾ നീങ്ങിയതുപോലെ അവളുടെ ചമ്മത്തിൻെറ ചാരനിറം മങ്ങിയപോലെ ഒരു തോന്നൽ.

ഇതു തീച്ചയായും ഒരു ഭ്രമം (Hallucination) ആയിരിയ്ക്കണം —അയാൾ വിചാരിച്ചു എന്നാൽ മനശ്ശാസ്ത്രപരമായി നോക്കു മ്പോൾ ഈ ഭ്രമംതന്നെ രസകരമായ ഒരു പ്രതിഭാസമത്രേ തന്നി മിത്തം അതു രേഖപ്പെടുത്തേണ്ടതാണ്. അയാൾ തൻെറ നോട്ടു ബുക്കിൽ ആ സമയം അതിവേഗം കുറിച്ചിട്ടു മൂന്നുമണിയ്ക്ക് ഇരു പതു മിനിട്ട് മുമ്പായിരുന്നു അത്.

പക്ഷേ മരീഫെറാണ്ടിൽ വന്ന ഈ പരിവത്തനം ഒരു ഭ്രമമാ ണെങ്കിൽ ലെറാക്ക് തൻെറ ജീവിതത്തിൽ ആദ്യമായി അങ്ങിനെ യൊന്നു കാണുകയാണിപ്പോൾ. അദ്ദേഹം എമ്മിൻെറ നേരെ തി രിഞ്ഞു. "നമ്മുടെ രോഗിണിയെ ഒന്നുകൂടി നോക്കു അവൾക്ക് അല്പം സുഖമുള്ളതുപോലെ തോന്നുന്നുണ്ടോ?"

"എൻെറ നോട്ടത്തിൽ പഴയ മട്ടുതന്നെ അവളുടെ സ്ഥിതി കൂടുതൽ മോശമായിട്ടില്ലെന്നു മാത്രം എനിയ്ക്കറിയാം" അയാൾ പറഞ്ഞു.

മഞ്ചലിന്മേൽ കുനിഞ്ഞുനിന്നുകൊണ്ട് ലെറാക്ക് അവളുടെ നാഡിമിടിപ്പും ശ്വാസോച്ഛ്വാസവും പരിശോധിച്ചു

"വലിയുടെ വേഗം കുറഞ്ഞിട്ടുണ്ട്." ഒരു നിമിഷത്തിനു ശേഷം ലെറാക്ക് പറഞ്ഞു.

"അവൾ മരിയ്ക്കാൻ പോവുകയാണെന്നായിരിയ്ക്കാം അതി ന്നത്ഥം"—എം

അവിശ്വാസിയായ ആ യുവവിദ്യാർത്ഥിയ്ക്കു് ഈ മാററത്തിൽ അത്ഭുതകരമായി യാതൊന്നും കാണാൻ കഴിഞ്ഞില്ല.

ലെറാക്കു് മറുപടി പറഞ്ഞില്ല. അവളുടെ ആരോഗ്യസ്ഥിതിയിൽ ആകസ്മികമായ ഒരു പുരോഗതി വന്നിട്ടുണ്ടെന്നതു് അദ്ദേഹത്തിനു സ്പഷ്ടമായിരുന്നു. എന്തോ ഒക്കെ സംഭവിയ്ക്കുന്നുണ്ടായിരുന്നു. വികാരതീവ്രതയെ എതിരിടുന്നതിന്നായി അദ്ദേഹം പല്ലിറുമ്മി. മഞ്ചലിന്നടുത്തുള്ള ചെറുമതിലിൽ ചാരിനിന്നുകൊണ്ടു് തൻെറ നിരീക്ഷണപ്രാവീണ്യം മുഴവൻ അദ്ദേഹം മരീഫെറാണ്ടിൽ കേന്ദ്രീകരിച്ചു. അവളുടെ മുഖത്തുനിന്നു് അദ്ദേഹം കണ്ണെടുത്തില്ല. ഒരു പുരോഹിതൻ അവിടെ തടിച്ചുകൂടിയിരുന്ന തീർത്ഥാടകരോടും രോഗികളോടും പ്രസംഗിയ്ക്കുന്നുണ്ടായിരുന്നു. ഇടയ്ക്കിടയ്ക്കു് സ്തുതിഗീതങ്ങളും പ്രാർത്ഥനകളും ആകാശത്തിൽ മുഴങ്ങി. ഭക്തിതീക്ഷ്ണതയുടെ ആ അന്തരീക്ഷത്തിൽ ലെറാക്കിൻെറ വസ്തുനിഷ്ഠവും ശീതളവുമായ ദൃഷ്ടിയ്ക്കു താഴെ മരീഫെറാണ്ടിൻെറ മുഖം തുടച്ചയായി വ്യത്യാസപ്പെട്ടു. ഇതുവരെ മങ്ങിയിരുന്ന അവളുടെ നയനങ്ങൾ ആനന്ദാവേശത്താൽ വിടന്നു് ഗ്രോട്ടോവിലേയ്ക്കു തിരിഞ്ഞു അനിഷേധ്യമായിരുന്നു ആ പരിവർത്തനം. മിസ്സ് സി. ഒ ചാരിനിന്നു് അവളെ പിടിച്ചു.

പെട്ടെന്നു് താൻതന്നെ വിവർണ്ണനാകുന്നതുപോലെ ലൊറാക്കിനു തോന്നി. മരീഫെറാണ്ടിൻെറ വീർത്ത വയറു് മറച്ച പുതപ്പ് സാവധാനത്തിൽ പരന്നുതുടങ്ങി.

"അവളുടെ വയറു നോക്കു്." അദ്ദേഹം എമ്മിനോടു വിളിച്ചുപറഞ്ഞു.

എം. നോക്കി.

"എന്താ, ഒ, ശരി. അതു താണതുപോലെ തോന്നുന്നല്ലോ. ഒരുപക്ഷേ പുതപ്പിൻെറ മടക്കുകളായിരിയ്ക്കാം ആ തോന്നലുണ്ടാക്കിയതു്." അയാൾ പറഞ്ഞു.

ദേവാലയത്തിലെ മണി മൂന്നടിച്ചു. കുറെ നിമിഷങ്ങൾക്കു ശേഷം വീർപ്പിൻെറ യാതൊരു ലക്ഷണവും മരീഫെറാണ്ടിൻെറ വയറിൽ കണ്ടില്ല.

തനിയ്ക്കു ഭ്രാന്തുപിടിയ്ക്കുകയാണെന്നു് ലെറാക്കിന്നു് തോന്നി.

മരീഫെറാണ്ടിൻെറ അട്ടക്കൽ നിന്നുകൊണ്ടു് അവളുടെ ശ്വാസോച്ഛ്വാസവും കണ്ഠനാളത്തിലെ മിടിപ്പും അദ്ദേഹം കൗതുക പൂർവ്വം വീക്ഷിച്ചു.

ചങ്കിടിപ്പുകൾക്കു് ഗതിവേഗം കൂടിയിരുന്നെങ്കിലും അവ ക്രമത്തിലായിരുന്നു.

ഇത്തവണ തീർച്ചയായും എന്തൊക്കെയോ സംഭവിയ്ക്കുന്നുണ്ടു്.

"എങ്ങിനെയിരിയ്ക്കുന്നു?" അദ്ദേഹം അവളോട്ടു് ചോദിച്ചു.

"എനിയ്ക്കു വളരെ സുഖം തോന്നുന്നുണ്ടു്." താഴ്ന്ന സ്വരത്തിൽ അവൾ മറുപടി പറഞ്ഞു.

"എനിയ്ക്കിപ്പോഴും ശക്തിക്കുറവുണ്ടു്. പക്ഷേ സുഖംപ്രാപിച്ചതായി തോന്നുന്നു."

സംശയത്തിന്നു് അവസരമില്ലായിരുന്നു. അവളെ തിരിച്ചറിയാൻപോലും കഴിയാത്തവിധം മരീഫെറാണ്ടിൻെറ സ്ഥിതി മെച്ചപ്പെട്ടുവരുകയായിരുന്നു.

മഞ്ചലിന്നടുക്കൽ വികാരവിവശനായി നിന്നുകൊണ്ടു് മുമ്പിൽ കണ്ടതു വിശകലനം ചെയ്യാൻ പ്രാപ്തനാകാതെ, ലെറാക്കു് മരീഫെറാണ്ടിനേയും മിസ്സ്. സി. ഒ. യെയും സൂക്ഷിച്ചുനോക്കി. ഈ അസാധാരണസംഭവങ്ങൾ അവർ അറിയുന്നുണ്ടോ എന്നു കാണുവാൻ അദ്ദേഹം കൊതിച്ചു. ഒരു ഡോക്ടർ ഒടിഞ്ഞ അസ്ഥി

ശ്രിയാക്കുന്നതു് നോക്കുമ്പോഴുള്ള പ്രശാന്തതയോടെ മിസ്സ് സി. ഒ. ഇതെല്ലാം കാണുന്നുണ്ടായിരുന്നു. ഇതുപോലുള്ള സംഭവങ്ങൾ അവർ മുമ്പു് കണ്ടിട്ടുണ്ടു്.

ചിന്തകൾ മുളയ്ക്കാത്ത മനസ്സോടുകൂടി നിശ്ശബ്ദനായി ലെറാക്ക് അവിടെ നിന്നു. താൻ പ്രതീക്ഷിച്ചതിനു കടകവിരുദ്ധമായുള്ള ഈ സംഭവം ഒരു പേക്കിനാവായിരിക്കണം.

മിസ്സ് സി. ഒ. മരീഫെറാണ്ടിനു് ഒരു കപ്പ് പാലും കൊടുത്തു. അവൾ അതു മുഴുവൻ കുടിച്ചു ഏതാനും നിമിഷങ്ങൾക്കുള്ളിൽ അവൾ തന്റെ തല ഉയർത്തിപ്പിടിച്ചു നാലുപാടും നോക്കി; കൈകാലുകൾ അല്പം അനക്കി; പിന്നീടു് ഒരുവശത്തേക്കു് ചെരിഞ്ഞു വേദനയുടെ ഒരു ലാഞ്ഛനപോലും അവളിൽ കണ്ടില്ല.

പെട്ടെന്നു ലെറാക്ക് സ്ഥലംവിട്ടു. തീർത്ഥാടകരുടെ ഉച്ചത്തിൽ ചൊല്ലിയ പ്രാർത്ഥനകൾ കേട്ടു, കേട്ടില്ല എന്ന മട്ടിൽ ജനാവലിയ്ക്കിടയിലൂടെ അദ്ദേഹം ഗ്രോട്ടോയിൽനിന്നു പോയി. മണി ഏകദേശം നാലായിക്കഴിഞ്ഞിരുന്നു.

മരിച്ചുകൊണ്ടിരുന്ന പെൺകുട്ടി ഇപ്പോൾ സുഖം പ്രാപിക്കുകയാണു്.

മരിച്ചവളുടെ ഉയിർപ്പായിരുന്നു അതു്—ഒരത്ഭുതം!

അവളെ അദ്ദേഹം പരിശോധിച്ചില്ല—അവൾക്കു് ആവയവികമായുണ്ടായിരുന്ന തകരാറുകളുടെ ഇപ്പോഴത്തെ സ്ഥിതി അദ്ദേഹത്തിന്നറിഞ്ഞുകൂടാ എന്നാൽ വ്യാപാരാത്മകമായ പുരോഗതി (Functional improvement) അദ്ദേഹം സ്വന്തം കണ്ണുകൾകൊണ്ടു് കണ്ടു. അതുതന്നെ ഒരത്ഭുതമായിരുന്നു.

എത്രമാത്രം ആഭാടരഹിതവും ഗുപ്തവുമായിരുന്നു അതു്! ഗ്രോട്ടോവിലുള്ള ജനാവലി അക്കാര്യം നടന്ന വിവരമേ അറിഞ്ഞില്ല.

ലെറാക്ക് ജപമാലപ്രദേശ (Place du Rosaise) ത്തേയ്ക്ക് പോയി.

'നിത്യരക്ഷാ'മാതാവിൻെറ സന്നദ്ധഭടന്മാരുടെ കേന്ദ്രസ്ഥാനത്തിന്നടുത്തുള്ള വലിയ കോവണിയുടെ ആച്ചിന്നു താഴെയാണ് വൈദ്യശാസ്ത്രരേഖകളുടെ കാര്യാലയം സ്ഥിതിചെയ്തിരുന്നത്. ലെറാക്ക് അവിടെയെത്തിയപ്പോഠം ഡോക്ടർ ബുവാസറി വാതില്ക്കൽ നില്ക്കുന്നതുകണ്ടു സ്വന്തകാര്യം ഉടനടി അദ്ദേഹം ബുവാസറിയെ അറിയിച്ചു. ആശ്ചര്യത്തിൻെറ യാതൊരു ലക്ഷണവും ബുവാസറി കാണിച്ചില്ല.

ലൂർദ്ദ് ക്ലിനിക്കിൻെറ മേധാവി പ്രായംചെന്ന ഒരു മുണ്ടനായിരുന്നു. സ്ഥൂലശരീരനായ അദ്ദേഹത്തിന്ന് മിനുസമുള്ള വലിയ മുഖമാണുണ്ടായിരുന്നത്. അദ്ദേഹത്തിൻെറ പുരികങ്ങഠം കറുത്തിരുണ്ടവയും കണ്പോളകഠം കട്ടിയുള്ളവയുമായിരുന്നു. പ്രകാശം കുറഞ്ഞ ആ നയനങ്ങഠം ചിലപ്പോഴെല്ലാം ആഗ്നേയഭാവങ്ങഠം സ്ഫുരിപ്പിയ്ക്കുവാൻ കഴിവുള്ളവയായിരുന്നു. ബുവാസറിയുടെ പുസ്തകങ്ങഠം ലെറാക്ക് നേരമ്പോക്കായി വായിച്ചിട്ടുണ്ടായിരുന്നു. ഉയന്ന ശാസ്ത്രീയനിലവാരം പുലത്തുവാൻ വേണ്ടത്ര നിഷ്കഷ് ആ ഡോക്ടറിൽ ലെറാക്ക് കണ്ടില്ല. എങ്കിലും ബുവാസറിയുടെ സ്വഭാവവൈശിഷ്ട്യത്തേയും ബുദ്ധിസാമത്ഥ്യത്തേയുംപററി ഏററവും വലിയ മതിപ്പാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. പോരെങ്കിൽ ലെറാക്ക് ലൂർദ്ദിലെത്തിയപ്പോഠം ബുവാസറി അദ്ദേഹത്തെ ഹൃദ്യമായി സ്വീകരിക്കുകയും അക്ഷീണമധുരമായ രീതിയിൽ ചോദ്യങ്ങഠംക്കെല്ലാം മറുപടി പറയുകയുമുണ്ടായി. വ്യക്തിഗതമായ അഭ്യുദയകാംക്ഷകൊണ്ടല്ല സ്വപ്രത്യയസ്ഥൈര്യം കൊണ്ടുമാത്രമാണ് ലൂർദ്ദ്സംഭവങ്ങളുടെ സംരക്ഷകനായി ബുവാസറി പ്രവത്തനമാരംഭിച്ചത്. നല്ല പരിചയംവന്ന ഒരു ഡോക്ടർ എന്ന നിലയിൽ പരിപൂണ്ണമായ ആത്മസ്ഥൈര്യത്തോടുകൂടി ലൂർദ്ദിലെ രോഗശാന്തികളെപ്പററിയുള്ള ഗ്രന്ഥങ്ങഠം അദ്ദേഹം പ്ര

സിദ്ധീകരിച്ച ആത്മാർത്ഥത നിറഞ്ഞ ഉദ്ദേശശുദ്ധിയ്ക്കും ത്യാഗ സന്നദ്ധതയ്ക്കും അദ്ദേഹം പ്രശംസയർഹിയ്ക്കുന്നുണ്ട്.

മരീഫെറാണ്ടിനെപ്പററി ലെറാക്ക് സംസാരിച്ചപ്പോഠം ബ്രൂവാസറി നിശ്ചലനായി നിന്നു. രോഗിണിയുടെ ആവയവികരോഗങ്ങഠം സുഖമായെന്നു ലെറാക്ക് അവകാശപ്പെട്ടില്ല. ആശ്ചര്യജനകമായ ശാരീരികവ്യാപാരങ്ങളുടെ പുരോഗതിയെപ്പററി മാത്രമേ അദ്ദേഹം തെളിവ് കൊടുത്തുള്ളൂ അദ്ദേഹം സംസാരിച്ചു തീന്നപ്പോഠം ബ്രൂവാസറി വെറുതെ ഇങ്ങനെ പറഞ്ഞു: "നിങ്ങളുടെ രോഗിണി സുഖം പ്രാപിച്ചിട്ടുണ്ട്. അവഠം സുഖം പ്രാപിച്ചുവെന്നത് മിക്കവാറും തീച്ചയാണ്. ദയവായി നാളെ അവളെ എൻെറ ക്ലിനിക്കിൽ കൊണ്ടുവരൂ."

"അവഠം ആശുപത്രിയിൽ തിരിച്ചുവന്നാലുടൻ ഞാൻ അവളെ ശ്രദ്ധിച്ചു പരിശോധിയ്ക്കാം. അവളുടെ ആവയവികവൈകല്യങ്ങഠം ഒക്കെ മാറിയിട്ടുണ്ടെങ്കിൽ അതെത്ര അവിശ്വസനീയമായിരിയ്ക്കും!" ലെറാക്ക് പറഞ്ഞു.

"ഇന്നലത്തെ സംഭാഷണത്തിനിടയ്ക്കു ഞാൻ നിങ്ങളോടു പറഞ്ഞതുപോലെ ലൂർദ്ദിലെ വിശദീകരണക്ഷമമല്ലാത്ത ഈ നിഗൂഢശക്തി അർബുദങ്ങളും നീർവീർപ്പുകളും ക്ഷയരോഗങ്ങളും സുഖമാക്കിയിട്ടുണ്ട്. ഞങ്ങളതു കണ്ടിട്ടുണ്ട്, സമ്മതിയ്ക്കാതെ തരമില്ല. ക്ഷയം സംബന്ധിച്ച പെരിറെറാണൈററിസ് അപ്രത്യക്ഷമാകുന്ന ആദ്യത്തെ സംഭവമായിരിക്കുകയില്ല ഇത്. അതിന്നു നിരവധി രേഖകഠം എൻെറ കാര്യാലയത്തിൽ ഉണ്ട്. ഫാദർ സാൽവദോർ എന്ന സന്യാസിവൈദികൻെറ കാര്യംതന്നെ എടുക്കുക. ശ്വാസകോശങ്ങളിൽ ക്ഷയം സംബന്ധിച്ച പെരിറെറാണൈററിസ്സുമായി അദ്ദേഹമിവിടെവന്നു. ഏതാനും മിനിട്ടുകഠംക്കുള്ളിൽ സുഖം പ്രാപിയ്ക്കുകയും ചെയ്തു. അതുപോലെതന്നെ കഴിഞ്ഞ കൊല്ലം ഈ സമയത്തു ലയൺസിൽനിന്നു് വന്ന ഒരു തീർത്ഥാട

ക്സംഘത്തിൽ മിസ്സ് സി. എന്ന് ഒരു പെൺകുട്ടി ഉണ്ടായിരുന്നു. അവറാക്കും മൂർദ്ധന്യാവസ്ഥയിലെത്തിയ ഇതേ രോഗംതന്നെ ആയിരുന്നു. ഒരു ഞൊടിയിടയിലെന്നോണം അവളും രോഗവിമുക്തയായി.

സംഭവിച്ചതെന്തെന്നു വ്യക്തമായി കണ്ടറിയുന്നതിന്നു മുമ്പ് ഒരു നിഗമനവുമെടുക്കുകയില്ലെന്നു തീർച്ചപ്പെടുത്തിക്കൊണ്ട് ലെറാക്ക് ഹോട്ടലിലേയ്ക്കു മടങ്ങി. എങ്കിലും തൻെറ യാത്ര സഫലമായല്ലോ എന്ന ചിന്തയിൽനിന്നുടലെടുത്ത അത്യഗാധമായ ഒരാനന്ദാനുഭൂതികൊണ്ട് അദ്ദേഹത്തിൻെറ ഹൃദയം നിറഞ്ഞു. ഇതുപോലുള്ള ഒരു സംഭവം വാസ്തവത്തിൽ നടന്നപ്പോറാ ലൂർദ്ദിൽ സന്നിഹിതനാകുവാനുള്ള മഹാഭാഗ്യം തനിയ്ക്കുണ്ടായതോർത്ത് അദ്ദേഹം സന്തോഷിച്ചു.

★

# നിന്നിൽ ഞാൻ വിശ്വസിക്കുന്നു

ഒരു നിഗമനത്തിലുമെത്തിച്ചേരരുതെന്നു ദൃഢവ്രതമെടുത്തിരുന്നെങ്കിലും, മരീഫെറാണ്ടിൻെറ കാര്യത്തെപ്പററി ചിന്തിക്കാതിരിക്കാൻ ലെറാക്കിന്നു കഴിഞ്ഞില്ല. അവളുടേതുപോലെ തികച്ചും അപ്രാമാദികമായ ലക്ഷണങ്ങളോടുകൂടിയ ഒരു രോഗത്തെ സംബന്ധിച്ചിടത്തോളം തൻെറ പരിശോധനയിൽ യാതൊരു തെററുമുണ്ടായിരിക്കാൻ സാദ്ധ്യതയില്ലെന്നു അദ്ദേഹം ആത്മഗതംചെയ്തു. മരീഫെറാണ്ടിൻെറ ക്ഷയരോഗം വെറും മനോജാതമായിരുന്നില്ല; അതൊരു ആവയവികരോഗമായിരുന്നു. എന്നിട്ടും ഡോക്ടർ ബുവസറിയുടെ വിശ്വാസത്തിൽ പങ്കുകൊള്ളാൻ അദ്ദേഹത്തിന്നു സാധിച്ചില്ല. ലെറാക്കിൻെറ ഉള്ളിൽ ആത്യന്തികമായ ഉല്ക്കണ്ഠ മുററിനിന്നു. അസമാധാനവും ജിജ്ഞാസയുംമൂലം തപ്തഹൃദയനായി ഏഴരമണിക്കു് അദ്ദേഹം ആശുപത്രിയിലേക്കു് തിരിച്ചു.

പകലവൻ മലഞ്ചെരുവിലേക്കു മറഞ്ഞു. വൈകുന്നേരത്തെ പ്രശാന്തിയിൽ രോഗികളെ മഞ്ചലുകളിലും വണ്ടികളിലും കിടത്തി ശുശ്രൂഷകർ ആശുപത്രിയിലേയ്ക്കു് നീക്കിക്കൊണ്ടിരുന്നു. ഭക്തഗാനങ്ങളും പ്രാർത്ഥനോച്ചാരണങ്ങളും മുഴങ്ങുന്നുണ്ടു്. ആനന്ദംകൊണ്ടു് തുടിക്കുന്ന മുഖഭാവത്തോടെ ചില രോഗികൾ നടക്കുന്നുണ്ടു്. അവക്കു് ചുററുമായി ബന്ധുജനങ്ങളേയും സ്നേഹിതന്മാരേയും കാണാം. അത്ഭുതസംഭവത്തിൻെറ ശക്തിയാൽ ആകൃഷ്ടരായ അപരിചിതരും അവരെ അനുഗമിക്കുന്നുണ്ടു്. ദിവ്യകന്യകയുടെ രോഗവിമോചകമായ കടാക്ഷം സ്വീകരിച്ച അനുഗൃഹീതരും തിരഞ്ഞെടുക്കപ്പെട്ടവരുമായ ചുരുക്കം ചിലരായിരുന്നു അവർ. രോഗസ്ഥിതിയിൽ തുടന്നുപോകുവാനായി ആശുപത്രിയിലേയ്ക്കു മടങ്ങുന്ന ദുർഭഗരായ അർബുദരോഗികളുടെ മുഖത്തും ആനന്ദഭാവം കാണപ്പെട്ടു. തങ്ങളെ സുഖപ്പെടുത്തുവാനായി യേശു സ്വർഗ്ഗത്തിൽനിന്നിറങ്ങി വരുമെന്ന ഉറച്ച വിശ്വാസം അവർക്കിപ്പോഴും നഷ്ടപ്പെട്ടിട്ടില്ല.

ഒരു ചോദ്യംമാത്രം ലെറാക്കിൻെറ മനസ്സിൽ പൊന്തിനിന്നു: രോഗവിമോചനം അസാദ്ധ്യമായിരുന്നിട്ടും മരീഫെറാണ്ട് സുഖം പ്രാപിച്ചുവോ?

'അമലോത്ഭവമാതാ' വാർഡിൻെറ വാതിൽ തുറന്നു് ലെറാക്കു് അവളുടെ കിടക്കയ്ക്കുടുത്തേക്കു് വേഗം നടന്നു. ആശ്ചര്യസ്തബ്ധനായി അവിടെനിന്നു് അദ്ദേഹം തുറിച്ചുനോക്കി. അത്രയ്ക്കു് ആവേശജനകമായിരുന്നു അവളിൽ വന്ന മാററം.

മരീഫെറാണ്ട് വെള്ളവസ്ത്രമണിഞ്ഞു് കട്ടിലിൽ ഇരിക്കുകയായിരുന്നു. അവളുടെ മുഖം അപ്പോഴും വിളറി ശോഷിച്ചിരുന്നു. എങ്കിലും അതു ജീവൻകൊണ്ടു് പ്രകാശിച്ചു. അവളുടെ നയനങ്ങൾ തിളങ്ങി. കവിളുകളിൽ നേരിയ രക്തമയം കലന്നിരുന്നു. നിരവധി വർഷത്തെ യാതനകളുടെ ഫലമായി അവളുടെ വായയുടെ മൂലകളിലുണ്ടായിരുന്ന വരകൾ അപ്പോഴും അവിടെ കാണാൻ

കഴിഞ്ഞു. എന്നാൽ, അനവദ്യമായ ഒരു ശാന്തി അവളിൽനിന്ന് അവിടെ വ്യാപിച്ചു. അതു് വ്യാകുലസങ്കുലമായ ആ വാർഡിനെ ഭാസുരമാക്കുന്നപോലെ തോന്നി.

“ഡോക്ടർ, ഞാൻ പൂർണ്ണമായി സുഖംപ്രാപിച്ചു. വലിയ ക്ഷീണം തോന്നുന്നുണ്ടു്. എങ്കിലും നടക്കാൻ കഴിയുമെന്നാണു് എന്റെ വിചാരം.”

ലെറാക്കു് അവളുടെ കൈ പിടിച്ചുനോക്കി. നാഡിമിടിപ്പു് ശാന്തവും ക്രമികവുമായിരുന്നു—മിനുട്ടിൽ എണ്പതുവീതം. ഏതാനും മണിക്കൂറുകൾമുമ്പു് അദ്ദേഹത്തിനു എണ്ണാൻതന്നെ കഴിയാത്തവിധം അതു അത്ര വേഗത്തിലും ക്രമരഹിതമായുമാണു് അടിച്ചിരുന്നതു്! ശ്വാസോച്ഛ്വാസവും പൂർണ്ണമായും സാധാരണസ്ഥിതിയിൽ എത്തിയിരുന്നു. മാറിടം സാവധാനത്തിലും ക്രമത്തിലും പൊങ്ങുകയും താഴുകയും ചെയ്തുകൊണ്ടിരുന്നു

ലെറാക്കിന്റെ മനസ്സു് സംഭ്രമവിവശമായി. ഇതു വാസ്തവത്തിൽ ബാഹ്യമാത്രമായ ഒരു രോഗശാന്തിയാണോ? ആത്മപ്രത്യയനത്തിന്റെ (Autosuggestion) ഉള്ളടപ്രേരണയാലുണ്ടായ അസാധാരണമായ ഒരു വ്യാപാരികപുരോഗതി (Functional improvement) മാത്രമാണോ ഇതു്? ആ മുറിവുകൾ വാസ്തവത്തിൽ സുഖപ്പെട്ടിട്ടുണ്ടോ? വിരളമെങ്കിലും പൊതുവെ അംഗീകൃതമായ ഒരു സ്വാഭാവികപ്രതിഭാസമാണോ ഇതു്? അതോ ആശ്ചര്യജനകവും അസ്വീകാര്യവുമായ ഒരു നവീനസംഭവം—അത്ഭുതം—തന്നെയോ?

മരീഫെറാണ്ടിന്റെ വയറു പരിശോധിയ്ക്കുക എന്ന അന്തിമപരീക്ഷണം നടത്തുന്നതിനുമുമ്പു് ലെറാക്കു് കുറേ നേരത്തേയ്ക്കു് മടിച്ചുനിന്നു. പിന്നീടു് പ്രത്യാശയുടേയും ഭീതിയുടേയും വിരുദ്ധപ്രേരണകളുടെ മദ്ധ്യത്തിൽപ്പെട്ടവനെപ്പോലെ അദ്ദേഹം അവളുടെ പുതപ്പു് വലിച്ചുനീക്കി.

ചർമ്മം മൃദുലവും തൂവെള്ളയുമായിരുന്നു. ശോഷിച്ച എലിയ്മുകളിലായി ചെറിയതും പരന്നതുമായ അവളുടെ ഉദരം അല്പമൊന്നുയർന്നുനിന്നു. വേണ്ടത്ര ഭക്ഷണം കഴിയ്ക്കാത്ത ഒരു സാധാരണ പെൺകുട്ടിയുടെ വയറുപോലിരുന്നു അത്. വയറിൻെറ ഇരുവശത്തും മെല്ലെ കൈവെച്ച് അദ്ദേഹം അമർത്തിനോക്കി. നല്ല മിനുസവും അനക്കവുമുള്ള ആ ഉദരം അതിലോലമായിരുന്നു. അവൾക്ക് യാതൊരു നൊമ്പരവും ഉണ്ടാക്കാതെ വയറിൻെറ ഇരുവശത്തും കീഴ്ഭാഗത്തും മുട്ടിനോക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ആദ്യം താൻ കണ്ട നീരും കട്ടകെട്ടിയ വസ്തുക്കളും അവിടെയിപ്പോഴും ഉണ്ടോ എന്നു നോക്കുകയായിരുന്നു അദ്ദേഹം. എന്നാൽ ഒരു ചേക്കിനാവുപോലെ അവയെല്ലാം നാമാവശേഷമായിരുന്നു. അവളുടെ ഉദരപ്രദേശം മുഴുവനും പരിപൂർണ്ണാരോഗ്യസ്ഥിതിയിൽ കാണപ്പെട്ടു. കാലുകളിൽമാത്രം അപ്പോഴും നീരുണ്ടായിരുന്നു.

അവൾക്ക് സുഖപ്പെട്ടുകഴിഞ്ഞു. നീലിമപൂണ്ട മുഖവും നീരുവീർത്ത വയറും മാരകവേഗത്തിൽ മിടിച്ചുകൊണ്ടിരുന്ന ഹൃദയവുമായിക്കഴിഞ്ഞുകൂടിയ ഒരു പെൺകുട്ടിയ്ക്ക് ഏതാനും മണിക്കൂറുകൾക്കിടയിൽ ഇതാ ആരോഗ്യം വീണ്ടും കൈവന്നിരിയ്ക്കുന്നു. ബലഹീനതയും മെലിച്ചലുംമാത്രം ഇപ്പോഴും മാറിയിട്ടില്ല

ലെറാക്കിൻെറ നെററിയിൽ വിയർപ്പുകണങ്ങൾ പൊടിച്ചു. ആരോ തൻെറ തലയിൽ ആഞ്ഞടിച്ചപോലെ അദ്ദേഹത്തിനു തോന്നി. അദ്ദേഹത്തിൻെറ ഹൃദയം ഭീകരവേഗത്തിൽ മിടിയ്ക്കാൻ തുടങ്ങി. ഇച്ഛാശക്തിയെ പരമാവധി ഉപയോഗിച്ച് അദ്ദേഹം തന്നെത്തന്നെ പ്രശാന്തനാക്കുവാൻ ശ്രമിച്ചു.

ഡോക്ടർ ജെ. യും എമ്മും വാർഡിൽ പ്രവേശിച്ചത് ലെറാക്ക് അറിഞ്ഞില്ല. പെട്ടെന്ന് അവർ തൻെറ സമീപം നില്ക്കുന്നതായി അദ്ദേഹം കണ്ടു.

ലെറാക്ക് പറഞ്ഞു: "ഇവാംക്ക് സുഖപ്പെട്ടതുപോലെ തോന്നുന്നു. ഒരു തകരാറും ഞാൻ കാണുന്നില്ല. നിങ്ങാംതന്നെ ദയവായി അവളെ ഒന്നു പരിശോധിക്കു"

സഹപ്രവത്തകർ മരീഫെറാണ്ടിന്റെ വയററത്ത് മെല്ലെ മുട്ടിനോക്കി. തിളങ്ങുന്ന കണ്ണുകളോടെ ലെറാക്ക് അവിടെ നിന്ന് അവരെ വീക്ഷിച്ചു. ആ പെൺകുട്ടി സുഖം പ്രാപിച്ചുവെന്നതിൽ യാതൊരു സംശയത്തിനും ഇടമുണ്ടായിരുന്നില്ല തീച്ച്യായും അദ്ദേഹം കണ്ടിട്ടുള്ളതിൽവെച്ച് ഏററവുമധികം മഹത്തരമായ സംഭവമായിരുന്നു അത്. അനേകവഷത്തെ രോഗംമൂലം മിക്കുവാറും പൂണ്ണമായി നശിച്ചുകഴിഞ്ഞ ഒരു ശരീരത്തിലേക്കു് നവജീവൻ കുതിച്ചൊഴുകിവന്ന ആ കാഴ്ച ഒരേസമയം ഭീതിജനകവും ആശ്ചയ്യകരവുമായിരുന്നു.

നിസ്തക്കമായ ഒരു വസ്തുതയായിരുന്നു അത്. എങ്കിലും ആ വസ്തുതയെ ശാസ്ത്രവുമായി രഞ്ജിപ്പിക്കുക അസാദ്ധ്യമായിരുന്നു. മരിച്ചുകൊണ്ടിരുന്ന ഒരു പെൺകുട്ടി സുഖം പ്രാപിച്ച ആ സംഭവം.

താൻ നടത്തിയ രോഗനിണ്ണയത്തെ (Diognosis) പ്പററി ലെറാക്ക് സംശയിക്കുവാനാരംഭിച്ചു. ഒരുപക്ഷേ അത് ഒരു വ്യാജരോഗം (Pseudo Peritonites) മാത്രമായിരുന്നിരിക്കും. എന്നാൽ ക്ഷയസംബന്ധിയായ പെരിറെറാണൈററിസിന്റെ സകല ലക്ഷണങ്ങളും അതിനുണ്ടായിരുന്നു. വേറെ ഏതെങ്കിലും രോഗനിർണ്ണയം സാദ്ധ്യമായിരുന്നുവോ?

ലെറാക്ക് ആ രോഗചരിത്രം ഒരിക്കൽകൂടി പഠിച്ചു. ക്ഷയരോഗം ബാധിച്ച അവളുടെ കുടുംബം, അവളുടെതന്നെ ആരോഗ്യത്തിൽ ക്രമികമായുണ്ടായ അധോഗതി, അവസാനം അവളെ ചികിത്സിച്ചുകൊണ്ടിരുന്ന ഡോക്ടരുടേയും ശസ്ത്രക്രിയാവിദഗ്ദ്ധ

ൻേറയും രോഗനിർണ്ണയം. ഉദരപരിശോധനയുടെ വെളിച്ചത്തിൽ വേറൊരു നിഗമനവും സാദ്ധ്യമായിരുന്നില്ല. എങ്കിലും താൻ കണ്ടതെല്ലാം കുറിച്ചിട്ട രേഖകളില്ലായിരുന്നുവെങ്കിൽ ലെറാക്ക് ഇപ്പോഠം സ്വന്തം ഓമ്മശക്തിയെപ്പററി സംശയിക്കുമായിരുന്നു. അവളുടെ സാമാന്യസ്ഥിതി ഉല്ലൂടാവസ്ഥയിലെത്തിയിരുന്നെന്ന ത് പരിപൂർണ്ണമായി തീച്ച്പ്പെട്ടുകഴിഞ്ഞിരുന്നു. എന്നിട്ടും ഇപ്പോഠം അവാഠം സുഖംപ്രാപിച്ചിരിക്കുകയാണ്.

ഒരത്ഭുതമായിരുന്നു അത്. പൊതുജനങ്ങളെ ആവേശം കൊള്ളിക്കുകയും അവരെ കൂട്ടംകൂട്ടമായി ലൂർദ്ദിഃലയ്ക്കു് നയിക്കുകയുംചെയ്യുന്ന തരം അത്ഭുതം. ജനാവലിയുടെ ഈ ഉത്സാഹത്തിള പ്പ് ന്യായീകരിക്കാവുന്നതത്രേ. ഈ സുഖപ്രാപ്തികളുടെ കാരണം എന്തെങ്കിലുമായിക്കൊള്ളട്ടെ, അവ നമ്മെ അമ്പരപ്പിക്കുന്നവയാണ്. അതിനും പുറമെ സൽഗ്ഗാത്മകവും ഗുണകരവുമാണവ.

ഒരു ചിന്ത ലെറാക്കിൻെറ മനസ്സിനെ വീണ്ടും ഗ്രസിച്ചു. ലൂർദ്ദിലുണ്ടായിരുന്ന എല്ലാ രോഗികളിലുംവെച്ച് അന്ന് സുഖം പ്രാപിക്കുന്നതായി താൻ കണ്ട ഒരാളെ നേരത്തെ അറിയുവാനും സശ്രദ്ധം പഠിക്കുവാനും സാധിച്ച ആ മഹാഭാഗ്യത്തെ ഓത്ത് അദ്ദേഹം ആനന്ദംപൂണ്ടു.

അത്ഭുതങ്ങളെപ്പററിയുള്ള അവസാനമില്ലാത്ത വാദപ്രതിവാ ദത്തിൽ താനുമിപ്പോഠം കുടങ്ങിയിരിക്കുന്നതായി ലെറാക്ക് കണ്ടു. അതേതായാലും നന്നായി—അദ്ദേഹം തീരുമാനിച്ചു. എന്തുവന്നാലും ശരി, ഒരു നായയുടെ മേൽ നടത്തുന്ന പരീക്ഷണം പൂത്തിയാക്കുന്നതുപോലെ വസ്തുനിഷ്ഠമായിത്തന്നെ അന്വേഷണങ്ങഠം അവസാനംവരെ തുടരുമെന്ന് അദ്ദേഹം പ്രതിജ്ഞചെയ്തു. പരിപൂർണ്ണ നിഷ്കഷ്ഃയോടെ കുറിപ്പുകളെടുക്കുന്ന ഒരുപകരണമായി താൻ ജോലി തുടരുകതന്നെ ചെയ്യും.

എന്നാൽ അതു വാസ്തവത്തിൽ 'ഒരത്ഭുത'മാണെങ്കിൽ യുക്ത്യനുസൃതമായുള്ള ഏകനിഗമനം ഒരു പ്രകൃത്യതീതശക്തിയുടെ അസ്തിത്വം സമ്മതിയ്ക്കുകയത്രേ. ലൂർദ്ദ്‌വെള്ളത്തിൽ ഉള്ള ആ നിഗൂഢശക്തി എന്തായിരിയ്ക്കാം? അദ്ദേഹത്തിന്നതു മനസ്സിലായില്ല.

മരീഫെറാണ്ടിൻെറ വയറിന്മേൽ മുട്ടി നോക്കുകയായിരുന്നു എം. രോഗലക്ഷണങ്ങൾ വല്ലതും കാണുന്നുണ്ടോയെന്ന് അദ്ദേഹത്തോടു ലെറാക്ക് ചോദിച്ചു.

"യാതൊന്നുമില്ല പക്ഷേ എനിയ്ക്കവളുടെ ശ്വാസോച്ഛ്വാസം കേൾക്കണം" എം. മറുപടി പറഞ്ഞു.

അദ്ദേഹം മരീഫെറാണ്ടിൻെറ മാറ്റിടത്തോട് അടുത്തു ചെവിവെച്ചു ശ്രദ്ധിച്ചു. അതേ സമയം ഡോക്ടർ ജെ. അവളുടെ നാഡിമിടിപ്പ് എണ്ണുകയായിരുന്നു. ആയിടെ കത്തോലിക്കമതം സ്വീകരിച്ച ഒരിററാലിയൻഡോക്ടറായ സി.യും ഈ പരിശോധനകളെല്ലാം നോക്കിക്കൊണ്ട് അവിടെ നിന്നിരുന്നു. കട്ടിലിൻെറ തലയ്ക്കലായി മിസ്സ് സി. ഒ. നില്ക്കുന്നതു് കാണാൻ കഴിഞ്ഞു. അവളുടെ സുന്ദരവദനത്തിൽ ക്ഷീണഭാവം നിഴലിച്ചിരുന്നു. ആനന്ദവും ഭയവും കലൎന്ന മുഖഭാവത്തോടെയാണ് അവൾ തൻെറ രോഗിണിയുടെ നേരെ നോക്കിയിരുന്നത്. ഇതിനിടക്ക് ഒരു വലിയ ജനക്കൂട്ടം കട്ടിലിന്നു ചുററം തിങ്ങിക്കൂടി. ആരും ഒന്നും മിണ്ടിയില്ല

സകലവിധ പരിശോധനകൾക്കും പാത്രമായ മരീഫെറാണ്ട് ആനന്ദവദനയായി കാണപ്പെട്ടു. അവളുടെ മൂകമായ ആഹ്ലാദം എല്ലാവൎക്കും അനുഭവമായി. ശാന്തിയും സന്തുഷ്ടിയും ആ മുറിയിൽ തിരതല്ലുന്നപോലെ തോന്നി. അസ്തമയാനന്തരപ്രഭ അവിടെയെല്ലാം വ്യാപിച്ചിരുന്നു. മങ്ങിത്തുടങ്ങിയ പ്രകാശം ഉയൎന്ന ജനാലകളിലൂടെ അപ്പോഴും ഉള്ളിലേയ്ക്കു ചോൎന്നിറങ്ങി

ക്കൊണ്ടിരുന്നു. ഇരുളാനാരംഭിച്ച ആകാശത്തട്ടിൽ ഒരു മരതക പ്രഭാബിന്ദുവെന്നോണം സായംകാലനക്ഷത്രം തിളങ്ങി.

ഒടുവിൽ രണ്ടു ഡോക്ടർമാരും അവരുടെ പരിശോധന അവസാനിപ്പിച്ചു.

"അവാംക്ക് സുഖപ്പെട്ടു." ഡോക്ടർ ജെ. വികാരാവേശത്തോടെ പറഞ്ഞു.

"ഞാൻ ഒന്നും കാണുന്നില്ല." ഡോക്ടർ എം. അഭിപ്രായപ്പെട്ടു: 'അവളുടെ ശ്വാസോച്ഛ്വാസം സാധാരണഗതിയിലാണ്. അവാംക്ക് സുഖമുണ്ട്. എഴുന്നേല്ക്കാൻ കഴിയും."

'ഈ രോഗശാന്തിയ്ക്കു് ഒരു വ്യഖ്യാനവുമില്ല.' ഡോക്ടർ ജെ. പറഞ്ഞു.

'ഇതൊരത്ഭുതംതന്നെ.' സി.യാണതു് പറഞ്ഞതത്. 'ഞാൻ താങ്കാംക്കുവേണ്ടി പ്രാത്ഥിക്കുകയുണ്ടായി, ഡോക്ടർ ലെറാക്ക്. ഒരുപക്ഷേ തിരുസഭയിലേയ്ക്കുള്ള താങ്കളുടെ തിരിച്ചുവരവിന് ഇതു കാരണമായേക്കാം.'

'തീച്ച്യയായും ഇതൊരു അത്ഭുതമാണ്." താഴ്ന്ന സ്വരത്തിൽ ലെറാക്ക് പറഞ്ഞു: 'എൻെറ രോഗനിണ്ണയത്തിൽ എന്തെങ്കിലും അബദ്ധം പിണഞ്ഞിട്ടില്ലെങ്കിൽ'

സംഭ്രമവിവശനായി, എന്താണിനി ചിന്തിക്കേണ്ടതെന്ന് അറിയാതെ അദ്ദേഹം നിശ്ശബ്ദതയിലാണ്ടു. ഒരു വ്യാഖ്യാനവും നല്കുവാൻ അദ്ദേഹത്തിന്നു കഴിഞ്ഞില്ല. ഒരുപക്ഷേ അതു യഥാത്ഥത്തിൽ ഒരത്ഭുതമായിരിക്കാം. തൻെറ ഉണ്മയെപ്പററി വെട്ടിത്തിളങ്ങുന്ന ഒരു തെളിവുനല്കുവാൻ ദിവ്യകന്യക ആഗ്രഹിച്ചിരിക്കാം. അങ്ങിനെയാണെങ്കിൽ ഇനി അത്ഭുതങ്ങളിൽ വിശ്വസി

ക്കുകയല്ലാതെ വേറെ വഴിയൊന്നുമില്ല. അതു വാസ്തവത്തിൽ ഒർ ത്ഭുതമായിരുന്നോ? തീർത്തുപറയുവാൻ അപ്പോഴും സമയമായിരു ന്നില്ല.

വിശദീകരണങ്ങൾക്കുവേണ്ടിയുള്ള അന്വേഷണം ആ പെ ൺകുട്ടിയുടെ ആനന്ദവായ്പിൽ അപ്രധാനമായി തോന്നി. തന്റെ ദുരിതങ്ങളിൽനിന്ന് അവൾ മോചനം പ്രാപിച്ചിരിക്കയാണ്. പ്രകാശവും സ്വാതന്ത്ര്യവും സ്നേഹവും ജീവിതംപോലും അവൾക്കു തിരിച്ചുകിട്ടി. അതു വാസ്തവികവും അനുഗ്രഹീതവുമായ ഒരു നേട്ടമായിരുന്നു. അത്ഭുതാത്മകമായ ഒരു വസ്തുതയായിരുന്നു.

"ഇപ്പോൾ സുഖം കിട്ടിയിരിക്കുന്ന നിലയ്ക്കു നീയിനി എന്തു ചെയ്യാനാണുദ്ദേശിക്കുന്നത്?" ലെറാക്ക് അവളോടു ചോദിച്ചു.

"വിൻസൻറ് ഡി പോൾ സഹോദരികളോടു ചേർന്നു ഞാൻ രോഗികളെ ശുശ്രൂഷിക്കും"—അവൾ മറുപടി പറഞ്ഞു.

വികാരത്തള്ളൽ മറയ്ക്കുവാൻവേണ്ടി ലെറാക്ക് അവിടെ നിന്നു പുറത്തുപോയി.

വേറെ ചില രോഗികളെക്കൂടി പരിശോധിച്ചശേഷം അദ്ദേഹം തെരുവിലേയ്ക്കിറങ്ങി. സമയം രാത്രിയായി. അവ സാനത്തെ രോഗികൾക്കൂടി വീടുകളിലേയ്ക്കു മടങ്ങുകയായിരുന്നു. മഞ്ഞക്കോട്ടു ധരിച്ച ഒരു കിഴവി വണ്ടിയുന്തിക്കൊണ്ട് അതി ലെ കടന്നുപോയി. കഴുത്തിൽ വലിയ മുഴയുള്ള വിഡ്ഢിപ്പെണ്ണ് ആ വണ്ടിയിൽ ഇരിപ്പുണ്ട്. മിസ്സവാരം ഗ്രോട്ടോവിൽവെച്ച് എല്ലാവരും അവളെ വിസ്മരിച്ചിരിക്കണം. മോണയിൽ അർബ്ബുദം ബാധിച്ച ബാലൻ ഒരു പുരോഹിതന്റെകൂടെ പോകുന്നതു കണ്ടു. തീർത്ഥാടകരും നടക്കാൻ കഴിവുള്ള രോഗികളും 'ജപമാല പ്ര ദേശ'ത്തെ ലക്ഷ്യമാക്കി നീങ്ങുകയാണ്. അവിടെവെച്ച് ഉടനെ തന്നെ ദിനാന്തപ്രാർത്ഥനകൾ ആരംഭിക്കും. രാജപാതയുടെ

അങ്ങേയററത്ത് നീലയും പച്ചയുമായ ആയിരമായിരം വൈദ്യുതദീപങ്ങാംകൊണ്ടലങ്കരിച്ച ലൂർദ്ദ് ദേവാലയം ആകാശത്തിലെ സ്സൂയൻനിന്നു ദേവാലയത്തിൻെറ വലിയ വാതില്ക്കൽനിന്നു പുറപ്പെട്ടുന്ന രണ്ടു വഴിത്താരകളിലൂടെ ആലക്തികദീപങ്ങളുടെ മുറിയാത്ത ഒരു ചങ്ങല നീണ്ടുനീണ്ടുപോയി. നടുമുററം മുഴുവനും വിളക്കുകാംകൊണ്ടുജ്ജ്വലമായലങ്കരിച്ചിരുന്നു. കൈവിളക്കുകളു മേന്തിയുള്ള തീർത്ഥാടകരുടെ പ്രദക്ഷിണം ദേവാലയാങ്കണത്തിൽ പ്രകാശമാനമായ ഒരു സർപ്പംപോലെ നീങ്ങി. ലൂർദ്ദ്ഗാനം ആലപിയ്ക്കുന്ന വമ്പിച്ച ജനാവലിയുടെ മുക്തകണ്ഠവും എന്നാൽ ഒത്തൊരുമയില്ലാത്തതുമായ സ്വരങ്ങാം വീണ്ടും വീണ്ടും എല്ലായിടത്തുനിന്നും ഉയൻറു "ആവേ, ആവേ, ആവേ, (സ്വസ്തി, സ്വസ്തി, സ്വസ്തി )

വമ്പിച്ച ഒരു ജനകീയമഹോത്സവംപോലെ, ബൃഹത്തായ ഒരു മഹാമേളപോലെ ആയിരുന്നു അത്. സാധാരണ നർത്തക സംഘങ്ങളുടെ സ്ഥാനത്ത് "മേരീ ശിശു"ക്കളുടെ ഗായകവ്യൂഹങ്ങളാണ് അതിൽ പങ്കെടുത്തതെന്നു മാത്രം.

വളരുന്ന ഭക്തിപാരമ്യത്തോടെ വിശ്വാസികാം പാട്ടുപാടി. എല്ലാവരും അതിൽ ചേൻറു. അൻസ്യൂതമായ ഈ ഗാനാലാപങ്ങളിൽനിന്നും കണ്ണഞ്ചിക്കുന്ന വൈദ്യുതപ്രഭാപൂരത്തിൽനിന്നും രക്ഷപ്രാപിയ്ക്കാൻവേണ്ടി ലെറാക്ക് ജനക്കൂട്ടത്തേയും പ്രദക്ഷിണകരേയും കടന്ന് അരുവിവക്കത്തേയ്ക്കു് വേഗം നടന്നു.

ഭക്തിയിലും ആനന്ദത്തിലും ആമഗ്നരായ അനേകായിരം തീർത്ഥാടകരുടെ ഇടയിലൂടെ കടന്നുപോയപ്പോാം ലെറാക്കിൻെറ മനസ്സിൽ ചില നൂതനചിന്തകാം ഉദയംകൊണ്ടു. ജനക്കൂട്ടത്തിൻെറ ശിശുസഹജവും ഭാവനോജ്ജ്വലവുമായ പ്രതീക്ഷകളുടെ നേരെ നോക്കി താനിനി ഒരിക്കലും പുച്ഛഭാവത്തിൽ മന്ദഹസിക്കുകയില്ലെന്ന് അദ്ദേഹത്തിനു തോന്നി. നാളിതുവരെ അദ്ദേഹം

വിശ്വസിച്ചിരുന്ന സിദ്ധാന്തങ്ങളൊക്കെ ഇപ്പോൾ തലകുത്തി നില്ക്കുകയാണ്. തികച്ചും അസംഭാവ്യമായിരുന്നത് ഇപ്പോൾ ഇതാ പച്ചപ്പരമാർത്ഥമായി മാറിയിരിക്കുന്നു.

മരിച്ചുകൊണ്ടിരുന്നവർ എത്രാനും മണിക്കൂറുകൾക്കുള്ളിൽ സുഖം പ്രാപിച്ചു. ഈ തീർത്ഥാടനങ്ങൾക്ക് സ്വകീയമായൊരു ശക്തിയുണ്ട്; അവ ഫലം നല്കിയിട്ടുണ്ട്. എല്ലാററിനുമുപരി യായി അവ മനുഷ്യരെ വിനയം പഠിപ്പിച്ചു.

ആ ദിവസം ഏററവും അത്ഭുതാവഹമായ കണ്ടുപിടുത്ത മാണ് ലെറാക്ക് നടത്തിയത്. ഒരു രോഗിയെ വളരെ ശ്രദ്ധ യോടെ പരിശോധിച്ചശേഷം അവർ മരിക്കുമെന്നു പ്രഖ്യാപി ക്കുക, പിന്നീട് അവർ സുഖപ്പെടുന്നത് കാണുക—അസുഖകര മായ ഒരനുഭവമായിരുന്നു അത്. ലെറാക്ക് ഇതിനുമുമ്പ് ക്ഷയം സംബന്ധിച്ച പെരിറെറാണൈററിസിൻേറയും (Tubercular Peritonites) മനോമാത്രജാതമായ പെരിറെറാണൈററിസി ൻേറയും പല മാതൃകകളും കണ്ടിട്ടുണ്ട്. ആ നിലയ്ക്ക് തൻേറ രോഗനിർണ്ണയത്തിൽ എന്തെങ്കിലും തെററു വന്നിട്ടുണ്ടെന്ന് വിശ്വ സിയ്ക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. മരീഫെറാണ്ട് ലെറാ ക്കിൻേറ കീഴിലായിരുന്നുവെങ്കിൽ അവളെ ലൂർദ്ദിലേയ്ക്കു കൊണ്ടു വരുന്നതിനുപകരം അദ്ദേഹം അവളുടെ ഉദരത്തിൽ ശസ്ത്രക്രിയ നടത്തുമായിരുന്നു. ഉന്നുച്ചകഴിഞ്ഞ് ആശുപത്രിയിൽ വെച്ച് അദ്ദേഹം പറഞ്ഞതാണ്, അവർ മരിയ്ക്കാൻപോവുകയാണെന്ന്. ഈ രാത്രിയിൽ ഇപ്പോഴും അവർ ജീവിച്ചിരിയ്ക്കുന്നു. സുഖം പ്രാ പിച്ചതായിട്ടുപോലും തോന്നുന്നു. ഇതിന് യാതൊരു വിശദീകര ണവും നല്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. കുറിപ്പുകൾ എടു ക്കാനുള്ള ഒരു നല്ല ഉപകരണമായിരിക്കുക മാത്രമാണ് തൻേറ ചുമതല എന്നും കണ്ടതിനൊക്കെ വിശദീകരണം നല്കുക തൻേറ ജോലിയല്ലെന്നും സ്വയം ബോധിപ്പിക്കുവാൻ അദ്ദേഹം കഴിവതു ശ്രമിച്ചു. എങ്കിലും സ്വന്തം ചിന്തകളെ പൂർണ്ണമായി നിയന്ത്രി

ക്കവാൻ അദ്ദേഹത്തിന് സാധിച്ചില്ല. ഇടുങ്ങിയ രണ്ടു ഭിത്തികൾക്കുള്ളിൽ വിചാരങ്ങളെ അടക്കിവെക്കുവാൻ അദ്ദേഹമാഗ്രഹിച്ചു. എന്നാൽ ആ പരിധികൾ കടന്ന് ചിന്ത പലയിടത്തേക്കും പാഞ്ഞു അശ്രാന്തനായി, ഉല്ക്കണ്ഠയോടെ, ആ അസാധാരണ സംഭവത്തെ—വിശ്വാസികൾ 'അത്ഭുത'മെന്നു വിളിക്കുന്ന വിശിഷ്ടാനുഗ്രഹത്തെ—വിശദീകരിക്കുവാൻ അദ്ദേഹം ഉദ്യമിച്ചു

മരീഫെറാണ്ടിനു ലഭിച്ചത് ഒരത്ഭുതരോഗശാന്തിയായിരുന്നു. ഉച്ചക്കു മരിയ്ക്കാൻകിടന്ന ഒരു പെണ്ണ് വൈകുന്നേരം ഏഴുമണിയ്ക്കിതാ സുഖംപ്രാപിച്ചിരിക്കുന്നു. ഇത്തരമൊരു സംഭവം പൊതുജനങ്ങളുടെ ഭക്തിപാരമ്യത്തെ ന്യായീകരിക്കുന്നുണ്ട്.

എന്നാൽ തൻെറ മനസ്സിൻെറ അഗാധതലങ്ങളിൽ അദ്ദേഹം എന്താണ് ഇതിനെപ്പററി വിചാരിയ്ക്കേണ്ടത്? അനിശ്ചിതാവസ്ഥയിൽ ആണ്ടുപോയ ലെറാക്കിന് രണ്ടു സാദ്ധ്യതകളിൽ ഏതു സ്വീകരിയ്ക്കണമെന്നു തീരുമാനിയ്ക്കുക വിഷമമായി: ഒന്നുകിൽ സിരാസംബന്ധമായ തകരാറുകളെ ആവയവികരോഗത്തിൻെറ ലക്ഷണങ്ങളായി തെററിദ്ധരിച്ചു തനിക്കു രോഗനിർണ്ണയത്തിൽ ഗുരുതരമായ അബദ്ധം പററി. അല്ലെങ്കിൽ ക്ഷയസംബന്ധിയായ പെരിറെറാണൈററിസ് വാസ്തവത്തിൽ സുഖമായിരിക്കുകയാണ്. ഒന്നുകിൽ തനിയ്ക്ക് ഒരു പ്രമാദം പിണഞ്ഞു. അല്ലെങ്കിൽ താൻ ഒരു അത്ഭുതരോഗശാന്തിയുടെ ദൃക്സാക്ഷിയാണ്. അപ്പോൾ അത്ഭുതം എന്നു പറയുന്നതു എന്താണ്? അനിവാര്യമായ ആ ചോദ്യത്തിലേയ്ക്ക് അദ്ദേഹത്തിൻെറ ചേതന കുതികൊണ്ടു

ലെറാക്കിപ്പോൾ ഏകനായി അരുവിവക്കത്തു നില്ക്കുകയാണ്. ഗ്രോട്ടോവിൻെറ സമീപത്തുണ്ടായിരുന്ന ഏ ബി.യെ അദ്ദേഹം വിളിച്ചു

അവർ രണ്ടുപേരും അവിടെ ഇരുന്നു. ദീഘനേരം അവർ ഗ്രോട്ടോവിലേക്കുതന്നെ നോക്കി. ഇരുട്ടിലെരിഞ്ഞുകൊണ്ടി

രുന്ന അനേകായിരം മെഴുകുതിരികളുടെ മനോഹരമായ അരുണ പ്രകാശം നാലുപാടം പരന്നു. ആവത്തിച്ചാവത്തിച്ചുള്ള 'ആവേ' ഗാനങ്ങളുടെ മാറെറാലി അപ്പോഴും കേൾക്കാമായിരുന്നു പ്രദക്ഷിണം അവസാനിയ്ക്കാൻപോവുകയാണ്. ആ കാട്ടരുവി മമ്മരശബ്ദം പുറപ്പെടുവിച്ചുകൊണ്ട് പാറത്തട്ടിലൂടെ പാഞ്ഞൊഴുകി. അവിടെയുമിവിടേയും ഇരിക്കുകയോ മുട്ടിന്മേൽ നില്ക്കുകയോ ചെയ്ത സ്ത്രീകൾ ധ്യാനമൂകതയിലാണ്ടു. കമ്പിവേലിയുടെ കൊടിക്കല്ലിന്മേൽ മുട്ടുകുത്തി പ്രാത്ഥനയുടെ വിട്ടരതയിൽ ലയിച്ചു നിന്ന മിസ്സ് ഡി. ഓവിൻെറ രൂപം ലെറാക്ക് തിരിച്ചറിഞ്ഞു. വിശ്വാസികൾ ഓരോരുത്തരായി എഴുന്നേററ സ്ഥലംവിട്ടു വിജനമായ ആ ഗ്രോട്ടോവിൻെറ സമീപം തങ്ങൾ രണ്ടുപേരും മാത്രമേ ഉള്ളു എന്ന് ലെറാക്കും സുഹൃത്തും കണ്ടു. നിശയുടെ ആഴമേറിയ പ്രശാന്തതയിൽ അവർ ഇരുവരും നിശ്ശബ്ദരായി നിന്നു. ആ ദിവസത്തെ ദീർഘമായ അദ്ധ്വാനംകൊണ്ട് ക്ഷീണിച്ച ഏബ്രി. അപ്പോഴും തികച്ചും സ്വാത്ഥരഹിതനായി കാണപ്പെട്ടു തീച്ചയായും അയാൾ തൻെറ ഭാര്യയേയും തനിക്കു പിറക്കാൻപോകുന്ന കുഞ്ഞിനേയും അന്നു ഈശ്വരൻചെയ്ത അത്ഭുതത്തേയുംപററി ചിന്തിക്കുകയായിരിക്കണം. ലെറാക്ക് അവിടെ ഇരുന്നു കന്യകാമേരിയുടെ പ്രതിമ സൂക്ഷിച്ചുനോക്കി. മെഴുകുതിരിവെളിച്ചത്തിൽപ്പൊതിഞ്ഞ താങ്ങുവടികൾ അനേകകൊല്ലത്തെ പുകയേററ കറുത്തിരുണ്ട ഗ്രോട്ടോവിൻെറ പാറച്ചുമരുകൾ, ദൂരെ നിഴലത്ത് അത്ഭുതജലമൊഴുകുന്ന ചെമ്പുകുഴലുകൾ—ഇവയെല്ലാം ലെറാക്കിൻെറ ശ്രദ്ധയിൽപ്പെട്ടു. അവിടുത്തെ ആഹ്ലാദവാദ്യോ ഗാനാലാപങ്ങളോ കുന്തിരിക്കമോ ഭക്തിപരവശരായി തിങ്ങിക്കൂടിയ മനുഷ്യരാശിയുടെ സംയുക്തലക്ഷ്യമോ ഒന്നുമല്ല, പ്രത്യുത, ആ പാറക്കെട്ടിൽനിന്നു പൊട്ടിപ്പുറപ്പെട്ട അരുവിയിലെ വെള്ളമാണ് സുഖലബ്ധികൾക്ക് പ്രത്യക്ഷഹേതു—ലെറാക്കിനു അപ്പോഴും അതു വിശ്വസിക്കാൻ കഴിഞ്ഞില്ല.

''സംശയാലുവായ എൻെറ തത്വജ്ഞാനി, താങ്കൾക്കു ഇപ്പോ

ഴെങ്കിലും ബോദ്ധ്യമായോ?" ഏ ബി പതുക്കെ ഒരു ചോദ്യം തൊടുത്തുവിട്ടു.

"ഞാൻ എങ്ങിനെയാണ് മറുപടി പറയുക?" ലെറാക്ക് പ്രതിവചിച്ചു. "അതുക്ക് റൂലാമാല പിടിച്ച ഒരിടപാടാണ് വിശ്വാസം. നാം കണ്ടതു് എന്താണെന്നു എനിക്ക് ഇപ്പോഴും ഉറപ്പില്ല. ഒരു വിശദീകരണത്തിനു ഉദ്യമിക്കാൻ എനിക്ക് കഴിവില്ല. മരീഫെറാണ്ടിൻെറ അതീതചരിത്രം നമുക്കറിയാം, നമ്മ ന്നതൊക്കെ നമുക്കറിയാം. അവാം മരിക്കുകയായിരുന്നു. അവാം സുഖപ്പെട്ടന്നതു് ഞാൻ കണ്ടതാണ്. അതു തീച്ചയായും ഒരത്ഭുതം തന്നെ."

ഏ. ബി. പറഞ്ഞു: "എന്നാൽ അത്ഭുതം (Miracle) പ്രകൃത്യതീതമായ ഒരു സംഭവമാണ്. പ്രകൃതിനിയമങ്ങളുടെ വ്യാപാരം ഈശ്വരൻതന്നെ നിറുത്തൽചെയ്യുന്നതാണ് 'അത്ഭുതം.' ഇന്നു താങ്കാം ഒരത്ഭുതംകണ്ടു അതു് ഒരു വാണംപോലെ താങ്കളുടെ മുഖത്തു് വന്നടിച്ചു പൊട്ടി."

'താങ്കാം സ്വീകരിക്കുന്ന അഭ്യൂഹ (Hypothesis) മാണതു്.' ലെറാക്ക് പറഞ്ഞു: "വേറൊരു വിശദീകരണം കണ്ടെത്തുന്നതു വരെ എനിയ്ക്കു് ആ അഭ്യൂഹം സ്വീകരിയ്ക്കാൻ നിവൃത്തിയില്ല. തിരസ്കരിയ്ക്കാനും കഴിയുന്നില്ല. ആദ്യകാരണങ്ങളെപ്പററി ശാസ്ത്രജ്ഞന്നു് ഒന്നും അറിഞ്ഞുകൂടാ. പ്രശസ്തമനഃശാസ്ത്രപണ്ഡിതൻ, ക്ലോഡ്ബർണാഡ് പറഞ്ഞതുപോലെ ശാസ്ത്രജ്ഞൻെറ മണ്ഡലത്തിന് വെളിയിലാണവ. എന്നാൽ മരീഫെറാണ്ടിൻെറ കാര്യത്തിൽ നമുക്കു വല്ല തെററും വന്നിട്ടുണ്ടാവാം. നമ്മെ കബളിപ്പിയ്ക്കുകയും സ്വയം പ്രത്യയനത്തിൻെറ ഫലമായി അപ്രത്യക്ഷമാകുകയും ചെയ്ത വെറും കള്ളരോഗമായിരിയ്ക്കാം അതു്.

'പക്ഷേ ഒരു കാര്യം ഓക്കണം,' ഏ. ബി. കയറിപ്പറഞ്ഞു. 'അവളുടെ രോഗം ആവയവികമാണെന്നു താങ്കാക്ക്

പൂർണ്ണബോധ്യം വന്നതാണ്. അവരം സുഖപ്പെടുകയാണെങ്കിൽ താങ്കരം സന്യസിയ്ക്കാൻ പോകുമെന്നുപോലും പറഞ്ഞതല്ലേ?"

"ആ ശപഥം അല്പം കടന്നുപോയി, ഞാൻ സമ്മതിയ്ക്കുന്നു. എൻെറ അപ്രമാദിത്വത്തെയല്ല ആത്മാത്ഥതയെയാണ് അതു കാണിയ്ക്കുന്നത്. എനിയ്ക്കു തെററു പിണഞ്ഞിട്ടുണ്ടാവാം."

"ലസ്സേറിൻേറയും സോളയുടേയും ഗ്രന്ഥങ്ങരം താങ്കരം വായിച്ചിട്ടുണ്ടു"" എ. ബി. പറഞ്ഞു.

'ഉണ്ടു'' ലെറാക്ക് പ്രസ്താവിച്ചു.. 'ഞാൻ സോള വായിച്ചിട്ട് വളരെക്കാലമായി. എല്ലിസ് റക്കെയെപ്പററി അദ്ദേഹം നല്കുന്ന വിവരണം ഞാൻ പ്രത്യേകം ഓക്കുന്നുണ്ട്. അസാധാരണസംഭവങ്ങരം ലൂട്ടിൽ നടന്നിട്ടുണ്ടെന്നും അർബുദങ്ങരംപോലെ തോന്നുന്ന നീരുകരം സുഖമായിട്ടുണ്ടെന്നും എനിയ്ക്കറിയാമായിരുന്നു പക്ഷേ അതിൽനിന്നൊക്കെ വ്യത്യസ്തമാണിത്. ആ പെൺകുട്ടിയ്ക്ക് ഒരു ആവയവികരോഗമുണ്ടെന്നും അവരം മരിയ്ക്കുകയേ ഉള്ളുവെന്നും നാം വിശ്വസിച്ചു. ഇപ്പോരം അവരം സുഖം പ്രാപിച്ചിരിയ്ക്കുന്നു. ഇങ്ങനെയുള്ള കാര്യങ്ങളെപ്പററി വായിയ്ക്കുന്ന ഒരാരം അവയിൽ എന്തൊ വഞ്ചനയുള്ളതായി സംശയിക്കാതിരിയ്ക്കുകയില്ല. പക്ഷേ, എൻെറ സ്വന്തം കണ്ണുകൊണ്ട് ഞാൻ കണ്ട ഒരു രോഗശമനമാണിത്.'

ലെറാക്ക് തുടന്നു: "അസാധാരണങ്ങളായ രോഗശമനങ്ങരം ലൂട്ടിൽ നടക്കുന്നുണ്ടെന്ന് വൈദ്യലോകത്തെ അറിയിയ്ക്കുകയെന്നതു വെറും നീതി മാത്രമാണ്. വാശിപിടിച്ച മൗനവും പരിപൂർണ്ണനിസ്സംഗതയും തുടച്ചയായി പുലത്തുകയാണ് എൻെറ സഹപ്രവത്തകർ ചെയ്യുന്നത്. വൈദ്യശാസ്ത്രവിദഗ്ദ്ധന്മാരുടെ ഒരു കമ്മീഷൻ ലൂട്ടിൽ വന്നു സത്യം കണ്ടറിയേണ്ടത് തികച്ചും അനുപേക്ഷണീയമത്രേ."

"ഈ സ്വഫലബ്ധികൾക്ക് വിശദീകരണം നല്കാൻ എനിയ്ക്കു കഴിയുന്നില്ലെന്ന പരമാൎത്ഥം എന്നെ വല്ലാതെ വിഷമിപ്പിയ്ക്കു ന്നുണ്ട്." അദ്ദേഹം തുടൎന്നു: "ഒന്നുകിൽ നമ്മുടെ നിരീക്ഷണരീതിയുടെ അപ്രമാദിത്വത്തിൽ ഇന്നുമുതൽ ഞാൻ വിശ്വസിയ്ക്കരുത്. എന്നിട്ട് ഒരു രോഗം പരിശോധിച്ചറിയാൻ ഞാൻ അശക്തനാണെന്നു സമ്മതിക്കണം. അല്ലെങ്കിൽ തികച്ചും നൂതനവും ആശ്ച ൎയ്യകരവുമായ ഒരു പ്രതിഭാസമായി—എല്ലാവീക്ഷണകോണിൽ നിന്നും ഗവേഷണം ചെയ്യപ്പെടേണ്ട ഒരു കാൎയ്യമായി—ഈ സംഭവത്തെ ഞാൻ സ്വീകരിക്കണം."

"ഇപ്പോൾ അറിയപ്പെടുന്ന എല്ല ചികിത്സാസമ്പ്രദായങ്ങളേക്കാളും നിസ്തുലമായി ഉയൎന്നതാണ് ലൂൎദ്ദിലെ രോഗശാന്തികൾ" ലെറാക്ക് തുടൎന്നു: "വേദന കുറക്കുകയും രോഗങ്ങൾ ശമിപ്പിക്കുകയും ചെയ്യുന്ന എല്ലാ മാൎഗ്ഗങ്ങളും അവ വിജയിക്കുന്നിടത്തോളം കാലം നല്ലവ തന്നെ. ഫലമാണ് പ്രധാനം. വിലയേറിയ പ്രായോഗികവശങ്ങളുള്ള ഒരു അസാമാന്യസംഭവം എനിക്കു കാണാൻ കഴിഞ്ഞു. ബാഹ്യദൃഷ്ടിയിൽ തീരാവ്യാധി ബാധിച്ചിരുന്ന ഒരു ചിരകാലരോഗിണിക്ക് ആരോഗ്യവും സാധാരണജീവിതവും തിരിയെ കിട്ടിയിരിക്കുന്നു. അതിൻെറ വിശദാംശങ്ങൾ അവധാനപൂൎവ്വം പഠിക്കണം. സൎവ്വോപരി അവയെ അവഗണിക്കുകയോ അപഹസിക്കുകയോ അരുത്. എൻെറ അഭിപ്രായത്തിൽ ഈ അസാധാരണസംഭവത്തിൽനിന്നു നാം സ്വീകരിക്കേണ്ട ഏക നിഗമനം ഇതാണ്."

"താങ്കൾ പറയുന്നതൊക്കെ തീൎച്ചയായും ശരിതന്നെ." എ. ബി പറഞ്ഞു. "പക്ഷെ ഈ 'അത്ഭുത'ത്തിൻെറ ഉല്പാദകഹേതു എന്താണ്?"

'നിശ്ചയമായും സംഭവങ്ങൾ അവയുടെ പൂൎണ്ണമായ ഉത്തരമല്ല" ലെറാക്ക് പറഞ്ഞു: "ഇതുപോലുള്ള രോഗശാന്തികൾ പ്രകൃ

തിൽശക്തികളുടെ പ്രവൃത്തികൊണ്ടു് നടക്കുക സാധ്യമല്ല. മററു സ്ഥലങ്ങളിൽ അവ സംഭവിക്കുന്നില്ല. സ്വയം പ്രത്യായനം (Auto-suggestion) അന്തിമമായ വിശദീകരണവുമല്ല.'

'കുളക്കടവിൽ ഇറങ്ങാതെതന്നെ, ലൂർദ്ദ് വെള്ളം കുടിക്കാതെതന്നെ, രോഗികൾ സുഖപ്പെട്ടിട്ടുണ്ടു്.' ഏ ബി. പറഞ്ഞു: 'പിയേർ ദേ റുബ്ബ്'ന്റെ കാര്യത്തിൽ വെള്ളംകൂടാതെയാണു് രോഗമോചനം ഉണ്ടായതു്. ദിവ്യകന്യകയോടു് വെറുതെ പ്രാർത്ഥിക്കുകയേ അയാൾ ചെയ്തുള്ളു. പരിശുദ്ധ കന്യക തന്നെയാണു് ഈ രോഗശാന്തികൾക്കു് ഹേതുവെന്നു ഞാൻ വിശ്വസിക്കുന്നു. പ്രകൃത്യതീതമാണവ.'

'ഏതെങ്കിലും ഒരഭിപ്രായം ഉന്നയിക്കുന്നതിനുമുമ്പു് എല്ലാ വസ്തുതകളെയുംപററി പഠനം നടത്തണം.' ലെറാക്കു് പറഞ്ഞു. 'അവയുടെ അപ്രാമാണികത്വം തെളിയിക്കണം. ചിത്രങ്ങളും എടുത്തിരിക്കണം. ആരുടെയെങ്കിലും ആത്മാർത്ഥതയെ ചോദ്യം ചെയ്യുകയല്ല ഞാൻ. ഒരുപക്ഷേ ബുവസറിക്കും അയാളുടെ സഹപ്രവർത്തകന്മാർക്കും അബദ്ധം പിണഞ്ഞിട്ടുണ്ടാവാം. ഇവിടെവന്നു സ്ഥിതിഗതികൾ നേരിട്ടു പഠിയ്ക്കുവാൻ ഡോക്ടർമാരുടെ സമിതികൾ നിയമിക്കപ്പെടണം. അങ്ങിനെ ചെയ്താൽ ഒരു നിഗമനത്തിലെത്തിച്ചേരാൻ വഴിയുണ്ടാകും.

ഒരു കാര്യം ഞാൻ സമ്മതിക്കുന്നു. എന്നെ സംബന്ധിച്ചിടത്തോളം സാധാരണവെള്ളമാണു് ഈ രോഗശാന്തികൾക്കു് കാരണം എന്ന ആശയം സ്വീകാര്യമല്ല.

'ഇതൊക്കെയാണെങ്കിലും സന്യാസിയായി തീരുമെന്ന പ്രതിജ്ഞ താങ്കൾ പാലിച്ചേ തീരൂ.' ചിരിച്ചുകൊണ്ടു് ഏ. ബി. പറഞ്ഞു. 'ഞാൻ പോകട്ടെ. വന്ദനം.' പോകാനായി ഏ. ബി. എഴുന്നേററു.

'സന്യാസികളാരും എന്നെ അവരുടെ ആശ്രമത്തിൽവെച്ചിരിക്കുകയില്ല. അവരെന്നെ പുറത്തുതള്ളും. അതുസ്സു് ചീത്തയാണു് എൻെറ മനസ്സ്.' ലെറാക്ക് പറഞ്ഞു.

സമയം അർദ്ധരാത്രിയോടടുത്തിരുന്നു. മലഞ്ചെരുവിന്നപ്പുറത്തുനിന്നു മനോഹരമായ നീലാകാശത്തിലേയ്ക്കുയരുകയായിരുന്നു ചന്ദ്രബിംബം. മരങ്ങൾക്കും അവയുടെ നിഴലുകൾക്കും അസ്വാഭാവികമാംവിധം നീളംകൂടിയതുപോലെ തോന്നി.

ചന്ദ്രികാച്ഛിതമായ ആ രാത്രിയുടെ ഏകാന്തതയിൽ ലെറാക്ക് ഒററയ്ക്കു് നില്ക്കുകയാണു്. ശാസ്ത്രീയസന്ദേഹങ്ങളേയും ചോദ്യങ്ങളേയും അമർത്താൻവേണ്ടി മല്ലടിക്കുന്ന, തരളചിത്തനും ഏകാകിയുമായ ഒരു മനുഷ്യവ്യക്തി മാത്രമായിരുന്നു അദ്ദേഹം. ലൂർദ്ദിലെ രോഗശാന്തികൾക്കു് എന്തു് വിശദീകരണമാണു് നല്കുക? ആ ദിവസത്തെ വിഭ്രമജനകമായ അനുഭവങ്ങളിലേക്ക് അദ്ദേഹത്തിൻെറ മനസ്സ് ഒരിക്കൽക്കൂടി തിരിഞ്ഞുനോക്കി.

അന്നു കണ്ട കാര്യങ്ങളെപ്പററി തന്നിലുണ്ടായ സംശയങ്ങളും അനുസ്യൂതങ്ങളുമായ പ്രതികരണങ്ങളെ എതിരിടുവാൻ അദ്ദേഹം ആരംഭം മുതൽ തയ്യാറെടുത്തിരുന്നു. ഇച്ഛാശക്തികളെ ഉദ്ബുദ്ധമാക്കിക്കൊണ്ടു് നിഗമനങ്ങളെടുക്കാനുള്ള പ്രലോഭനങ്ങളെ പരിത്യജിക്കുവാൻ അദ്ദേഹം തീരുമാനിച്ചിരുന്നു. അതിനും പുറമെ വസ്തുതകളെ നിരീക്ഷിക്കുകയും കാണുന്നതൊക്കെ യാന്ത്രികമായി കുറിച്ചെടുക്കുകയും മാത്രം ചെയ്യണമെന്നുള്ള ആദ്യതീരുമാനത്തിൽനിന്നു തന്നെ വ്യാവർത്തിപ്പിക്കുന്ന ഏററവും ലോലമായ ചിന്തയെപ്പോലും ബഹിഷ്കരിയ്ക്കാൻ അദ്ദേഹം ഉറച്ചിരുന്നു.

'അത്ഭുത'വുമായി വ്യക്തിഗതമായി ബന്ധപ്പെടുകയെന്നതു് അത്യധികം അസുഖകരമായ ഒരവസ്ഥയത്രേ. ഇപ്പരമാർത്ഥം നിഷേധിക്കുക സാദ്ധ്യമല്ല. എന്നാൽ ലെറാക്ക് ലൂർദ്ദിൽ വന്നു;

ചിലതൊക്കെ സംഭവിക്കുന്നതു് കണ്ടു. സ്വഗൃഹത്തിൽവെച്ച് നടത്തിയ ഒരു പരീക്ഷണത്തിലെ സംഭവങ്ങളെപ്പോലെ തന്നെ കണ്ടതെല്ലാം അതേപടി രേഖപ്പെടുത്തുവാൻ അദ്ദേഹം ബാദ്ധ്യസ്ഥനായിരുന്നു. അവയിൽ യാതൊരു മാററവും വരുത്തുവാൻ അദ്ദേഹത്തിന്നു അവകാശമുണ്ടായിരുന്നില്ല. അദ്ദേഹം ദശിച്ച പ്രതിഭാസം ശാസ്ത്രലോകത്തിലെ സ്പർശക്ഷമമായ ഒരു നവീന സംഭവമായിരുന്നോ? അതോ സ്പശനാതീതവും യോഗാത്മവും പ്രകൃത്യതീതവുമായ ഒരു ലോകത്തിൽനിന്നാണോ അതു് രൂപം കൊണ്ടതു്? ഇതായിരുന്നു പ്രശ്നത്തിൻെറ സവ്വപ്രധാനമായ കേന്ദ്രബിന്ദു. ചിന്താമണ്ഡലത്തെ മാത്രം സ്പർശിക്കുന്ന ഏതെങ്കിലുമൊരു രേഖാഗണിതപ്രമേയ (Geometrical Theorem) ത്തെ അംഗീകരിക്കുകയെന്നതായിരുന്നില്ല പ്രശ്നം. പ്രത്യുത ഒരാളുടെ ജീവിതനിരീക്ഷണസമ്പ്രദായത്തിൽതന്നെ വ്യതിയാനങ്ങൾ വരുത്താവുന്ന ചില മൂല്യങ്ങളെ സ്വീകരിക്കുക—ഇതായിരുന്നു ലെറാക്കിനെ അഭിമുഖീകരിച്ച വിഷമസന്ധി.

അത്ഭുതങ്ങളെപ്പററിയുള്ള തെളിവുകൾ സോള സമ്മതിച്ചിട്ടുണ്ടു്. അതുപോലെതന്നെ, ഡോക്ടർമാരിൽ സാധാരണ കണ്ടുവരുന്നമാതിരി സാമാന്യവിദ്യാഭ്യാസത്തിൻെറ കുറവുനിമിത്തമുണ്ടാകുന്ന സങ്കുചിതമനോഭാവമില്ലാത്ത എല്ലാവരും ഇക്കാര്യം അംഗീകരിച്ചിട്ടുള്ളതാണു്. വൈദ്യശാസ്ത്ര പരിശീലനത്തിന്നിടയിൽ പലതരം ശാസ്ത്രീയപ്രശ്നങ്ങളേയും അവർ ഉപരിപ്ലവമായി സ്പർശിച്ചിട്ടുണ്ടു്. വളരെ ചുരുക്കം പേർ മാത്രമേ ശരിയായ ഗവേഷണങ്ങൾ നടത്തിയിട്ടുള്ളു. ശാസ്ത്രീയഗവേഷണത്തിൻെറ തത്വങ്ങൾ മനസ്സിലാക്കിയവർതന്നെ തുലോം വിരളമാണു്. ഇതെല്ലാമായിരുന്നിട്ടും അവർ ശാസ്ത്രജ്ഞന്മാരാണെന്നു സ്വയം അഭിമാനിക്കുന്നു. അവരുടെ ശാസ്ത്രീയോപകരണങ്ങൾ അപര്യാപ്തങ്ങളും അവരിൽ പലരുടേയും ബുദ്ധിശക്തി വെറും സാധാരണവുമത്രേ. തന്നിമിത്തം വിശ്വാസയോഗ്യമായ ഒരു ശാസ്ത്രീയരേഖ തെയ്യാറാക്കുവാൻ അവർ തികച്ചും അപ്രാപ്തരായിരുന്നുവെന്നു കാണാം. ലൂർദ്ദിൽ

വഞ്ചനയല്ലാതെ മറെറാന്നും നടക്കുന്നില്ലെന്നു ഇപ്പോഴും വിശ്വസിക്കുന്നവരാണ് മിക്കവരും. അന്വേഷിക്കുന്നതിനുവേണ്ട ധീരത അവർക്കില്ലായിരുന്നു. സോളയുടെ ഉപദേശം സ്വീകരിച്ച് വൈദ്യശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം അതിപ്രധാനങ്ങളും അദൃഷ്ടപൂർവ്വങ്ങളുമായ സംഭവങ്ങൾ നടക്കുന്ന സ്ഥലത്തേക്ക് കൂട്ടം ചേർന്നുപോകുവാൻ അവർക്ക് കരളുറപ്പുണ്ടായില്ല സിരാരോഗസ്പർശികളായ പ്രശ്നങ്ങളിലേക്കും സിരാഘടനയുടെ നിഗൂഢപ്രവർത്തനങ്ങളിലേക്കും പുതുവെളിച്ചം വീശാൻ കഴിവുള്ള ജ്ഞാനം മേല്പറഞ്ഞ സംഭവങ്ങളുടെ വിശകലനംവഴി ലഭിക്കുമായിരുന്നു.

ഡോക്ടർമാരിൽ അധികം പേരും തങ്ങളുടെ പ്രശസ്തി നഷ്ടപ്പെട്ടെങ്കിലോ എന്നു ഭയപ്പെട്ടിരുന്നവരാണ്. തന്മൂലം ലൂർദ്ദിൽ വന്ന് ഇതെല്ലാം കണ്ടിട്ടുപോലും അക്കാര്യം തുറന്നുപറയുവാൻ അവർക്ക് ധൈര്യമുണ്ടായില്ല. * ലൂർദ്ദിലെത്തിയ സന്ദർശകരുടെ നാമവിവരണപ്പട്ടികയിൽ തൻെറ പല സഹപ്രവർത്തകരുടേയും —അവരിൽ പലരും തൻെറ ആത്മമിത്രങ്ങളായിരുന്നു—പേരുകൾ ലെറാക്ക് കണ്ടു ഇവരോടൊക്കെ അദ്ദേഹം മുമ്പ് ലൂർദ്ദിനെപ്പററി സംസാരിച്ചിട്ടുള്ളതാണ്. അപ്പോഴെല്ലാം തങ്ങൾ അവിടെ ഒരിക്കലും പോയിട്ടില്ലെന്നും ലൂർദ്ദിനെക്കുറിച്ച് തങ്ങൾക്ക് ഒരു വിവരവും അറിഞ്ഞുകൂടാ എന്നും നടിക്കുകയാണ് അവർ ചെയ്തത്. ഈ വിഷയത്തിൽ എന്തെങ്കിലും അഭിനിവേശം കാണിച്ചാൽ തങ്ങൾ മതാന്ധന്മാരും വിഡ്ഢികളുമായി പരിഗണിക്കപ്പെട്ടുമെന്നായിരുന്നു അവരുടെ ഭയം.

ഒരത്ഭുതരോഗശാന്തിയുമായി ഇപ്രകാരം ബന്ധപ്പെട്ടുവാൻ ഇട വന്നത് ലെറാക്കിന്നിഷ്ടമായില്ല എന്നാൽ ആ ബന്ധത്തിൻെറ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ അഹങ്കാരം അദ്ദേഹത്തെ അനുവദിച്ചില്ല. എന്തെല്ലാം നഷ്ടങ്ങൾ സഹി

---

* 1903ലാണ് ഇതെഴുതിയതെന്നോർക്കണം —പ്രസാധകക്കുറിപ്പ്.

യ്യേണ്ടിവന്നാലും അവസാനംവരെ മുന്നോട്ടുപോകുവാൻ അദ്ദേഹം തീരുമാനിച്ചു

ഈ നിശ്ചയം തന്നെ എങ്ങോട്ടെല്ലാം നയിയ്ക്കുമെന്ന് അദ്ദേഹം അറിഞ്ഞില്ല. വിശദീകരണ വിധേയമല്ലാത്ത ഈ വസ്തുതകൾക്ക് ഒരുത്തരം, അഥവാ വ്യാഖ്യാനം കണ്ടുപിടിയ്ക്കേണ്ടതിൻെറ രൂക്ഷമായ ആവശ്യകത അദ്ദേഹത്തിന്ന് അനുഭവപ്പെട്ടു. പ്രകൃതിയുടെ പ്രതിഭാസങ്ങളും ജീവിതനിയമങ്ങളും മിയ്ക്കവാറും അജ്ഞാതങ്ങളായിത്തന്നെ അവശേഷിച്ചിരുന്നു അനന്തവും അന്ധകാരമയവുമായ സമുദ്രാന്തർഭാഗത്തേക്ക് പ്രസരിക്കുന്ന ഏതാനും ചെറുകിരണങ്ങൾപോലെ നിഗൂഢതയിൽ പൊതിഞ്ഞ പ്രകൃതിനിയമങ്ങളിൽ ചിലതു മാത്രമേ അറിയപ്പെട്ടിരുന്നുള്ളു. ഒരു പക്ഷേ പ്രാർത്ഥനയിൽ ലയിച്ചിരിക്കുന്ന വലിയ ജനാവലിക്ക് രോഗവിമോചകവും തല്ക്കാലം അജ്ഞാതവുമായ ഏതോ ഒരു സ്വാഭാവികശക്തി പുറപ്പെടുവിക്കാൻ കഴിവുണ്ടായിരിക്കാം. ദൂരസംവേദനത്തിൻെറ (Telepathy) അസ്തിത്വം അടുത്തകാലം വരെ ഒരത്ഭുതമായി ഗണിക്കപ്പെട്ടിരുന്നു. ഇടിയും മിന്നലും പ്രകൃതിപ്രതിഭാസങ്ങളാണെന്ന് അറിയുന്നതിന്നു മുമ്പ് അവ ഈശ്വരകോപത്തിൻെറ പ്രകടനങ്ങളായി മനുഷ്യർ കരുതിപ്പോന്നു. അതു പോലെ ഇപ്പോൾ നമ്മുടെ അറിവിൽപ്പെടാത്തവയെങ്കിലും ലൂർദ്ദിലെ സുഖപ്രാപ്തികളെ വിശദീകരിക്കാൻ കഴിവുള്ള പ്രകൃതിനിയമങ്ങൾ ഉണ്ടായിരിയ്ക്കാം.

ഇതു സാദ്ധ്യമാണ്. പക്ഷേ അക്കാര്യം തീച്ചയായി അറിയാതിരിക്കുക എന്നത് എത്ര കയ്പേറിയ അവസ്ഥയാണ്! പോരെങ്കിൽ ജനാവലിയുടെ ആഹ്ലാദവായ്പിന്നു രോഗവിമോചകമായ ശക്തിയുല്പാദിപ്പിക്കാൻ കഴിവുണ്ടെന്നു വന്നാൽത്തന്നേയും ആകസ്മികമായുണ്ടായ എല്ലാ രോഗശാന്തികളേയും അതു് വിശദീകരിക്കുന്നില്ല. തനിച്ചിരുന്നപ്പോഴാണ് പലരും സുഖപ്പെട്ടത്. പീയർ ദെ റുഡർ അയാളുടെ മുറിയിൽവെച്ചും ജെ. സി. തനിയെ

തീർത്ഥാടനം നടത്തിയപ്പോഴും മരീഫെറാണ്ട് തിരികൾ കത്തുന്ന ഗ്രോട്ടോവിൻെറ സമീപമുള്ള ഇരുമ്പുവേലിയ്ക്കടുക്കൽ മിക്കവാറും ഏകയായി കിടന്നപ്പോഴുമല്ലേ സുഖംപ്രാപിച്ചത്?

പ്രത്യക്ഷപ്രകടനങ്ങൾ വഴി വിശ്വാസികളുടെ പ്രാർത്ഥനകൾക്കു ഫലം നല്കിയ ഏതോ ഒരു നിഗൂഢസാന്നിദ്ധ്യം തങ്ങിനില്ക്കുന്ന ഈ ലൂർദ്ദിൽ ആളുകൾ തടിച്ചുകൂടുന്നത് എന്തിനെന്നു മനസ്സിലാക്കുവാൻ പ്രയാസമില്ല. അഗാധചിന്തയിൽ മുഴുകി ദേവാലയവാതില്ക്കലുള്ള തട്ടിൻപുറത്തുകൂടി ലെറാക്ക് അങ്ങോട്ടുമിങ്ങോട്ടും നടന്നു. നിലാവെളിച്ചത്തിൽ പുതഞ്ഞുകിടന്ന ആ ഗ്രാമപ്രദേശത്തിനു മീതെ അനന്തശാന്തിയുടെ നിശ്ശബ്ദത ഊറിനിന്നു. വെള്ളനിറമുള്ള നേരിയ മൂടൽമഞ്ഞ് താഴ്‌വരയെ ആവരണംചെയ്തു. വിദൂരതയിലെ നീലമലകളുടെ മനോഹരവളവുകൾ ആകാശസീമയ്ക്കെതിരായി തെളിഞ്ഞുനിന്നു.

ലെറാക്കിൻെറ മനസ്സിലെ സംഘട്ടനം തുടർന്നുകൊണ്ടിരുന്നു. ദൈവമില്ലെന്നോ ദിവ്യകന്യക മാനവഭാവനയുടെ സൃഷ്ടി മാത്രമാണെന്നോ തെളിയിക്കുവാൻ ഒരു മാർഗ്ഗവും അദ്ദേഹം കണ്ടില്ല. ദൈവാസ്തിത്വം തെളിയിക്കുവാനോ നിഷേധിക്കുവാനോ ലെറാക്കിനു കഴിഞ്ഞില്ല. പസ്റ്റേറിനെപ്പോലുള്ള മഹാമതിമാന്മാർക്ക് ശാസ്ത്രത്തിലുള്ള വിശ്വാസവും മതത്തിലുള്ള വിശ്വാസവും തമ്മിലിണക്കിച്ചേർക്കാൻ എങ്ങിനെ സാധിച്ചുവെന്നു അദ്ദേഹം ആശ്ചര്യപ്പെട്ടു. ഒരുപക്ഷേ ശാസ്ത്രത്തിന്നും മതത്തിനും അതാതിൻേറതായ ഓരോ പദ്ധതി (System) യുണ്ടായിരിക്കും.

ബുദ്ധിപരമായ സങ്കേതങ്ങളും ഉറച്ച വിശ്വാസങ്ങളുമായി ആത്മവിദ്യ (Mataphysics) യിലേയ്ക്കു പ്രവേശിക്കുമ്പോൾ ശാസ്ത്രജ്ഞനു മാർഗ്ഗഭ്രംശം വന്നുപോകുന്നു. തൻെറ ബുദ്ധിവ്യാപാരം അവിടെ തുടരാൻ അയാൾക്കു കഴിയുന്നില്ല. എന്തെന്നാൽ വസ്തുതകളേയും അവയുടെ പരസ്പരബന്ധങ്ങളേയും സ്ഥിരീകരിക്കു

വാനല്ലാതെ അവസ്ഥപ്പുറം കടന്നുചെല്ലുവാൻ ബുദ്ധിശക്തിക്ക് പ്രാപ്തിയില്ല. ഹേതുക്കാംക്കവേണ്ടിയുള്ള അന്വേഷണത്തിൽ കേവലമായ (Absolute) ഒന്നുമില്ല, വഴിമദ്ധ്യേ ചൂണ്ടിപ്പലകകാം കാണുകയില്ല, ശരിയോ തെറേറാ എന്നു കാണിക്കുന്ന തെളിവുകളും ലഭിക്കുകയില്ല. നിഗൂഢതാനിർഭരമായ ഈ മണ്ഡലത്തിൽ എന്തും സംഭാവ്യമത്രേ.

ഭക്തനായ ഒരു കത്തോലിക്കനായിരുന്നു ചെറുപ്പത്തിൽ ലെറാക്ക്. പിന്നീട് അദ്ദേഹം ഒരു വൈരാഗ്യവാദി (Stoic) ആയിത്തീന്നു. അതിനുശേഷം കാൻറിൻെറ അനുഗാമിയും അവസാനം സഹിഷ്ണുവായ സന്ദേഹവാദി (Tolerantsceptic) യുമായി മാറി. ലെറാക്കിൻെറ വളച്ച്യയിലെ വിവിധപടികാം അദ്ദേഹത്തെ അസന്തുഷ്ടനാക്കുകമാത്രം ചെയ്തു. അതീതജീവിതത്തിലേക്കു് തിരിഞ്ഞുനോക്കിയപ്പോാം അദ്ദേഹത്തിനു ബോധ്യമായി നിർഭാഗ്യവശാൽ താൻ തെററിദ്ധരിച്ച കത്തോലിക്കമതം കൂടുതൽ മനശ്ശാന്തി തനിയ്ക്കു നല്കിയിട്ടുണ്ടെന്നു്.

ഇപ്പോാം ലെറാക്ക് ഇരുട്ടിൽ തനിച്ചിരിയ്ക്കുകയാണ്. ദൈഷണികസിദ്ധാന്തങ്ങാംക്ക് വലിയ പ്രാധാന്യം ഒന്നും ഉള്ളതായി അദ്ദേഹത്തിനു തോന്നിയില്ല. ജീവിതത്തിൻെറയും മരണത്തിൻെറയും മുമ്പിൽ അത്തരം സിദ്ധാന്തങ്ങാം വെറും പൊള്ളയാണ്. ഒരു കാവൽക്കാരൻ അതിലേക്കൂടി കടന്നുപോയി. അവൻെറ പാദരക്ഷകളിലെ ഇരുമ്പാണികാം തറയിൽ പതിച്ചപ്പോഴെല്ലാം അവിടം മാറെറാലിക്കൊണ്ടു. ദേവാലയത്തിനുള്ളിൽ നിന്നു വരുന്ന ഉച്ചത്തിലുള്ള ഗാനാലാപങ്ങാം നാലുപാടും അലയടിച്ചു; ബാസ്ക്ക്ദേശക്കാരായ ഒരു കൂട്ടം തീർത്ഥാടകർ പള്ളിവാതുക്കൽ തിങ്ങിക്കൂടി.

പള്ളിയുടെ പടിയ്ക്കലെത്തിയപ്പോാം ലെറാക്ക് പെട്ടെന്നു നിന്നു. അദ്ദേഹത്തിന് ഒരു തീരുമാനം എടുക്കാനുണ്ടായിരുന്നു.

താൻ ചെയ്ത രോഗനിർണ്ണയത്തെസംബന്ധിച്ചിടത്തോളം ലെറാക്കിൻെറ മനസ്സ് സ്വച്ഛമാണ്. ഒരു അത്ഭുതം നടന്നുവെന്നതിൽ സംശയത്തിന്ന് ഇടമില്ല. വാസ്തവത്തിൽ അത്ഭുതമായിരുന്നു അത്—വമ്പിച്ച ഒരത്ഭുതം. പക്ഷേ ഈശ്വരകരമാണോ അതു ചെയ്തത്? ഒരു ദിവസം അദ്ദേഹം അക്കാര്യമറിയും. ഏതായാലും ആ സംഭവം ഒരു രോഗശാന്തിയായിരുന്നുവെന്ന് നിസ്സംശയം പറയാം. അത്രയും അദ്ദേഹത്തിന് ഉറപ്പുനല്കാൻ കഴിയും. എങ്കിലും തൻെറ അന്തസ്സത്തയുടെ അഗാധതലങ്ങളിൽ അദ്ദേഹത്തിനു തോന്നി, അത്ര മാത്രമല്ല എന്ന്.

ആലക്തികദീപങ്ങളുടെ പ്രഭാപൂരത്തിലൂടെ, സുവർണ്ണാലങ്കാരങ്ങളുടെ ശബളിമയിലൂടെ അദ്ദേഹം പടികഠ കയറി. ഹാർമ്മോണിയത്തിൽനിന്ന് മധുരസംഗീതം നിർഗ്ഗളിച്ചുകൊണ്ടിരുന്നു. ജനാവലി ആയിരമായിരം കണ്ഠങ്ങളിലൂടെ ഭക്തഗാനങ്ങഠ ആലപിയ്ക്കുന്നുണ്ട്. ദേവാലയത്തിൻെറ പിൻഭാഗത്തുള്ള കസേരയിൽ അദ്ദേഹം പോയി ഇരുന്നു. തൊട്ടടുത്ത് വൃദ്ധനായ ഒരു കർഷകൻ ഉണ്ടായിരുന്നു. കരങ്ങഠകൊണ്ട് മുഖം മറച്ചു ഭക്തഗാനങ്ങഠ കേട്ടുകേട്ട് ലെറാക്ക് അങ്ങനെ നിശ്ചലനായി വളരെനേരം ഇരുന്നു.

അപ്പോഠ താഴെ പറയുംപ്രകാരം താൻ പ്രാർത്ഥിക്കുന്നതായി അദ്ദേഹം കണ്ടു:

"നിന്നോട് വിനയപൂർവ്വം പ്രാർത്ഥിക്കുന്ന നിർഭാഗ്യർക്ക് സഹായമരുളുന്ന ദിവ്യകന്യകേ, നിൻെറ അന്തികത്തിൽ എന്നെ സൂക്ഷിയ്ക്കുക. നിന്നിൽ ഞാൻ വിശ്വസിയ്ക്കുന്നു. ഉജ്ജ്വലമായ ഒരത്ഭുതംവഴി എൻെറ പ്രാർത്ഥന നീ കേട്ടു. ഞാൻ ഇപ്പോഴും അതു കാണുന്നില്ല. ഇപ്പോഴും ഞാൻ സംശയിയ്ക്കുന്നുണ്ട്. എന്നാൽ എൻെറ ജീവിതത്തിലെ ഏററവും വലിയ ആഗ്രഹം, എൻെറ ഏററവും ഉയർന്ന ആകാംക്ഷ (Highest aspiration) വി

ശ്വസിക്കുവാനാണ്. മുഗ്ദ്ധതയോടും വികാരതീവ്രതയോടുംകൂടി വിശ്വസിക്കുവാൻ, ഇനിയൊരിക്കലും അപഗ്രഥിയ്ക്കുകയൊ സംശയിക്കുകയൊ ചെയ്യാതിരിക്കാൻ ഞാൻ ശക്തിയായി ആഗ്രഹിക്കുന്നു.

പ്രഭാതസൂൎയ്യനേക്കാറം കരുണാമയമാണ് നിൻെറ നാമം. കാല്പനികപ്രതിരൂപങ്ങറംക്ക് (Fantasies) വേണ്ടിയുള്ള നിഷ്പ്രയോജനമായ അന്വേഷണംവഴി ക്ഷീണിച്ച് ഉല്ക്കണ്ഠാകുലനും തപ്തഹൃദയനും അസ്വസ്ഥചിത്തനുമായിത്തീൎന്ന ഈ പാപിയെ നിൻെറ പക്കലേക്ക് നയിക്കുക. വൈഷ്ണികമായ എൻെറ അഹന്തയുടെ അഗാധവും പരുഷവുമായ മുന്നറിയിപ്പുകറംക്ക് താഴെ ഒരു മർദ്ദിതസ്വപ്നം നിലനിന്നുപോരുന്നുണ്ട്. ഹാ, അതിപ്പോഴും കേവലം ഒരു സ്വപ്നം മാത്രമാണ്. എങ്കിലും സൎവ്വാധികം ഭാവോദ്ദീപകമാണത്—ദിവ്യചരിതരുടെ ഉജ്ജ്വലചൈതന്യത്തോടുകൂടി നിന്നിൽ വിശ്വസിക്കുവാനും നിന്നെ സ്നേഹിക്കുവാനുള്ള എൻെറ സ്വപ്നം!"

പ്രശാന്തസുന്ദരമായ ആ രാത്രിയിൽ നീണ്ട വഴിത്താരകളിലൂടെ മെല്ലെ മെല്ലെ നടന്ന് തൂവെള്ളിപ്പൂനിലാവിൽ പൊതിഞ്ഞ 'ജപമാലപ്രദേശം' അദ്ദേഹം കടന്നു.

പ്രാൎത്ഥനയിൽ നിമഗ്നനായിരുന്ന ലെറാക്ക് തണുപ്പുററ നിശാമാരുതൻ ഊതിക്കൊണ്ടിരുന്ന കാര്യം അറിഞ്ഞതേയില്ല. ഹോട്ടൽമുറിയിൽ തിരിച്ചെത്തിയപ്പോറം അദ്ദേഹത്തിനു തോന്നി, താൻ അവിടം വിട്ടുപോയിട്ട് പല ആഴ്ചകറംതന്നെ കഴിഞ്ഞുവെന്ന്. സഞ്ചിയിൽനിന്നു വലിയ പച്ചനോട്ടുബുക്കെടുത്ത് അന്നത്തെ അവസാനസംഭവങ്ങറം കുറിച്ചിടുവാനായി അദ്ദേഹം ഇരുന്നു അപ്പോഴേക്ക് മണി മൂന്നടിച്ചു. കിഴക്കുനിന്നുവരുന്ന നേരിയ പ്രകാശക്കതിരുകറം നിശാകാശത്തിൻെറ ആഴങ്ങളിലേയ്ക്ക് തുളഞ്ഞിറങ്ങിക്കൊണ്ടിരുന്നു.

തുറന്ന ജനലിലൂടെ ഒരിളംകുളിർകാററ് മുറിയ്ക്കകത്തേക്ക് കയറിവന്നു. പ്രകൃതിയുടെ സ്വച്ഛത ശാലീനശാന്തിയരുളിക്കൊണ്ട് ആത്മാവിലേക്ക് പ്രവേശിക്കുന്നതായി അദ്ദേഹത്തിന്നു തോന്നി. അനുദിനജീവിതത്തിലെ നൂലാമാലകളെല്ലാം—അഭ്യൂഹങ്ങളും സിദ്ധാന്തങ്ങളും ബുദ്ധിപരമായ സംശയങ്ങളുമൊക്കെ—അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്നു.

ദിവ്യകന്യകയുടെ കരങ്ങാംക്കുതാഴെ സുനിശ്ചിതാവസ്ഥ (Certitude) തനിയ്ക്കു കൈവന്നിരിയ്ക്കുന്നതായി ലെറാക്കിന്നു തോന്നി. അതിൻെറ ആശ്ചര്യ്യജനകമായ മോഹനപ്രശാന്തി തനിയ്ക്കനുഭൂതമാകുന്നതായി അദ്ദേഹം വിചാരിച്ചു ആഴമേറിയ ആ തോന്നൽ അദ്ദേഹത്തിൻെറ ദുഃഖിതഹൃദയത്തെ സാന്ത്വനിപ്പിച്ചു. വരാൻപോകുന്ന സംശയങ്ങളുടെ ഭീഷണികളെയെല്ലാം അദ്ദേഹം മനസ്സിൽനിന്നു ബഹിഷ്ക്കരിച്ചു.

പുലരിയുടെ അനവദ്യമനോഹാരിതയിൽ ലെറാക്ക് ഉറങ്ങി.

★

AVARA CHILDREN'S LIBRARY
237
ST. ANTONY'S MONASTERY
ALWAYE

ACHARYA PALACKAL ... KENDRAM
LIBRARY
237

48·2
9R